# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജനുവരി 6 | ദീപം 54 | നാളം 39 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org


# ആസൂത്രിതമോ ഈ ന്യൂനപക്ഷവേട്ട?




പ്രഫ. റോണി കെ. ബേബി


ക്രിസ്മസ് ദിനത്തിലും അതിനു മുൻദിവസങ്ങളിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്ത്യൻ ദേവാലയങ്ങൾക്കുനേരേ വളരെ ആസൂത്രിതവും സംഘടിതവുമായ ആക്രമങ്ങളാണ് സംഘപരിവാർ സംഘടനകളുടെ ഭാഗത്തുനിന്നുണ്ടായത്. പലയിടത്തും പള്ളികൾ ആക്രമിക്കുകയും ക്രിസ്മസ് ആഘോഷങ്ങൾ തടസ്സപ്പെടുത്തുകയും ചെയ്തു. രാജ്യത്ത് മതന്യൂനപക്ഷങ്ങൾക്കെതിരേ വർദ്ധിച്ചുവരുന്ന അസഹിഷ്ണുതയുടെയും അക്രമങ്ങളുടെയും ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ക്രിസ്മസ് ദിനത്തിൽ ഉണ്ടായത്. ഉത്തർപ്രദേശിലെ ആഗ്ര, വാരണാസി, ഹരിയാനയിലെ അംബാല, കുരുക്ഷേത്ര, ഗുരുഗ്രാം, ആസാമിലെ സിൽച്ചാർ തുടങ്ങിയ സ്ഥലങ്ങളിൽ ക്രിസ്ത്യൻ പള്ളികൾക്കെതിരേയും ക്രിസ്മസ് ആഘോഷങ്ങൾക്കെതിരേയും ആക്രമണങ്ങൾ ഉണ്ടായി. കർണാടകയിൽ പല സ്ഥലങ്ങളിലും ക്രിസ്മസിനു മുമ്പുതന്നെ അക്രമങ്ങൾ ആരംഭിച്ചിരുന്നു. ഈ അക്രമങ്ങളെ കേവലം ഒറ്റപ്പെട്ട സംഭവങ്ങളായും യാദൃച്ഛികമായും കരുതാനാവില്ല. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മാത്രമാണ് ഈ സംഭവങ്ങൾ ഉണ്ടായത് എന്നതും ശ്രദ്ധേയമാണ്. ഹരിയാനയിലെ അംബാലയിൽ സംഘപരിവാറുകാർ പ്രശസ്തമായ ഹോളി റിഡീമർ പള്ളി ആക്രമിച്ച് യേശുക്രിസ്തുവിന്റ പ്രതിമ തകർത്തതുൾപ്പടെയുള്ള സംഭവങ്ങൾ രാജ്യവ്യാപകമായി ഉണ്ടായിട്ടും ഇതുവരെ ഒരു പ്രതികരണംപോലും രാജ്യം ഭരിക്കുന്ന പാർട്ടിയുടെയോ സർക്കാരുകളുടെയോ ഭാഗത്തുനിന്നുണ്ടായിട്ടില്ല എന്നത് അത്യന്തം പ്രതിഷേധാർഹമാണ്.

ഇതിനിടയിലാണ് ബിജെപി ഭരിക്കുന്ന ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ നടന്ന ഹിന്ദുത്വസമ്മേളനത്തിൽ ന്യൂനപക്ഷ വംശഹത്യയ്ക്ക് ആഹ്വാനം നൽകുന്ന വിധത്തിൽ വിദ്വേഷപ്രസംഗം നടന്ന വാർത്തകൾ പുറത്തുവന്നത്. ഹരിദ്വാറിൽ ഡിസംബർ 17 മുതൽ 19 വരെ ധർമ സൻസദ് എന്ന പേരിൽ നടന്ന മതപാർലമെന്റിലാണ് ന്യൂനപക്ഷങ്ങളെ വംശഹത്യ നടത്തണമെന്ന് ആഹ്വാനം ചെയ്യുന്ന പ്രസംഗങ്ങൾ ഉണ്ടായത്. ഹിന്ദു മഹാസഭ ജനറൽ സെക്രട്ടറി സാധ്വി അന്നപൂർണ, ഹിന്ദുരക്ഷാസേന പ്രസിഡന്റ് സ്വാമി പ്രബോധാനന്ദഗിരി, ബിജെപി നേതാവ് അശ്വിനി ഉപാധ്യായ തുടങ്ങിയവരാണ് വംശഹത്യയ്ക്ക് ആഹ്വാനം നൽകുന്ന രീതിയിൽ വിദ്വേഷപ്രസംഗങ്ങൾ നടത്തിയത്. ന്യൂനപക്ഷങ്ങൾക്ക് ദേശീയസമ്പത്തിൽ അവകാശമുണ്ടെന്ന് മുൻപ്രധാനമന്ത്രി മൻമോഹൻ സിങ് അഭിപ്രായപ്പെട്ട വേളയിൽ ഞാൻ പാർലമെന്റിൽ ഉണ്ടായിരുന്നെങ്കിൽ നാഥുറാം ഗോഡ്സയെപ്പോലെ ആറുതവണ അദ്ദേഹത്തിനുനേരേ നിറയൊഴിക്കുമായിരുന്നു എന്നാണ് ബീഹാറിൽ നിന്നുള്ള സന്ന്യാസി ധരം ദാസ് ധർമ സൻസദിൽ പറഞ്ഞത്.



ന്യൂനപക്ഷങ്ങളിൽ 20 ലക്ഷം പേരെ കൊല്ലാൻ നമുക്കു നൂറു പടയാളികൾ വേണമെന്ന് സാധ്വി അന്നപൂർണ സമ്മേളനത്തിൽ പറഞ്ഞതായി മാധ്യമവാർത്തകൾ പുറത്തുവന്നിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്കെതിരേ ഹിന്ദുക്കൾ ആയുധമെടുക്കണമെന്ന് പ്രബോധാനന്ദ ഗിരിയുടെ പുറത്തുവന്ന ഒരു വീഡിയോയിൽ പറയുന്നു. പറഞ്ഞതിൽ തെറ്റില്ല, പോലീസിനെ ഭയമില്ല, പറഞ്ഞതിൽ ഉറച്ചു നിൽക്കുന്നുവെന്നാണ് പ്രതികരണം ആരാഞ്ഞപ്പോൾ എൻഡിടിവിയോട് പ്രബോധാനന്ദഗിരി പ്രതികരിച്ചത്. വിദ്വേഷ പ്രസംഗം നടത്തിയവരെല്ലാം രാജ്യം ഭരിക്കുന്ന ബിജെപിയോടു ചേർന്നുനിൽക്കുന്നവരാണ്. ഇവർക്കെതിരേ കേസ് എടുക്കാൻപോലും ഇതുവരെ പോലീസ് തയ്യാറായിട്ടില്ല എന്നതാണ് ഏറെ ഭയപ്പെടുത്തുന്നത്. ഇതുവരെ പരാതിയൊന്നും ലഭിക്കാത്തതിനാലാണ് കേസ് ഫയൽ ചെയ്യാത്തതെന്നും പോലീസ് സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്നുമുള്ള ഒഴുക്കൻമട്ടിലുള്ള പ്രതികരണമാണ് ഹരിദ്വാർ എസ് പിയുടെ ഭാഗത്തുനിന്ന് ഉണ്ടായത്.

ഇതിനോടൊപ്പംതന്നെ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ കേന്ദ്ര സർക്കാർ മരവിപ്പിച്ചെന്ന വാർത്തകളും പുറത്തുവരികയുണ്ടായി. മദർ തെരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ച നടപടി പാവപ്പെട്ടവർക്കുള്ള ക്രൂരമായ ക്രിസ്മസ് സമ്മാനമെന്നാണ് കൊൽക്കത്ത അതിരൂപത സംഭവത്തോടു പ്രതികരിച്ചത്. കഴിഞ്ഞ കുറെ വർഷങ്ങളായി മിഷനറീസ് ഓഫ് ചാരിറ്റിക്കെതിരായി പ്രതികാരമനോഭാവത്തോടെ നിരവധി നടപടികളാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളുടെ സുരക്ഷയ്ക്കു നേരേ വലിയ വെല്ലുവിളികൾ ഉയരുന്നു എന്നാണ് ഈ സംഭവങ്ങളെല്ലാം സൂചിപ്പിക്കുന്നത്. ■

# പരിമിതവിഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ




അഡ്വ. എ.റ്റി. തോമസ് വാളനാട്ട്


ദൈനംദിനജീവിതത്തിൽ ഓരോ മനുഷ്യനും എണ്ണമറ്റ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തേണ്ടതുണ്ട്. എന്നാൽ, ലഭ്യമായിട്ടുള്ള വിഭവശേഷി പരിമിതമാണ്. പരിമിതമായ വിഭവശേഷിയെ വിവേകപൂർവം പങ്കുവച്ച് ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിലാണ് ജീവിതവിജയം. ബി.സി. എട്ടാം നൂറ്റാണ്ടിൽ ഹോമറുടെ സമകാലീനനായിരുന്ന ഹെസിയോഡ് എന്ന കവി ഇപ്രകാരമെഴുതി: ''അപര്യാപ്തതകളെ അതിജീവിക്കണമെങ്കിൽ മനുഷ്യപ്രയത്നവും പ്രകൃതിവിഭവങ്ങളും സമയവും ഉത്തമമായി വിനിയോഗിക്കപ്പെടണം.'' ഹെസിയോഡിന്റെ മരണത്തിനും നൂറ്റാണ്ടുകൾക്കുശേഷം പ്രസിദ്ധ ധനതത്ത്വശാസ്ത്രജ്ഞൻ ലയണൽ റോബിൻസ് പറഞ്ഞതും ഇതേ ആശയം തന്നെയാണ്: ''പരിമിതവിഭവങ്ങളെ ഉപയോഗപ്പെടുത്തി പരമാവധി സംതൃപ്തി ലഭ്യമാക്കുന്നതിനെക്കുറിച്ചുള്ള പഠനമാണ് ധനതത്ത്വശാസ്ത്രം.'' പ്രായോഗികജീവിതത്തിൽ മേൽപ്പറഞ്ഞ ആശയത്തിന്റെ സാരാംശം വിലയിരുത്തിയാൽ ഒരു കാര്യം വ്യക്തമാകും: പരിമിതങ്ങളായ വിഭവങ്ങളെയും മനുഷ്യപ്രയത്നത്തെയും സമയത്തെയും വിവേകപൂർവം പങ്കുവച്ചാൽ ജീവിതത്തിൽ പുരോഗതിയും ക്ഷേമവും കൈവരിക്കാനാകും. അനന്തമായ കാലപ്രവാഹവുമായി താരതമ്യം ചെയ്താൽ മനുഷ്യജീവിതം ക്ഷണികമാണ്. ക്ഷണികജീവിതത്തിൽ നിന്നുകൊണ്ടുവേണം അവന്റെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും നിറവേറ്റുവാൻ.

എന്തെങ്കിലും പ്രവർത്തിക്കുന്നതിനാവശ്യമായ ബുദ്ധിയും മനസ്സും മസിലും ഉറയ്ക്കുമ്പോഴേക്കും ആയുസ്സിന്റെ നാലിലൊന്നു പിന്നിട്ടിരിക്കും. യൗവനത്തിൽനിന്നു വാർദ്ധകൃത്തിലേക്കുള്ള ദൂരം എത്രയോ ഹ്രസ്വമാണ്! ഭാരതീയതത്ത്വശാസ്ത്രം പുരുഷായുസ്സിനെ നാലാശ്രമങ്ങളായി വിഭജിച്ചിട്ടുണ്ട്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം. ഈ ആശ്രമധർമങ്ങൾ കൃത്യമായി പാലിക്കുക എന്നതു ദുഷ്കരമായിത്തോന്നിയേക്കാമെങ്കിലും സമയത്തെ വിവേകപൂർവം വിഭജിച്ചുജീവിച്ചാൽ ജീവിതത്തിൽ നിരാശപ്പെടേണ്ടിവരില്ല. ബ്രഹ്മചര്യകാലഘട്ടത്തിൽ വിദ്യ അഭ്യസിക്കാത്തവനും ഗാർഹസ്ഥ്യത്തിൽ ധനസമ്പാദനം നടത്തി കുടുംബജീവിതം നയിക്കാത്തവനും വാർദ്ധകൃത്തിൽ നഷ്ടബോധത്താൽ ദുഃഖിക്കുന്നതു കാണാം.


▶16

# അടിച്ചമർത്തപ്പെട്ടവർക്കായി ഉയർന്ന പുരോഹിതശബ്ദം



ഡോ. സെമിച്ചൻ ജോസഫ്




**ദൈവത്തിന്റെ നിലവാരം തീരെ താഴ്ന്നതാണെന്നും അതിനാൽ സ്വർഗത്തിൽ ചെല്ലുമ്പോൾ നിങ്ങൾ ഞെട്ടിയേക്കുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതായത്, നിങ്ങൾ തീരെ പ്രതീക്ഷിക്കാത്ത ചില പാവങ്ങളെയും പാപികളെയുമൊക്കെ അവിടെ കണ്ടേക്കുമെന്നു സാരം. കൊള്ളയടിക്കപ്പെട്ട, അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ ശബ്ദമായിരുന്നു അദ്ദേഹം.**

"പ്രിയരേ,

അദ്ഭുതകരമായ പ്രകൃതിവിഭവങ്ങൾ, വിശാലവും വിസ്തൃതവുമായ പർവതങ്ങൾ, പാടുന്ന പക്ഷികൾ, നീലാകാശത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങൾ, ഉജ്ജ്വലമായ സൂര്യപ്രകാശം എന്നിവ ദൈവം സമൃദ്ധമായി നൽകിയ മനോഹരമായ ഒരു ഭൂമിയിൽനിന്നാണ് ഞാൻ വരുന്നത്. ദൈവത്തിന്റെ ഔദാര്യത്തിൽനിന്നു ലഭിക്കുന്ന ഈ മനോഹാരിത സർവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ മതിയാകും. എന്നാൽ, വർണവിവേചനത്തിന്റെ സ്വാർത്ഥകരങ്ങൾ വിഭവങ്ങളുടെ സിംഹഭാഗവും കൈയടക്കിയിരിക്കുന്നു."

1984 ഡിസംബർ 11 ന് ഓസ്ലോയിലെ നോബൽസമ്മാനവേദിയിൽ മുഴങ്ങിക്കേട്ട ഈ ശബ്ദം ആർച്ചുബിഷപ് ഡെസ്മണ്ട് ടുട്ടു എന്ന ആംഗ്ളിക്കൻ പുരോഹിതശ്രേഷ്ഠന്റേതാണ്. സത്യത്തിൽ ആരായിരുന്നു ഈ കറുത്ത കുറിയ മനുഷ്യൻ....?

ദക്ഷിണാഫ്രിക്കയിലെ വർണവിവേചനത്തിനെതിരേയുള്ള പോരാട്ടത്തിന്റെ മുന്നണിപ്പോരാളി... മതത്തെ മനുഷ്യവിമോചനത്തിനുള്ള പ്രത്യയശാസ്ത്രമായി അവതരിപ്പിച്ച ധിഷണാശാലി....

പുരോഗമനശബ്ദങ്ങൾക്ക് ആവേശവും കരുത്തും പകർന്ന നേതാവ്.... വിശേഷണങ്ങളുടെ നിര അങ്ങനെ നീണ്ടുപോകുന്നു.

ദൈവത്തിന്റെ നിലവാരം തീരെ താഴ്ന്നതാണെന്നും അതിനാൽ സ്വർഗത്തിൽ ചെല്ലുമ്പോൾ നിങ്ങൾ ഞെട്ടിയേക്കുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതായത്, നിങ്ങൾ തീരെ പ്രതീക്ഷിക്കാത്ത ചില പാവങ്ങളെയും പാപികളെയുമൊക്കെ അവിടെ കണ്ടേക്കുമെന്നു സാരം. കൊള്ളയടിക്കപ്പെട്ട, അടിച്ചമർത്തപ്പെട്ട ഒരു ജനതയുടെ ശബ്ദമായിരുന്നു അദ്ദേഹം.

**ജീവിതരേഖ**

1931 ഒക്ടോബർ 7 ന് ട്രാൻസ്വാളിനു സമീപം ക്ലെർക്ക്സ്ദോർപ് എന്ന ചെറുപട്ടണത്തിൽ സഖറിയ സിലിലോ ടുട്ടുവിന്റെയും അലെറ്റോയുടെയും മകനായി ഡെസ്മണ്ട് എംപിലോ ടുട്ടു ജനിച്ചു.

അധ്യാപകനായിരുന്ന പിതാവും ഒരു അന്ധവിദ്യാലയത്തിലെ പാചകക്കാരിയായിരുന്ന മാതാവും രണ്ടു സഹോദരങ്ങളുമടങ്ങുന്ന കുടുംബം ടുട്ടുവിന്റെ പന്ത്രണ്ടാം വയസ്സിൽ ജോഹനാസ്ബർഗിലേക്കു താമസം മാറി. ഒരു ഡോക്ടറാകണമെന്ന് അതിയായ ആഗ്രഹിച്ചിരുന്നുവെങ്കിലും പിതാവിനെപ്പോലെ അധ്യാപനത്തിന്റെ വഴി തിരഞ്ഞെടുക്കാനായിരുന്നു നിയോഗം. വർണവിവേചനത്തിന്റെ എല്ലാ ദോഷവശങ്ങളുടെയും നടുവിലായിരുന്നു ഡെസ്മണ്ടിന്റെയും ജീവിതം. എന്നാൽ, വെള്ളക്കാരനായ ഒരു പുരോഹിതൻ കറുത്തവർഗക്കാരായ ഡെസ്മണ്ടിനും മാതാവിനും ആശംസകൾ അർപ്പിച്ചത് അദ്ദേഹത്തിന് വല്ലാത്ത സന്തോഷം ഉളവാക്കി. ഡെസ്മണ്ടിന്റെ ആദ്യത്തെ മാതൃകാപുരുഷനായിരുന്നു ഈ പാതിരി. അധ്യാപകനായി ജോലി നോക്കുമ്പോഴും അതിന്റെ സാമ്പ്രദായികരീതികളോടു പൊരുത്തപ്പെടാൻ അദ്ദേഹത്തിനാകുമായിരുന്നില്ല. 1960 ൽ ജോഹനാസ്ബർഗിലെ സെന്റ് പീറ്റേഴ്സ് കോളജിൽനിന്നു ദൈവശാസ്ത്രത്തിൽ ബിരുദം പൂർത്തിയാക്കിയ ശേഷം, ആംഗ്ലിക്കൻസഭയിൽ പുരോഹിതനായി ഔദ്യോഗികജീവിതം ആരംഭിച്ചു.

1962 ൽ ഡെസ്മണ്ട് കിങ്സ് കോളജ് ലണ്ടനിൽനിന്ന് ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തബിരുദവും കരസ്ഥമാക്കി. ഇക്കാലയളവിൽ ലണ്ടനിൽത്തന്നെയുള്ള വിവിധ പള്ളികളിൽ ഡെസ്മണ്ട് പകുതിസമയ പുരോഹിതനായി സേവനമനുഷ്ഠിച്ചിരുന്നു. വിദ്യാഭ്യാസം പൂർത്തീകരിച്ചശേഷം ഡെസ്മണ്ട് ദക്ഷിണാഫ്രിക്കയിലേക്കു തന്നെ തിരിച്ചുവന്നു.

1955 ൽ നൊമാലിയോ ലിയയെ തന്റെ ജീവിതപങ്കാളിയായി തിരഞ്ഞെടുത്തു. സുന്ദരമായ ആ ദാമ്പത്യത്തിൽ പിതാവിന്റെ വഴികളെ പിഞ്ചെല്ലുന്ന എംഫോ ആൻഡ്രിയ ടുട്ടു ഉൾപ്പെടെ നാലു മക്കളാണുള്ളത്.

**ഔദ്യോഗികജീവിതം**

കറുത്തവർഗക്കാരനായ ആദ്യത്തെ ആഫ്രിക്കൻ ആംഗ്ലിക്കൻ ആർച്ചുബിഷപ്പാണ് ടുട്ടു. മനുഷ്യാവകാശത്തിനായി പോരാടിയ അദ്ദേഹം അടിച്ചമർത്തപ്പെട്ടവർക്കായി ശബ്ദമുയർത്താൻ തന്റെ പൗരോഹിത്യംവഴി കരഗതമായ ഉന്നതപദവിയെ സമൃദ്ധമായി ഉപയോഗപ്പെടുത്തി. 1976 ൽ ലെസോത്തോയിലെ ബിഷപ്പായി നിയമിതനായ അദ്ദേഹം ജോഹനാസ്ബർഗിലെ ബിഷപ്പായും കേപ്ടൗൺ ആർച്ചുബിഷപ്പായും തുടർന്നു സേവനമനുഷ്ഠിച്ചു.

**വർണവിവേചനത്തിനെതിരേ**

1976 ൽ ദക്ഷിണാഫ്രിക്കയിൽ നടന്ന സൊവേറ്റോകലാപത്തോടെയാണ് വർണവിവേചനത്തിനെതിരേയുള്ള സമരത്തിൽ പങ്കാളിയാവാൻ ഡെസ്മണ്ട് തീരുമാനിച്ചത്. 1976 മുതൽ 1978 വരെ സൗത്ത് ആഫ്രിക്കൻ കൗൺസിൽ ഓഫ് ചർച്ചസിന്റെ സെക്രട്ടറി ജനറലായി ബിഷപ് ഡെസ്മണ്ട് തിരഞ്ഞെടുക്കപ്പെട്ടിരുന്നു. കൗൺസിലിന്റെ സെക്രട്ടറി ജനറൽ എന്ന സ്ഥാനം ഉപയോഗിച്ച് അദ്ദേഹം വർണവിവേചനത്തിനെതിരേ നിരന്തരം പോരാടി. തന്റെ പ്രസംഗങ്ങളിലൂടെയും രചനകളിലൂടെയും ഡെസ്മണ്ട് ഈ ദേശീയ വിപത്തിനെതിരേ ശക്തമായ പ്രക്ഷോഭം നയിച്ചു.

വർണവിവേചനത്തിനെതിരായുള്ള പോരാട്ടത്തിൽ പങ്കാളികളാകാൻ ദക്ഷിണാഫ്രിക്കയിലെ എല്ലാ രാഷ്ട്രീയ പ്പാർട്ടികളോടും ഡെസ്മണ്ട് ആഹ്വാനം ചെയ്തു. നെൽസൺ മണ്ടേലയും മഹാത്മാഗാന്ധിയും പിന്തുടരുന്ന ആശയധാരയെ സർവാത്മനാ ഏറ്റുവാങ്ങിയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്.

തന്റെ ചിരകാലസുഹൃത്തിന്റെ വിയോഗത്തിൽ ടിബറ്റൻ ആത്മീയ നേതാവായ ദലൈലാമ ഇപ്രകാരം കുറിക്കുന്നു: അർത്ഥപൂർണ്ണമായ ജീവിതം നയിച്ച ഒരു മഹാനെയാണ് നമുക്ക് നഷ്ടമായത്. മറ്റുള്ളവരുടെ, പ്രത്യേകിച്ച്, ഭാഗ്യം കുറഞ്ഞവരുടെ സേവനത്തിൽ അദ്ദേഹം അർപ്പിതനായിരുന്നു. അദ്ദേഹത്തെപ്പോലെ പാർശവത്കരിക്കപ്പെട്ടവരെ ചേർത്തുനിർത്തിക്കൊണ്ടും മറ്റുള്ളവരെ എങ്ങനെ സഹായിക്കാനാകുമെന്ന് നിരന്തരം ചിന്തിച്ചുകൊണ്ടും നമുക്ക് അദ്ദേഹത്തിന് സ്മരണാഞ്ജലി അർപ്പിക്കാം.

■

# ഈശോ
FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## 2 നാമകരണം

നിദ്രയിൽനിന്നുണർന്ന ജോസഫ് മറിയത്തെ ഭാര്യയായി സ്വീകരിക്കുകയും, കുഞ്ഞിന് 'യേശു' എന്നു പേരിടുകയും ചെയ്തു. അങ്ങനെ, ദൈവപുത്രനും പാരിൽ ഒരു വിളിപ്പേരു സ്വന്തമായി. പഴമക്കാർ പേരു ചൊല്ലി വിളിക്കാൻ ഭയന്ന ദൈവം പുതുമക്കാർക്ക് ഒന്നടങ്കം വിശ്വാസപൂർവ്വം വിളിക്കാൻ തന്റെ ഏകജാതന് ഒരു പേരു കൊടുത്തു. 'എമ്മാനുവേൽ' ആയി മർത്ത്യരോടൊത്തു വസിക്കാൻ അവൻ തിരുവുള്ളമായി. ദൈവപൈതലിനു വളർത്തു പിതാവ് പതിവുപ്രകാരം പേരിട്ടെങ്കിലും അതിൽ ചില പതിവുകേടുകളുണ്ടായിരുന്നു. ഒന്നാമതായി, നാകമാണ് അവന്റെ നാമം തിരഞ്ഞെടുത്തത്. മനുഷ്യരായ ആ മാതാപിതാക്കളോട് ആരും അക്കാര്യത്തിൽ അഭിപ്രായം ആരാഞ്ഞില്ല. രണ്ടാമതായി, പിറവിക്കു മുമ്പുതന്നെ അവന്റെ പേരു നിശ്ചയിക്കപ്പെട്ടു. മണ്ണിലെ തന്റെ വാസകാലം മുഴുവൻ 'രക്ഷകൻ' എന്ന തന്റെ പേരിലെ നിയോഗത്തോട് അവൻ പൂർണമായും നീതി പുലർത്തി. ഒരു പേരിലെന്തിരിക്കുന്നു എന്നു ചോദിച്ച് അതിനെ നിസ്സാരമാക്കരുത്. പേരിലൊരു വേരും നേരും നിയോഗവുമുണ്ട്. അതു വെറുമൊരു വാക്കല്ല, ഒരു വ്യക്തിയുടെ അസ്തിത്വത്തിന്റെ ആകത്തുകയുടെ ഒരു ഭാഗമാണ്.

നമുക്കുമില്ലേ ആരോ ഇട്ട ഒരു പേര്? പേരിനാലല്ലേ നാം വിളിക്കപ്പെടുന്നതും അറിയപ്പെടുന്നതും? 'ക്രിസ്ത്യാനി' എന്ന അടിസ്ഥാനപേരിൽ നമുക്കുള്ള ജീവിതദൗത്യങ്ങളും വ്യക്തിത്വവുമൊക്കെ ഒളിഞ്ഞും തെളിഞ്ഞുമുണ്ട്. നമ്മുടെ വിശ്വാസജീവിതത്തിലെ വ്യക്തിത്വത്തിന്റെ ആധാർകാർഡാണത്. അതിൽ വിശുദ്ധനായവന്റെ വിരലടയാളമാണുള്ളത്. നമ്മുടെ ആയുസ്സിന്റെമേലുള്ള ദൈവത്തിന്റെ മുദ്രണം. ആകയാൽ ദൈവഹിതമനുസരിച്ച് നമ്മുടെ ദിനങ്ങളെയും ദിനചര്യകളെയും ക്രമപ്പെടുത്താനുള്ള കടമ നമുക്കുണ്ട്. നമ്മുടെ നാമത്തെ ഒരുനിമിഷം മനനം ചെയ്യാം. അതു നമ്മോട് പലതും മന്ത്രിക്കുന്നതായി കേൾക്കാം. നാമായിട്ട് വാരിക്കൂട്ടിയതൊക്കെ ഒരു നാളിൽ നമുക്കു നഷ്ടമാകും. എന്നാൽ, ആരോ തന്ന പേര് മരണശേഷവും അവശേഷിക്കും. ഇഷ്ടമാണെങ്കിലും അല്ലെങ്കിലും നമ്മുടെ പേര് നാം നമ്മുടേതാക്കുന്നതുപോലെ, പ്രതിദിനജീവിതത്തിൽ ദൈവം തരുന്നതെല്ലാം സ്വന്തമാക്കാൻ നമുക്കു സാധിക്കണം. നമ്മുടെ തീരുമാനങ്ങളിലും തിരഞ്ഞെടുപ്പുകളിലും ദൈവികപദ്ധതികൾക്കും ഇച്ഛകൾക്കും പ്രാധാന്യം കൊടുക്കണം. കാരണം, സ്വർഗ്ഗീയമായവ സദാ മഹനീയമാണ്, നമ്മുടെ മേന്മയ്ക്കുവേണ്ടിയുള്ളവയാണ്. പേരിന്റെ പാതിയായി യേശു ഉണ്ടായാൽ മാത്രം പോരാ, ജീവിതത്തിന്റെ ഭാഗമായി അവനുണ്ടോ എന്നതാണു ചോദ്യം. പ്രശസ്തിക്കും, പാരിതോഷികങ്ങൾക്കും, അവസരങ്ങൾക്കും, ആനുകൂല്യങ്ങൾക്കുംവേണ്ടി അവനെ തഴഞ്ഞുകളയാതിരിക്കാം. കുടുംബങ്ങളിൽ കുഞ്ഞുങ്ങൾക്ക് ക്രൈസ്തവവും അർത്ഥവത്തുമായ പേരുകൾ നല്കാം. പേരിടൽ കേവലമൊരു ചടങ്ങല്ല, കടമയേല്പിക്കലാണ്. ഒപ്പം, മറ്റുള്ളവരുടെ പേരിനെ ഒരിക്കലും കരിവാരിത്തേക്കാതിരിക്കാം.

> **ദൈവഹിതമനുസരിച്ച് നമ്മുടെ ദിനങ്ങളെയും ദിനചര്യകളെയും ക്രമപ്പെടുത്താനുള്ള കടമ നമുക്കുണ്ട്. നമ്മുടെ നാമത്തെ ഒരുനിമിഷം മനനം ചെയ്യാം. അതു നമ്മോട് പലതും മന്ത്രിക്കുന്നതായി കേൾക്കാം. നാമായിട്ട് വാരിക്കൂട്ടിയതൊക്കെ ഒരു നാളിൽ നമുക്കു നഷ്ടമാകും. എന്നാൽ, ആരോ തന്ന പേര് മരണശേഷവും അവശേഷിക്കും. ഇഷ്ടമാണെങ്കിലും അല്ലെങ്കിലും നമ്മുടെ പേര് നാം നമ്മുടേതാക്കുന്നതുപോലെ, പ്രതിദിനജീവിതത്തിൽ ദൈവം തരുന്നതെല്ലാം സ്വന്തമാക്കാൻ നമുക്കു സാധിക്കണം. നമ്മുടെ തീരുമാനങ്ങളിലും തിരഞ്ഞെടുപ്പുകളിലും ദൈവികപദ്ധതികൾക്കും ഇച്ഛകൾക്കും പ്രാധാന്യം കൊടുക്കണം.**



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ



# അടഞ്ഞ വഴികൾ അവസാനത്തേതല്ല

പിറവിത്തിരുനാളിന്റെ ആഘോഷങ്ങളിൽ വ്യാപൃതരായ നമ്മൾ പുതിയ വർഷത്തിലേക്കു പ്രവേശിച്ചു. ഉണ്ണിയേശുവിനെ കണ്ടു വണങ്ങിയ ജ്ഞാനികൾ മറ്റൊരു വഴിയേ തിരികെപ്പോയി. നാം ഓരോരുത്തരും ഒരു പുതിയ വഴി തിരഞ്ഞെടുക്കേണ്ടവരാണ്. "ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് യേശുക്രിസ്തുവിൽ പുതിയ മനുഷ്യരാകണം" (എഫേ. 4:22–24). ചില കാര്യങ്ങളിൽ മാത്രം മാറ്റം വരുത്താതെ എല്ലാക്കാര്യങ്ങളിലും നവീകരിക്കപ്പെട്ടവരാകണം. നമ്മുടെ എല്ലാ ഭാരങ്ങളും കർത്താവിനെ ഏല്പിക്കാം. എല്ലാ ജീവിതവ്യാപാരങ്ങളും നമ്മുടെ ആത്മീയജീവിതത്തിന്റെ തുടർച്ചയാക്കി മാറ്റാം. പുതിയ തുടക്കം എല്ലാവർക്കും ആവേശം പകരുന്നതാണ്. പുതിയ വസ്ത്രം ധരിക്കുന്നതും പുത്തൻ ചെരുപ്പ് ഇടുന്നതും പുതിയ വീട്ടിൽ താമസിക്കുന്നതുമെല്ലാം ആനന്ദകരമായ അനുഭവമാണ്. പാമ്പ് അതിന്റെ പടം പൊഴിച്ചുകളഞ്ഞ് പുതിയതു ധരിക്കുന്നു. സമ്പൂർണമായ ജീവിതനവീകരണത്തിന് ആഗ്രഹിക്കുന്നവർ ശ്രദ്ധിക്കേണ്ട നാലു കാര്യങ്ങൾ ഇനി പറയുന്നു:

ഒന്നാമതായി, ഒരുവൻ അവനവനെപ്പറ്റിയുള്ള ചിത്രത്തിലേക്കു നോക്കണം. അപകർഷതാബോധം, അപര്യാപ്തതാബോധം, ആത്മവിശ്വാസക്കുറവ് എന്നിവ ഒരു വ്യക്തിയെ അസ്വസ്ഥനാക്കും. ആയിത്തീരേണ്ടതുപോലെയാകാതെ മൂകനായി കഴിഞ്ഞെന്നുവരാം. ഞാൻ എന്നെത്തന്നെ നോക്കി വിലയിടരുത്. ദൈവം എന്നെ കാണുന്നതുപോലെ കാണാൻ ഞാൻ ശ്രദ്ധിക്കണം. ഒരു കമ്പനി പുതിയ വാഹനം വിപണിയിലെത്തിക്കുമ്പോൾ അതിനൊരു വിലയുണ്ട്. നാട്ടിലെ തൊഴിലാളികളോ സാധാരണക്കാരോ ഇടുന്ന വിലയല്ലത്. വാഹനത്തിന്റെ വില നിശ്ചയിക്കുന്നത് അതു പുറത്തിറക്കുന്ന കമ്പനിയാണ്. എന്റെ വില നിശ്ചയിക്കുന്നത് എന്നെ സൃഷ്ടിച്ച ദൈവമാണ്. "നീ എനിക്കു വിലപ്പെട്ടവനും അമൂല്യനും പ്രിയങ്കരനുമാണ്" (ഏശയ്യാ. 43:1–5).

രണ്ടാമതായി, ദൈവത്തെപ്പറ്റി ഒരു ചിത്രം എന്റെയുള്ളിലുണ്ട്. ലോകത്തിലെ ദുരിതങ്ങളും തകർച്ചകളും കാണുമ്പോൾ ദൈവത്തെ ഒരു ഭീകരനായി ഞാൻ കണ്ടേക്കാം. മനുഷ്യസമൂഹം ഞെരുക്കങ്ങളിലൂടെ കടന്നുപോകുമ്പോൾ ദൈവമെവിടെ എന്നു ചോദിക്കാൻ തോന്നും. മുറിപ്പെടുത്തുന്ന അനുഭവങ്ങൾ എനിക്കുണ്ട്. മുറിവേല്പിക്കുന്ന വ്യക്തികൾ ചുറ്റുമുണ്ട്. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ഉയർന്നുവരും. എത്തുംപിടിയുമില്ലാത്ത പ്രശ്നങ്ങൾ എന്റെ ജീവിതത്തെ ഉലയ്ക്കുമ്പോൾ എന്റെ വിശ്വാസം നഷ്ടപ്പെടുന്നു. ഈ തകർച്ചകൾക്കിടയിൽ മറ്റൊരുവിധത്തിൽ നോക്കിക്കാണുന്നതായിത്തീരട്ടെ ഈ പുതിയ വർഷം. "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്" (ജറെമിയ. 29:11). അനുദിന പ്രാർത്ഥനയിൽ നാം വളരണം. ദൈവം കാണുന്നതുപോലെ എന്നെക്കണ്ടു വിലയിരുത്താൻ അതെന്നെ സഹായിക്കും. നിരന്തരമായ ദൈവസാന്നിധ്യബോധത്തിൽ വളരുമ്പോൾ ദൈവത്തിന് എന്നെക്കുറിച്ചുള്ള പദ്ധതി വ്യക്തമാകും. ദൈവമക്കളുടെ സ്നേഹത്തോടെ പിതാവായ ദൈവത്തെ ഞാൻ നോക്കിക്കാണും.

മൂന്നാമതായി, ജീവിതത്തിൽ നമുക്കൊരു ലക്ഷ്യമുണ്ടാകണം. മുമ്പിലുള്ള ലക്ഷ്യത്തിലേക്കു നോക്കി നാം പ്രയാണം ചെയ്യണം. ലക്ഷ്യമില്ലാതെ പറക്കുന്ന പട്ടംപോലെ ജീവിതത്തെ മാറ്ററുത്. ഓരോ ദിവസവും ചെയ്തുതീർക്കേണ്ട കാര്യങ്ങൾ ഹൃദയത്തിൽ കുറിച്ചുവയ്ക്കണം. അന്നന്നത്തെ കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കാതെ ഉറങ്ങാൻ പോകരുത്. ചെറിയ കാര്യങ്ങളിൽ വിശ്വസ്തത തെളിയിക്കുന്നവനെ വലിയ കാര്യങ്ങൾ ദൈവം ഏല്പിക്കും. വലിയ ലക്ഷ്യങ്ങൾ ഉള്ളവന് ജീവിതം ഉണർവ്വു നല്കും. ജീവിതത്തിൽ നേടാനായി എന്തെങ്കിലുമുണ്ടെന്നു വിശ്വസിക്കുന്നവന്റെ പാദങ്ങൾ നിരന്തരം ചലിച്ചുകൊണ്ടിരിക്കും.

അവസാനമായി, ജീവിതാനുഭവങ്ങൾക്കു വില നല്കുന്നവരായി നാം വളരണം. കഴിഞ്ഞകാലങ്ങളിലെ പല അനുഭവങ്ങൾ നമ്മുടെ ഓർമയിലുണ്ട്. അനുഭവത്തിൽനിന്നു പാഠം പഠിക്കുന്നവരാണ് ജീവിതവിജയം നേടുന്നവർ. ദൈവം ഒരിക്കലും 'ഫുൾസ്റ്റോപ്പ്' ഇടുന്നവനല്ല, 'കോമാ' ഇട്ട് മുന്നോട്ടുപോകാൻ അവസരം തരുന്നവനാണ്. അടഞ്ഞ വഴികൾ അവസാനത്തെ വഴികളല്ല. പുതിയ വഴികൾ തിരഞ്ഞെടുക്കാനുള്ള ദൈവത്തിന്റെ വിളിയാണത്. ഇന്നലെ വന്നുപോയ തെറ്റുകളെ തിരുത്തി ഇന്നിൽ പ്രശോഭിക്കുവാൻ ദൈവം നമുക്കും ശക്തി നൽകട്ടെ.



ടി.പി. ശാസ്തമംഗലം

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# ഈന്തപ്പഴവും പ്രാപ്രീപ്രൂ ഇടിയും

മലയാള ചലച്ചിത്രങ്ങളുടെ പേരുകൾ ചുരുക്കെഴുത്തിൽ ഒതുങ്ങുന്ന കാലമാണിത്. എന്താണ് അതുകൊണ്ടു മെച്ചമെന്നോ അതിന്റെ യുക്തിയെന്തെന്നോ മാത്രം ആരും ചോദിക്കരുത്. അങ്ങനെയെങ്കിലും ചിത്രനാമം ആളുകൾ ശ്രദ്ധിക്കട്ടെ എന്ന ദുഷ്ടലാക്കായിരിക്കാം അതിനു പിന്നിൽ. അക്കൂട്ടത്തിൽ ആദ്യമിറങ്ങിയത് 'നി.കൊ.ഞാ. ചാ' എന്ന ചിത്രമാണെന്നു തോന്നുന്നു. 'നിന്നേം കൊല്ലും ഞാനും ചാവും' എന്നാണത്രേ അതിന്റെ പൂർണരൂപം. പിന്നീടുവന്ന ഇത്തരം ചിത്രങ്ങൾ ഇവയാണ്. (ബ്രാക്കറ്റിൽ പേരിന്റെ മുഴുവൻ രൂപം) 'പാ. വ' (പാപ്പനെക്കുറിച്ചും വർക്കിയെക്കുറിച്ചും) 'മ.ചു.ക.' (മഞ്ഞ, ചുവപ്പ്, കറുപ്പ്) 'കെ. പി.എ.സി.' (കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ് ലോ) 'ഇ.മ.യൗ.' (ഈശോ മറിയം യൗസേപ്പേ) 'പ്ര.ബ്രാ.ഭ്രാ' (പ്രണയം ബ്രാണ്ടി കുറച്ചു ഭ്രാന്ത്), 'സി.ഐ.എ.' (കോമ്രേഡ് ഇൻ അമേരിക്ക). ഇക്കൂട്ടത്തിൽ പറയാവുന്ന മറ്റൊരു പടമാണ് 'ഇടി' (ഇൻസ്പെക്ടർ ദാവൂദ് ഇബ്രാഹിം). അതിൽ ഇങ്ങനെയൊരു ഗാനം.

"ആരെടാ ഞാനെടാ വാടാ കൂമ്പിനിടി

പോരെടാ കാണെടാ കൂടാം മുട്ടനിടി

അമ്പിളി ഇമ്പിളി ഈന്തപ്പഴം കഴിച്ചപ്പോ

പ്രാ പ്രീ പ്രൂ ഇടി" (രചന-ജോസഫ് വിജീഷ്; സംഗീതം - രാഹുൽ രാജ്; ആലാപനം - സാജിദ് യഹിയ, രാഹുൽ രാജ്).

പുട്ടിന് തേങ്ങാപ്പീരയിടുമ്പോലെ ഈ പാട്ടിൽ ഇടയ്ക്കിടയ്ക്ക് (ആവശ്യമുള്ളിടത്തും അല്ലാത്തിടത്തും) 'ജഗഡ ജഗഡ ജഗഡ' എന്നു പാടുന്നതും കേൾക്കാം. ഈ 'ജഗഡ ജഗഡ ജഗഡ' 1989 ൽ ഇറങ്ങിയ തെലുങ്കുചിത്രമായ 'ഗീതാഞ്ജലി'യിൽ നിന്ന് ഒപ്പിച്ചെടുത്തതാവാം. മണിരത്നം സംവിധാനം ചെയ്ത, നാഗാർജ്ജുനയും ഗിരിജഷെട്ടാറും അഭിനയിച്ച പടത്തിനുവേണ്ടി വെട്ടൂരി സുന്ദരമൂർത്തി രചനയും ഇളയരാജ സംഗീതവും നിർവഹിച്ച, എസ്.പി. ബാലസുബ്രഹ്മണ്യം പാടിയ ഇതേ വാക്കുകളോടെ തുടങ്ങുന്ന ഗാനമോർക്കുക (ഈ ചിത്രം മൊഴിമാറ്റം നടത്തി മലയാളത്തിലും എത്തുകയുണ്ടായി).

കൂമ്പിനിടി കൊടുക്കുന്നതു കാണാൻ ക്ഷണിക്കുന്നതും അതു മുട്ടനിടിയിൽ കലാശിക്കുന്നതും മനസ്സിലായി. അതിനു പാവം അമ്പിളി (ചന്ദ്രൻ അഥവാ ഇതേ പേരുള്ള ഏതെങ്കിലും പെൺകുട്ടി) എന്തു പിഴച്ചു?

ഒന്നിനും കൊള്ളാത്തവൻ, വിഡ്ഢി, വകതിരിവില്ലാത്തവൻ എന്നൊക്കെയുള്ള അർത്ഥത്തിൽ മലബാറിലും മറ്റും 'ഇമ്പിളിയാണ്ടൻ' എന്നു പ്രയോഗിക്കാറുണ്ട്. പക്ഷേ, അപ്പോഴും ഇമ്പിളി എന്ന വാക്ക് നമ്മുടെ ഭാഷയിൽ കടന്നുവന്നിട്ടില്ല. അതുകൊണ്ട്, ആരും അതിനെക്കുറിച്ച് ഗവേഷണപഠനമൊന്നും ചെയ്തിട്ടു കാര്യമില്ല.

മരുഭൂമിയിൽ സാധാരണ കണ്ടുവരുന്ന ഈന്തപ്പനയുടെ ഫലമാണ് ഈന്തപ്പഴം അഥവാ ഈത്തപ്പഴം. ഇപ്പോൾ ഗൾഫ് രാജ്യങ്ങളിൽനിന്നു ധാരാളമായി ഇറക്കുമതി ചെയ്യുന്നതിനാൽ നമ്മുടെ നാട്ടിലും ആ ഫലം സുലഭമാണ്. എന്നുകരുതി ഈന്തപ്പഴം കഴിച്ചാലുടൻ 'പ്രാ പ്രീ പ്രൂ' (ഇത് എന്തുതരം കോപ്രായമാണെന്നു രചയിതാവുതന്നെ പറഞ്ഞുതരട്ടെ) എന്ന് ഇടിക്കാൻ തോന്നുമോ? കഷ്ടം എന്നല്ലാതെ എന്തു പറയാൻ!

"വീരപാണ്ഡ്യ കട്ടബൊമ്മൻ സായിപ്പിനെ നോട്ടമിട്ടു

കേട്ടറിഞ്ഞ ആടുതോമ മുട്ടനാടിനെ പിടിച്ചുകെട്ടി

പറന്നുവന്ന സ്റ്റണ്ടുമാനെ തൂത്തുവാരി നിലത്തടിച്ചു"

1995 ൽ വന്ന 'സ്ഫടികം' എന്ന ചിത്രത്തിൽ മോഹൻലാൽ അവതരിപ്പിച്ച നായകകഥാപാത്രമാണ് ആടുതോമ. ഒരു കാര്യവുമില്ലാതെ ആ കഥാപാത്രം ഇതാ ഈ പാട്ടിൽ കടന്നുവന്നിരിക്കുന്നു. പരസ്പരബന്ധമില്ലാത്ത മൂന്നു വരികൾ. ഇവ ഗാനത്തിനു പ്രയോജനം ചെയ്യണമെന്നു കരുതി എഴുതിയതാണെന്ന് എനിക്കു വിശ്വാസം പോരാ. ഈ ഗാനം അവസാനിപ്പിക്കുന്നതിനുമുമ്പ് എഴുതിയ വ്യക്തി പലതരം അടികളുടെ (ഇടികളുടെയും) പട്ടിക നിരത്തുന്നുണ്ട്. ഇതാ ഇങ്ങനെ:

"മറിച്ചടി തിരിച്ചടി പറന്നിടി കെടന്നിടി വരുന്നിടി

നല്ല കിണ്ണൻ കാച്ചിയിടിയാ... ഒന്നു പോടാപ്പാ"

ഈ അടിയും ഇടിയും സത്യത്തിൽ വന്നുകൊള്ളുന്നത് ആസ്വാദകരുടെ നെഞ്ചത്താണ്. അത് ഇത്തരം ഗാനങ്ങളുടെ സ്രഷ്ടാക്കൾ മനസ്സിലാക്കാത്തതെന്ത്?

■






ജോയിഷ് ജോസ്

# ആളിപ്പടരുന്ന അഗ്നിനാളം

"നഗരത്തിൽനിന്നകന്ന് ഒരു വെളിസ്ഥലത്ത് ഒരു വലിയ കൂന കാണാം. അതു പ്രതിദിനം താണമർന്നുകൊണ്ടിരുന്നു. മണ്ണൊലിച്ചു പോയപ്പോൾ, ചില അസ്ഥികൂടങ്ങൾ ആ കൂനയിൽ തെളിഞ്ഞുകാണായി. ഒരസ്ഥികൂടത്തിന്റെ കഴുത്തിൽ ചില ചുവന്ന നൂലിഴകൾ കാണുവാനുണ്ട്.

ആ വെളിസ്ഥലത്ത് ഇന്നും അസ്ഥികൂടങ്ങൾ നൃത്തം ചെയ്യാറുണ്ടത്രേ!"

തോട്ടിയുടെ മകൻ - തകഴി

നിന്ദിതരും പീഡിതരുമായ ആലപ്പുഴയിലെ തോട്ടികളുടെ ഉയിർത്തെഴുന്നേല്പ് ആവിഷ്കരിച്ച പുസ്തകമാണ് തകഴിയുടെ 'തോട്ടിയുടെ മകൻ.' അഭിജാതവർഗം കഥാരചനയ്ക്കു നിഷിദ്ധമെന്നു കരുതിയ വിഷയം സാമൂഹികരാഷ്ട്രീയ രംഗങ്ങളിലും സാഹിത്യസാംസ്കാരിക രംഗങ്ങളിലും പുത്തനുണർവുണ്ടായ നാല്പതുകളുടെ ചരിത്രപശ്ചാത്തലത്തിലാണ് തകഴി 'തോട്ടിയുടെ മകനി'ലൂടെ അവതരിപ്പിച്ചത്.

നഗരത്തിലെ സമ്പന്നവർഗവും ജന്മിമാരും മനുഷ്യരായിപ്പോലും പരിഗണിക്കാതെ ചൂഷണം ചെയ്ത തോട്ടികൾ അടിമനുകം വലിച്ചെറിഞ്ഞ് അവകാശബോധത്തിലേക്കുയരുന്ന കഥ പറയുന്ന നോവലാണിത്. അന്ധവിശ്വാസവും അനാചാരങ്ങളും നിലനിന്ന കാലഘട്ടത്തിൽ തോട്ടിയുടെ മകൻ തോട്ടിയായിത്തുടരണമെന്ന ധാരണ നാട്ടുനടപ്പായിരുന്നു. ഇശുക്കുമുത്തു, ചുടലമുത്തു, മോഹനൻ എന്നീ മൂന്നു തലമുറകളിലൂടെ തോട്ടികളുടെ പരിണാമം തകഴി ഈ നോവലിൽ വിവരിക്കുന്നു.


തോട്ടികളുടെ ജീവിതത്തിലെ ദാരിദ്ര്യത്തെയും അടിമത്തത്തെയും നിസ്സഹായതയെയും പച്ചയായി അവതരിപ്പിക്കുന്ന ഈ കൃതിയിൽ ഒരു കാലഘട്ടത്തിന്റെ സാമൂഹികരാഷ്ട്രീയചിത്രം സുവ്യക്തമാണ്. നരകതുല്യമായ ജീവിതം നയിച്ചുകൊണ്ട്, മറ്റുള്ളവരുടെ കക്കൂസുകൾ വൃത്തിയാക്കുന്ന തോട്ടിയെ സമൂഹം മനുഷ്യനായി അംഗീകരിക്കുന്നില്ല. അഴുക്കുമാറ്റുന്ന തോട്ടി, അഴുക്കു തിന്നണമെന്ന് സമൂഹം അനുശാസിക്കുന്നു. വൃത്തിയുള്ള വസ്ത്രം ധരിക്കുന്നതും നല്ല ഭക്ഷണം കഴിക്കുന്നതും തോട്ടിക്കു നിഷിദ്ധമാണ്. ദിവസവും മുഖം ക്ഷൗരം ചെയ്യുന്ന, അടിച്ചുനനച്ച നിക്കറോ, മുണ്ടോ ധരിക്കുന്ന തോട്ടിയെ ശങ്കയോടുകൂടി മാത്രമേ സമൂഹം വീക്ഷിക്കുകയുള്ളൂ. ജീവിതത്തിൽ അടുക്കും ചിട്ടയും ഇല്ലാത്ത വൃത്തികെട്ട ശരീരമുള്ള കുടിയനായ തോട്ടിയെ ആണ് സമൂഹത്തിനാവശ്യം.

"കോളറാ!"

ആലപ്പുഴ നഗരത്തിലെ ആയിടയ്ക്കുള്ള മരണത്തിന്റെ സംഖ്യ കണക്കാക്കാൻ ഒക്കുകയില്ല. എന്തുകൊണ്ടെന്നാൽ, മരിക്കുന്ന ആളുകൾ മനുഷ്യസമുദായത്തിന്റെ ജനസംഖ്യയിൽപെട്ടതല്ല, പിച്ചക്കാരനും അഗതിയുമൊക്കെയാണ്. റോഡരികിൽ നിന്നും മുടുക്കുകളിൽനിന്നുമെല്ലാം പെറുക്കിയെടുത്തു കൊണ്ടുപോകുന്നതു കാണാം! എങ്ങനെ കണക്കാക്കാനാണ്? സാധ്യമല്ല. തന്നെയുമല്ല, ഈ മരിക്കുന്നതിനു വല്ലതിനും പേരോ മറ്റോ ഉണ്ടോ?ഇനി ഭേദപ്പെട്ട ആളുകളുടെയിടയ്ക്കു ചിലരെല്ലാം മരിച്ചു എന്നു കേൾക്കാം. അതിൽ ചിലരുടെയെല്ലാം മരണം മുനിസിപ്പാലിറ്റിയിൽ അറിവു കൊടുത്തു എന്നും വരാം. അങ്ങനെ മരണത്തിന്റെ കരിനിഴലിൽ അപ്രസന്നമായി ഭയചകിതരായി ആലപ്പുഴ നഗരം ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടിരുന്നു.

എവിടെയാണു രക്ഷ! എന്താണു രക്ഷ? ആരാണ് സംരക്ഷിതർ? എപ്പോൾ അടിപെടുമെന്ന് ആർക്കുമറിഞ്ഞുകൂടാ, ഞൊടിയിടയ്ക്കുള്ളിൽ ജീവൻ അനിശ്ചിതമാണ്. ഭാവി അങ്ങനെ ഇരുണ്ടു ഭീകരമായിരുന്നു...

ഇശുക്കുമുത്തു, മകൻ ചുടലമുത്തു, ചുടലമുത്തുവിന്റെ മകൻ മോഹനൻ. സ്വന്തം പാട്ടയും മമ്മട്ടിയും ചുടലമുത്തുവിനു കൊടുത്ത്, ഒരു നല്ല തോട്ടിയായിത്തീരാൻ ആശീർവദിച്ചശേഷം ഇശുക്കുമുത്തു മരിക്കുന്നു. സദാ നീറിപ്പുകയുന്ന അഗ്നിപർവ്വതമായിരുന്നു ചുടലമുത്തുവിന്റെ ഹൃദയം. മോഹനൻ ഒരിക്കലും തോട്ടിയായിത്തീരരുതെന്ന ആഗ്രഹം എല്ലായ്പ്പോഴും അയാളിൽ കുടികൊണ്ടു. ശ്മശാനപാലകനായി മാറുമ്പോൾ അയാൾ അതിരറ്റ് ആഹ്ലാദിക്കുന്നു. നഗരത്തിലാകെ പടർന്നുപിടിച്ച കോളറ പക്ഷേ, ചുടലമുത്തുവിനെയും വിഴുങ്ങുന്നു, മോഹനൻ നിരാശ്രയനായി. കാലത്തിന്റെ കുത്തൊഴുക്കിൽ മോഹനനും തോട്ടിയായി മാറുന്നു. എങ്കിലും അവൻ ഇശുക്കുമുത്തുവോ ചുടലമുത്തുവോ ആയിരുന്നില്ല. പാട്ടയും മമ്മട്ടിയുമായി കക്കൂസുകൾ തോറും കയറിയിറങ്ങിയ മോഹനൻ അഗ്നിനാളമായിരുന്നു, ആളിപ്പടരുന്ന അഗ്നിനാളം...




■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ കർത്താവ് അവർക്കു വേണ്ടതു നല്കുന്നു.

സങ്കീ. 127:2

**എഡിറ്റോറിയൽ**

# ലഹരിമാഫിയ നാടു മുടിക്കുമോ?

ലഹരിമാഫിയ സംസ്ഥാനത്തിനകത്തും പുറത്തും പിടിമുറുക്കിയിരിക്കുന്നുവെന്ന ഭീതിജനകമായ വാർത്തയാണ് അനുദിനം നാം കേട്ടുകൊണ്ടിരിക്കുന്നത്. മയക്കുമരുന്നുവേട്ട പത്രമാധ്യമങ്ങളിലെ പതിവുവാർത്തയായിരിക്കുന്നു. നടീനടന്മാരും രാഷ്ട്രീയ, മാധ്യമപ്രവർത്തകരും നായകകഥാപാത്രങ്ങളും വില്ലന്മാരുമാകുന്ന ലഹരിമരുന്നു തിരക്കഥകൾ കേരളനാട്ടിലും സുലഭം.

ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തുനിന്ന് 21,000 കോടി വില വരുന്ന മൂവായിരം കിലോ ഹെറോയിൻ പിടികൂടിയിട്ട് മൂന്നു മാസം പിന്നിട്ടതേയുള്ളൂ. രാജ്യത്തെ ഏറ്റവും വലിയ മയക്കുമരുന്നുവേട്ടയായി ദേശീയമാധ്യമങ്ങൾ അതു റിപ്പോർട്ടു ചെയ്തിരുന്നു. ആലുവയിൽ മൂന്നു കിലോഗ്രാം എം.ഡി.എം.എ. രാസലഹരിമരുന്നു പിടികൂടിയിട്ടു ദിവസങ്ങൾ മാത്രം. ഇന്ത്യയിലെ പ്രമുഖനഗരങ്ങളിൽ പുകയുന്ന 'റേവ്' പാർട്ടികളും ഡിജെ പാർട്ടികളും കേരളത്തിലെ നഗരങ്ങളിലെന്നല്ല, ഉൾഗ്രാമങ്ങളിൽപ്പോലും പതിവായിരിക്കുന്നു. ഏറ്റവുമൊടുവിൽ, ക്രിസ്മസ് 'ലഹരി'യിൽ കിഴക്കമ്പലത്ത് കിറ്റെക്സ് കമ്പനിയിൽ അതിഥിത്തൊഴിലാളികൾ നടത്തിയ ക്രൂരമായ അഴിഞ്ഞാട്ടം മലയാളികളെയാകെ ഞെട്ടിച്ചിരിക്കുന്നു. കേരള പൊലീസിനെ ആക്രമിച്ചതും പൊലീസ് വാഹനങ്ങൾ തീയിട്ടുനശിപ്പിച്ചതും അടിച്ചുതകർത്തതുമുൾപ്പെടെയുള്ള സംഭവങ്ങൾ അതിഥിത്തൊഴിലാളികളെന്നു നാം വിളിക്കുന്ന ഇതരസംസ്ഥാനത്തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായത് കേരളത്തിൽ ഇതുവരെ കേട്ടുകേൾവിയില്ലാത്ത 'ലഹരിപ്പിശാചി'ന്റെ ക്രൂരകേളികളായിരിക്കും.

ഒരു കാര്യം ശരിയാണ്. സംസ്ഥാനം ലഹരിയുടെ കൊടുംപിടിയിലാണ്. ലഹരിമരുന്നുകൾ അനായാസം ഇവിടെ വില്ക്കുകയും വാങ്ങുകയും ചെയ്യുന്നത് പകൽപോലെ വ്യക്തം. മയക്കുമരുന്നുകച്ചവടം ഏറ്റവും വ്യാപകമായ ഇന്ത്യയിലെ 127 കേന്ദ്രങ്ങളിൽ മൂന്നെണ്ണം തിരുവനന്തപുരവും കൊച്ചിയും കോഴിക്കോടുമാണെന്ന് എത്രയോ വർഷം മുമ്പേ കണ്ടെത്തിയതും എത്രവട്ടം പറഞ്ഞിട്ടുള്ളതുമാണ്. പക്ഷേ, അവിടത്തെ സ്ഥിതി തഥൈവ. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പക്കൽ ഭീതിപ്പെടുത്തുന്ന കണക്കുകൾ ഉണ്ടായിട്ടും നിസ്സംഗത മാത്രമാണ് ഉദ്യോഗസ്ഥരടക്കമുള്ളവരുടെ പ്രതികരണമെന്നതാണ് ഏറെ ഖേദകരം.

കേരളത്തിലെ സ്കൂൾവിദ്യാർത്ഥികൾവരെ മയക്കുമരുന്നുമാഫിയയുടെ പിടിയിലാണെന്ന ഞെട്ടിക്കുന്ന വിവരം സംസ്ഥാന എക്സൈസ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ നിയമസഭയിൽ വെളിപ്പെടുത്തിയത് ഒരു മാസം മുമ്പാണ്. കിലോഗ്രാമിന് അഞ്ചരക്കോടി രൂപ വിലയുള്ള ലഹരിവസ്തുക്കൾവരെ അവർ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കേരളത്തിലെ കുട്ടികളിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗത്തെക്കുറിച്ച് ആദ്യമായി വരുന്ന വെളിപ്പെടുത്തലല്ല ഇത്. എക്സൈസ് കമ്മീഷണറായിരുന്ന ഋഷിരാജ് സിങ് കേരളത്തിലെ വിദ്യാർത്ഥികളിലെ മയക്കുമരുന്നുവിപത്തിനെക്കുറിച്ചു നടത്തിയ പഠനം ഭയാനകമായ വസ്തുതകളാണു കണ്ടെത്തിയത്. അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തെ 984 വിദ്യാലയങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളുമായി നേരിട്ടു സംവദിച്ചാണ് അദ്ദേഹം തന്റെ പഠനം പൂർത്തിയാക്കിയത്. 'വൈകരുത്' എന്ന പേരിൽ അദ്ദേഹം തന്റെ കണ്ടെത്തലുകൾ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

മയക്കുമരുന്നുപയോഗത്തോട് സമൂഹം പുലർത്തുന്ന ന്യായീകരണമനോഭാവവും അലസചിന്താഗതിയും തിരുത്തിയില്ലെങ്കിൽ നമ്മുടെ ഭാവിതലമുറ അക്രമത്തിലേക്കും അരാജകത്വത്തിലേക്കും കൂപ്പുകുത്തുമെന്നതിൽ സംശയമില്ല. കുട്ടികൾക്കും മാതാപിതാക്കൾക്കും ലക്ഷ്യം എ പ്ലസ് മാത്രമാകുമ്പോൾ, ശരിതെറ്റുകളെക്കുറിച്ചുള്ള വിവേചനാവബോധം നഷ്ടപ്പെട്ടുപോകുന്നു. കുടുംബങ്ങളോ വിദ്യാഭ്യാസസ്ഥാപനങ്ങളോ ഇത്തരത്തിലുള്ള തിരിച്ചറിവുകളിലേക്ക് ഉണരുന്നില്ല എന്നതും പഠനസിലബസിൽ മൂല്യാധിഷ്ഠിതമായ ജീവിതക്രമങ്ങളും ചിട്ടകളും ഉൾപ്പെടുത്തുന്നില്ല എന്നതും ഉത്തരവാദിത്വപ്പെട്ടവർ ഗൗരവമായി കാണേണ്ടതുതന്നെയാണ്. മയക്കുമരുന്നിനടിമകളായവർ ക്രിമിനലുകളല്ലെന്നും അതിനാൽ ജയിൽശിക്ഷയല്ല, കൗൺസെലിങ്ങും ചികിത്സയുമാണ് അവർക്കു കൊടുക്കേണ്ടതെന്നുമുള്ള ഈയടുത്തകാലത്തെ ഔദ്യോഗികതലത്തിൽനിന്നുള്ള ചില നിരീക്ഷണങ്ങൾ തള്ളിക്കളയാനാകില്ലെങ്കിലും ലഹരിവിപത്തിന് ഇതു ശാശ്വതപരിഹാരമാകുമോ എന്നു ചിന്തിക്കേണ്ടതുണ്ട്.

സമൂഹത്തിൽ വ്യാപകമാകുന്ന മയക്കുമരുന്നുമാഫിയ്ക്കെതിരേ സർക്കാരും സമൂഹവും ഒന്നിച്ചണിനിരക്കണം. വിമുക്തിമിഷനിലൂടെ കേരളസർക്കാർ നല്ല തുടക്കം കുറിച്ചിരിക്കുന്നത് ശ്ലാഘനീയംതന്നെ. 14 ജില്ലകളിലെയും നാലു വിദ്യാലയങ്ങൾ തിരഞ്ഞെടുത്ത് അവിടത്തെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തോടെ മയക്കുമരുന്നിനെതിരായ നീക്കം ആരംഭിച്ചിരിക്കുകയാണ്. അഞ്ചുവർഷംമുമ്പ് രൂപംകൊണ്ട വിമുക്തിമിഷൻ ഇപ്പോഴെങ്കിലും പ്രവർത്തനസജ്ജമായതിൽ ആശ്വസിക്കുന്നതോടൊപ്പം പെട്ടെന്ന് 'അന്ത്യശ്വാസം' വലിക്കാതിരിക്കാൻ ജാഗരൂകരാകുകയും ചെയ്യാം. മയക്കുമരുന്നു പിടിക്കുന്ന ഉദ്യോഗസ്ഥർക്കും വിവരം നല്കുന്നവർക്കും പാരിതോഷികം നല്കുമെന്നും ഇതിനായി സംസ്ഥാനതലത്തിൽ റിവാർഡ് കമ്മിറ്റികൾ രൂപവത്കരിക്കുമെന്നും എക്സൈസ് മന്ത്രി ഈയിടെ പറഞ്ഞത് കേൾക്കാൻ കൗതുകമുള്ള കാര്യമാണ്. ഉദ്യോഗസ്ഥന് ഒരു കേസിൽ ഒരു ലക്ഷം രൂപ വരെയും വിവരം നല്കുന്നവർക്ക് രണ്ടു ലക്ഷം രൂപവരെയുമാണത്രേ പാരിതോഷികത്തുക. ഈ പ്രഖ്യാപനത്തിന്റെയും ആയുസ്സിനെക്കുറിച്ചോർത്ത് ആശങ്കപ്പെടാനാണോ കേരളക്കരയിലെ ജനസാമാന്യത്തിനു വിധി എന്നതു കണ്ടറിയണം. ■

# ക്രിസ്മസ് പതിപ്പ് മനോഹരം



**പ്രതികരണം**

ദീപനാളം ക്രിസ്മസ് പതിപ്പ് കെട്ടിലും മട്ടിലും ഉന്നതനിലവാരം പുലർത്തി. ക്രിസ്മസിന്റെ പൊരുൾ ഉൾക്കൊണ്ട് ഓരോ എഴുത്തുകാരും തയ്യാറാക്കിയ വിഭവങ്ങൾ ഏറെ ആസ്വാദ്യവും കാലഘട്ടത്തോടു നീതി പുലർത്തുന്നതുമായിരുന്നുവെന്നു പറയട്ടെ.

ക്രിസ്മസിന്റെ പ്രസക്തി നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഒരു കാലത്തിലൂടെയാണു നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. എന്തെന്നാൽ, ലോകം ഒന്നിനൊന്ന് അസമാധാനവും അസന്തുഷ്ടിയും നിറഞ്ഞതായിരിക്കുന്നു. രാജ്യങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും അനുദിനം അകലം വർദ്ധിച്ചുകൊണ്ടിരിക്കുന്നതല്ലേ നാം കാണുന്നത്? മതവൈരം മുമ്പത്തെക്കാളേറെ വർദ്ധിച്ചിരിക്കുന്നു. മതസൗഹാർദത്തിനു കേൾവികേട്ട നമ്മുടെ കൊച്ചുകേരളത്തിൽപ്പോലും ജനങ്ങളുടെയിടയിൽ ചേരിതിരിവു സൃഷ്ടിക്കാനുള്ള ബോധപൂർവകമായ ശ്രമങ്ങൾ നടക്കുന്നുവെന്നു പറഞ്ഞാൽ ആരും അതു നിഷേധിക്കുമെന്നു തോന്നുന്നില്ല. ജാതിചിന്തയും വർഗചിന്തയും കുത്തിവച്ച് വിവിധ സമുദായങ്ങളെ തമ്മിൽ അകറ്റുന്നതിൽ നമ്മുടെ സമൂഹമാധ്യമങ്ങൾക്കും വലിയ പങ്കുണ്ട് എന്നു പറയാതെ വയ്യ.

സംസ്കാരം സംരക്ഷിക്കേണ്ടവർതന്നെ സംസ്കാരഘാതകരാകുന്ന ഈ സ്ഥിതിവിശേഷം ലജ്ജാകരമെന്നേ പറയേണ്ടൂ. ഐക്യത്തിന്റെ സ്വരമുയർത്തുന്ന ആചാര്യന്മാരെപ്പോലും മൂലയ്ക്കിരുത്തി ന്യായാധിപവേഷം കെട്ടിയാടുന്ന ചാനൽ അവതാരകർ സൃഷ്ടിക്കുന്ന മൂല്യച്യുതി നാം ഗൗരവത്തോടെ കാണേണ്ടതുണ്ട്.

**ജോസ് പി.ജെ.**
**പുൽപ്പള്ളി**

## ഓരോ ലക്കത്തിനും കാത്തിരിക്കുന്നു

വിനായക് നിർമലിന്റെ നോവൽ 'ഒരു കാറ്റുപോലെ' സശ്രദ്ധം വായിക്കുന്നു. നോവലിസ്റ്റിന്റെ അതിഭാവുകത്വമില്ലാത്ത രചനാശൈലിയും നിരീക്ഷണങ്ങളും അഭിനന്ദനീയം.

ഒരു ശരാശരി മധ്യവർഗകുടുംബത്തിന്റെ കഥയാണു നോവലിസ്റ്റു വരച്ചുകാട്ടുന്നത്. അതിമാനുഷ കഥാപാത്രങ്ങളൊന്നും ഇതിലില്ല. എല്ലാവരും നമുക്കു ചിരപരിചിതർ തന്നെ. സനലും സ്മിതയുമൊക്കെ വായനക്കാരുടെ ചുറ്റുവട്ടത്തുതന്നെയുണ്ട്. അതുകൊണ്ടുതന്നെ കഥാഗതിയുടെ സ്വാഭാവികഭംഗി വായനക്കാരെ ഏറെ ആകർഷിക്കുന്നു. ഓരോ ലക്കത്തിനും കാത്തിരിക്കുന്നു. നോവലിസ്റ്റിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**കൊച്ചുറാണി തോമസ്**
**കടുത്തുരുത്തി**





പാലാ രൂപത പാസ്റ്ററൽ കൗൺസിൽ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഡോ. കെ. കെ. ജോസ് കണിച്ചുകാട്ടും സെക്രട്ടറി സിജു സെബാസ്റ്റ്യൻ കൈമനാലും.

## ഊണില്ലാതെ എന്ത് ഉച്ചയാഹാരം?

ഇന്ന് പുറത്തു പോകേണ്ട ഒരാവശ്യം വന്നു. തീരെ പതിവില്ലാതെ ഉച്ചയാഹാരവും പുറത്തുനിന്നു കഴിക്കേണ്ടിവന്നു.

നല്ലൊരു നാട്ടിൻപുറത്തെ, കാഴ്ചയിൽ ഭേദപ്പെട്ട ഒരു ഹോട്ടലിൽ കയറി കൈ കഴുകിയിരുന്നു. കൊറോണാബോധത്തിൽ ഇടംവലം നോക്കിയില്ല. സപ്ലെയർ വന്നപ്പോൾ 'ഒരൂണ്' ഇന്ന് പറഞ്ഞു. ഉടൻ മറുപടി വന്നു

"ഊണില്ല, ബിരിയാണി, നെയ്ച്ചോറ്, പൊറോട്ട..... ഒക്കെയേ ഉള്ളൂ."

നാട്ടിൻപുറത്തെ ഹോട്ടലുകളിൽപ്പോലും ഉച്ചയ്ക്ക് ചോറൂണ് നിറുത്തിക്കളഞ്ഞ അവസ്ഥയുണ്ടിപ്പോൾ. ഞായറാഴ്ചകളിൽ കേരളത്തിലെ വളരെ ചുരുക്കം ഹോട്ടലുകളിലേ ഊണു കിട്ടുകയുള്ളൂ. ഇതു ആരോഗ്യകരമായ ഒരു അവസ്ഥാവിശേഷമല്ല. ഊണിനുപകരം വിളമ്പുന്ന വിഭവങ്ങൾ മിക്കവയും രുചിയുണ്ടെങ്കിലും ആരോഗ്യത്തിനു നല്ലതല്ല. അഭിനവജീവിതശൈലീരോഗങ്ങളുടെ ഒരു കാരണം ഇത്തരം ഉച്ചയാഹാരങ്ങളാണ്. ഞാൻ കയറിയ ഹോട്ടലിൽ ആ സമയം ചെറുപ്പക്കാരും തൊഴിലാളികളുമായി നിറയെ ആളുകൾ ഈ ഭക്ഷണവിഭവങ്ങൾ കഴിച്ചുകൊണ്ടിരിപ്പുണ്ടായിരുന്നു! ഇപ്പോൾ എല്ലാ ആശുപത്രികളിലും നിറയെ രോഗികളുമുണ്ട്. ഉച്ചയ്ക്കുള്ള ചോറൂണ് പാടേ നിറുത്തിക്കളയരുതെന്ന് അപേക്ഷയുണ്ട്.

**ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# പരിസ്ഥിതിസംരക്ഷണത്തിന്റെ പടപ്പാട്ടുകാരൻ

27
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

**എ**ന്താണു പരിസ്ഥിതിയെന്നും നമ്മുടെ പരിസ്ഥിതിക്കു സംഭവിച്ചതും സംഭവിക്കുന്നതും സംഭവിക്കാവുന്നതുമായ ആഘാതങ്ങൾ ഏവയെന്നുമൊക്കെയുള്ള വിചിന്തനങ്ങൾ ഇതിനകം ചെയ്തുകഴിഞ്ഞു. ഇനിയങ്ങോട്ടു നാം ചിന്തിക്കുന്നത് പരിസ്ഥിതി അവബോധത്തിനും സംരക്ഷണത്തിനുമായി കാലാകാലങ്ങളിൽ എടുത്തിട്ടുള്ളതും എടുക്കേണ്ടതുമായ ചുവടുവയ്പ്പുകളെക്കുറിച്ചാണ്.

കേരളത്തിന്റെ സാംസ്കാരികമണ്ഡലത്തിൽ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ പാരിസ്ഥിതികാവബോധം നിർമലമായി പകർന്നുകൊടുത്ത ശ്രേഷ്ഠനായ ഒരധ്യാപകനെക്കുറിച്ചുള്ള ഓർമക്കുറിപ്പോടെ തുടങ്ങാം. പ്രകൃതിയെ അത്രയങ്ങു സ്നേഹിക്കുക മാത്രമല്ല, അതിന്റെ വഴികളിലൂടെ ഒരു തലമുറയെ മുഴുവൻ ജീവിക്കാൻ പ്രേരിപ്പിച്ച വ്യക്തിയെന്ന നിലയിലും പ്രശസ്തനായ 'ജോൺസി' എന്ന സ്നേഹപ്പേരിൽ അറിയപ്പെടുന്ന പ്രഫസർ ജോൺ സി. ജേക്കബിനെക്കുറിച്ചാണു പ്രതിപാദ്യം. കോട്ടയം ജില്ലയിലെ കുറിച്ചിയിൽ 1936 നു ജനനം. വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ പ്രകൃതിനിരീക്ഷണത്തിൽ അതീവതത്പരനായിരുന്ന ജോൺസിയുടെ പിന്നീടങ്ങോട്ടുള്ള ജീവിതം മുഴുവൻ കേരളത്തിന്റെ പാരിസ്ഥിതിക ഭൂപടത്തിൽ എക്കാലവും മിഴിവാർന്നു തെളിഞ്ഞുനില്ക്കുന്ന രജതരേഖകളായി മാറുന്നു.

ഒരു മനുഷ്യന്റെ ഭാവനയും സർഗാത്മകതയും നിശ്ചയദാർഢ്യവും അർപ്പണമനോഭാവവും ദേശകാലങ്ങൾക്കതീതമായി ജനസമൂഹങ്ങൾക്കുമേൽ പ്രകാശമായിപ്പടരുന്ന ഒരു കാഴ്ചയാണ് ജോൺസിമാഷിന്റെ ജീവിതവും ദർശനവും നമുക്കു പകർന്നേകുന്നത്.


ജോൺസി മാഷ്

മലബാർ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി പ്രസിദ്ധീകരിച്ച ജോൺ സി. ജേക്കബിന്റെ പ്രകൃതി; നിരീക്ഷണവും വ്യാഖ്യാനവും എന്ന പുസ്തകം പ്രസിദ്ധീകരിച്ച് 17 വർഷങ്ങൾക്കുശേഷവും ആ പുസ്തകത്തിന്റെ വായന നവ്യമായ ഒരനുഭൂതി പകർന്നുനൽകുന്നു. പുസ്തകത്തിലെ 13 അധ്യായങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ, പരിസ്ഥിതിയറിവുകളിലൂടെ മാത്രമല്ല, ചുറ്റുപാടുകളോട് എങ്ങനെ ഇടപെടണമെന്ന പ്രായോഗികപരിശീലനത്തിലൂടെയും നാം യാത്ര ചെയ്യുന്നുണ്ട്. വർത്തമാനകാലത്ത് അക്ഷരങ്ങൾ കൂട്ടിവായിക്കാനറിയാവുന്ന ഏതു പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്കും ധൈര്യപൂർവം വാങ്ങിച്ചുകൊടുക്കാവുന്ന ഉത്തമമായ ഒരു പുസ്തകം. അവരുടെ ആകാശം ഈ പ്രപഞ്ചംപോലെ വിശാലമാകും എന്നൊരുറപ്പ് ഞാൻ നൽകുന്നു. വിദ്യാർത്ഥികൾക്കു മാത്രമല്ല, മുതിർന്നവർക്കും അധ്യാപകർക്കും അവരുടെ കർമമണ്ഡലങ്ങളിൽ വെളിച്ചമായി മാറുന്ന ഒരു പുസ്തമാണിത്. കേട്ടറിവിന്റെ പകർത്തെഴുത്തല്ല; അനുഭവങ്ങളുടെ ചൂരും നേരുംകൊണ്ട് സമൃദ്ധമായ പുസ്തകം.

ഭൂമിയിൽനിന്നു മനുഷ്യനുണ്ടാക്കിയതോ, രൂപഭേദം വരുത്തിയതോ ആയ എല്ലാം പെറുക്കിക്കളഞ്ഞാൽ ബാക്കിയുള്ളതാണ് പ്രകൃതി എന്നു മാഷ് പറഞ്ഞുതരുമ്പോൾ പ്രകൃതി എന്താണെന്നുള്ളതു തെളിനീരുപോലെ സുവ്യക്തം. മനുഷ്യനു കേൾക്കാൻ കഴിയാത്ത ശബ്ദവീചികൾ ഷഡ്പദങ്ങൾക്കും നായ, പൂച്ച തുടങ്ങിയ മൃഗങ്ങൾക്കും വവ്വാലുകൾക്കും തിമിംഗലങ്ങൾക്കും ആനകൾക്കും കേൾക്കാൻ കഴിയുമെന്നും, കാഴ്ചയുടെ കാര്യത്തിൽ മനുഷ്യനേത്രത്തിനു കാണാനാവാത്ത അൾട്രാവയലറ്റ് നിറം തേനീച്ചകൾക്കു കാണാൻ കഴിയുമെന്നും ജോൺസി മാഷ് പറഞ്ഞുവയ്ക്കുമ്പോൾ ഈ പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവുകൾ പരിമിതമാണെന്ന ആത്മീയസത്യം ലളിതമായി, സത്യസന്ധമായി, തെളിവോടെ ആവിഷ്കരിക്കപ്പെടുകയാണ്. ഭൂമിയിലെ ജീവനില്ലാത്ത ഘടകങ്ങൾ ജീവികളിലെ ജീവനുള്ളവയായി മാറിക്കൊണ്ടിരിക്കുന്നുവെന്നും അതുപോലെ, ജീവികളിലെ ജീവനുള്ള ഘടകങ്ങൾ തിരികെ ഭൂമിയിലെ ജീവനില്ലാത്ത പദാർത്ഥങ്ങളായി മാറിക്കൊണ്ടിരിക്കുന്നുവെന്നും മാഷ് അടയാളപ്പെടുത്തുമ്പോൾ, പ്രകൃതിപഠനമെന്നത് നമ്മെപ്പറ്റിത്തന്നെയുള്ള പഠനമാണെന്ന ബോധ്യം സുനിശ്ചിതമാകുന്നു.

പാരിസ്ഥിതികാബോധത്തിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന നേച്ചർക്ലബുകൾക്ക് ആരംഭം കുറിച്ചത് ജോൺസിയാണ് എന്നറിയുമ്പോഴാണ് അദ്ദേഹം അന്നു പാകിയ വിത്ത് ഇന്നു രാജ്യങ്ങളോളം പടർന്നുപന്തലിച്ച് നിൽക്കുന്നതിന്റെ മഹത്ത്വം നാം തിരിച്ചറിയുന്നത്. 1972 ൽ കേരളത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നേച്ചർക്ലബുകൾ വ്യാപകമായി ആരംഭിച്ചു. ഇന്ത്യയിലെ തന്നെ ആദ്യപ്രകൃതിസഹവാസ ക്യാംപിന് 1974 ൽ ഏഴിമലയിൽ തുടക്കംകുറിച്ചു. 34 കുട്ടികളും 16 അധ്യാപകരും ദക്ഷിണേന്ത്യയിൽനിന്ന് പങ്കെടുത്തു. ഇന്ദുചൂഡൻ എന്ന തൂലികാനാമത്തിലറിയപ്പെട്ടിരുന്ന പക്ഷിശാസ്ത്രജ്ഞൻ കെ.കെ. നീലകണ്ഠൻ മാസ്റ്ററായിരുന്നു വിശിഷ്ടാതിഥി. അഞ്ചു ദിവസം നീണ്ട ക്യാംപ് അവസാനിക്കുമ്പോൾ പങ്കെടുത്തവരിൽ മുഴുവൻ പരിസ്ഥിതിദർശനത്തിന്റെ വലിയൊരു അഗ്നി നിറഞ്ഞിരുന്നു! സൈലന്റ് വാലിയെ രക്ഷിക്കാൻ കുട്ടികൾ എന്തെങ്കിലും ചെയ്യണമെന്ന പ്രഫ. എം.കെ. പ്രസാദ് മാസ്റ്ററുടെ ആഹ്വാനം വിദ്യാർത്ഥികളേറ്റെടുത്തു. സി.ഐ.എ. ചാരന്മാർ എന്നു മുദ്രകുത്തി സർക്കാരും നാട്ടുകാരും പരിഹസിച്ചപ്പോഴും കേരളത്തിലെ അറുപതോളം നേച്ചർക്ലബുകളിലെ വിദ്യാർത്ഥിസമൂഹം ഒറ്റക്കെട്ടായി പൊരുതിനിന്നു. ലോകത്തിനുതന്നെ പിന്നീടു മാതൃകയായിത്തീർന്ന പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടിയുള്ള ആദ്യത്തെ ജനമുന്നേറ്റത്തിനു മാഷിനും മാഷിന്റെ വിദ്യാർത്ഥികൾക്കും നേതൃത്വം കൊടുക്കാൻ കഴിഞ്ഞു എന്നത് നിസ്സാരകാര്യമല്ല.

പയ്യന്നൂർ കോളജിൽവച്ച് 1972 ൽ ജോൺസി തുടക്കമിട്ട സുവോളജിക്കൽ ക്ലബും, 1979 ൽ മാഷ് സ്ഥാപിച്ച സൊസൈറ്റി ഫോർ എൻവയൺമെന്റൽ എഡ്യുക്കേഷൻ ഇൻ കേരളയും (SEEK), 1986 ൽ ആരംഭിച്ച 'ഒരേ ഭൂമി ഒരേ ജീവൻ' എന്ന പ്രസ്ഥാനവും പരിസ്ഥിതിരംഗത്തു നൽകിയ സംഭാവനകൾ നിസ്തുലമാണ്. കേരളത്തിലെ പരിസ്ഥിതി പത്രപ്രവർത്തനത്തിനു തുടക്കമിട്ടതും ജോൺസിയാണ്. മൈന, സൂചിമുഖി, ആൻഖ്, പ്രസാദം തുടങ്ങിയ പരിസ്ഥിതിമാസികകളുടെ പത്രാധിപരായി നിന്നുകൊണ്ട് ഒരു കാലഘട്ടത്തിനാവശ്യമായ പാരിസ്ഥിതികോർജം പകർന്നുനൽകിയ മഹാനായ ജന്തുശാസ്ത്രജ്ഞനായിരുന്നു പ്രഫസർ ജോൺ സി. ജേക്കബ്. 1960 മുതൽ 1965 വരെ കോഴിക്കോട് ദേവഗിരി കോളജിലും, പിന്നീട് 1992 വരെ പയ്യന്നൂർ കോളജിലുമുള്ള അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവിതം അനാവരണം ചെയ്യുന്ന 'ഹരിതദർശനം' എന്ന ആത്മകഥ മാഷിന്റെ ബാല്യകൗമാരങ്ങളിലൂടെ കടന്നു വാർദ്ധക്യത്തിലെത്തുമ്പോൾ വൈവിധ്യങ്ങൾ പേറിനില്ക്കുന്ന ഒരു മഹാവടവൃക്ഷം കണക്കെ നമുക്കു മുന്നിൽ ഉയർന്നുനില്ക്കും. പ്രകൃതിയോടൊത്തുള്ള ആ യാത്രയിൽ എല്ലാം കടന്നുവരുന്നു; മനുഷ്യനും മതവും അധികാരവും ആത്മീയതയും സമരവും കലഹവും രോഗവും നിന്ദനവും ഒറ്റപ്പെടലും... എല്ലാം! ഒപ്പം, തണലും കുളിരും ഫലങ്ങളുമേകി അനേകർക്ക് അഭയമായി ചിലർക്കു നുള്ളാനും ഒടിക്കാനും മുറിവേല്പിക്കാനും അപകടപ്പെടുത്താനുമൊക്കെ ആവുന്നവിധം മറ കൂടാതെ വിടർന്നുനില്ക്കുന്ന ഒരു വന്മരമായി ആ ജീവിതം ഒറ്റപ്പെട്ടു നിൽക്കുന്നു. താൻ കുട്ടികൾക്കുവേണ്ടി നട്ടുപിടിപ്പിച്ച പയ്യന്നൂർ കാമ്പസിലെ കാടു നശിപ്പിക്കപ്പെട്ടപ്പോൾ ഒരു ദിവസം മുഴുവൻ വാവിട്ടു നിലവിളിച്ച മാഷിന്റെ മനുഷ്യത്വം നമ്മെ സ്തബ്ധമാക്കുന്നുണ്ട്. ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ഒരു തൊഴിലാളി സംഘടന പരിസ്ഥിതിക്കുവേണ്ടി മുദ്രാവാക്യം വിളിച്ചപ്പോൾ ആ കൂട്ടത്തിൽ മാഷുണ്ടായിരുന്നു. കൂടംകുളം ആണവനിലയത്തിനെതിരേ കന്യാകുമാരിയിൽവച്ചു നടന്ന സമരത്തിൽ മത്സ്യത്തൊഴിലാളികളോടൊപ്പം മാഷും ഏറ്റുപാടി - ജലം രക്ഷിക്കൂ... ജീവൻ രക്ഷിക്കൂ... എന്ന്.

കേരളസർക്കാരിന്റെ വനമിത്ര പുരസ്കാരവും ജൈവവൈവിധ്യബോർഡിന്റെ ഹരിതം അവാർഡും നേടിയ മാഷ് പുരസ്കാരങ്ങൾക്കും മരണത്തിനുമപ്പുറം ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു; പ്രത്യേകിച്ച്, പരിസ്ഥിതിയെക്കുറിച്ചുള്ള ആകുലതകൾ മനസ്സിൽ സൂക്ഷിക്കുന്നവരുടെ ഹൃദയങ്ങളിൽ. പിന്നെ ഈ പ്രകൃതി മുഴുവനും. മാഷേ പ്രണാമം.

■

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

# ചെന്നായ്

■ മാത്യൂസ് ആർപ്പൂക്കര

**കാ**ട്ടുനായ്ക്കളെ ചെന്നായ് എന്നു വിളിക്കുന്നു. തമിഴ്നാട്, കർണാടക കാടുകളിൽ ഇവയെ ധാരാളമായി കണ്ടുവരുന്നു. കേരളത്തിലെ വയനാട്, പറമ്പിക്കുളം, നെയ്യാർ, പേപ്പാറ തുടങ്ങിയ വന്യജീവി സംരക്ഷണകേന്ദ്രങ്ങളിൽ ചെന്നായ്ക്കളെ കാണാം. കിഴക്കനേഷ്യയിലും ലഡാക്ക്, ടിബറ്റ് എന്നിവിടങ്ങളിലും ധാരാളമായി കാണപ്പെടുന്നു.

ചെന്നായ്ക്കളുടെ കാലുകൾ ഓടാനും ചാടാനും പറ്റിയതാണ്. ഇവയ്ക്കു മണംപിടിക്കാൻ അസാമാന്യകഴിവുണ്ട്. കടുവയെയും പുലിയെയുമൊക്കെ നേരിടാനുള്ള അസാധാരണ ധൈര്യം ഇവയ്ക്കുണ്ട്. ആക്രമണം കൂട്ടം ചേർന്നാണ്. കാട്ടുനായ്ക്കൾ സമർത്ഥരായ വേട്ടക്കാരാണ്.

ചെന്നായ്ക്കൾക്ക് ആഹാരം കൂടാതെ ദിവസങ്ങളോളം ജീവിക്കാൻ സാധിക്കും. കൂട്ടത്തിലെ അംഗസംഖ്യ വർദ്ധിക്കുമ്പോൾ കൂട്ടംപിരിഞ്ഞ് പുതിയ സംഘത്തിനു രൂപം നൽകും. സാധാരണ ഗതിയിൽ കാടുവിട്ടിറങ്ങാറില്ല. ഇവയ്ക്കു ചെങ്കല്ലിന്റെ നിറമാണ്.



ഇടതൂർന്ന വാലും രോമാവൃതമായ ശരീരവും ആക്രമണത്തിനു പറ്റിയ ഒതുക്കമുള്ള ഉടലും നീണ്ട മോന്തയും ചെന്നായുടെ പ്രത്യേക ലക്ഷണങ്ങളാണ്. ഒരു മീറ്ററിലധികം നീളമുണ്ട്. ഉയരം അരമീറ്ററും. ശരാശരി ഭാരം 20 കിലോഗ്രാം.

ഇവ പൂർണമായും മാംസഭുക്കുകളാണ്. മാംസം കടിച്ചുകീറാൻ പറ്റുംവിധമാണ് പല്ലുകൾ. 42 പല്ലുകളുണ്ടാവും. കോമ്പല്ലുകൾക്കു മൂർച്ചയേറും. സാധാരണമായി ചെറുമൃഗങ്ങളെയാണ് ചെന്നായ്ക്കൾ ആക്രമിക്കുക. ഇക്കൂട്ടർക്കു കാട്ടുപോത്തിനെ വരെ വേട്ടയാടാൻ മടിയില്ല.

ഒരു ചെന്നായ്ക്കൂട്ടത്തിൽ പത്തോളം അംഗങ്ങളുണ്ടാകും. രാത്രിയും പകലുമൊക്കെ വേട്ടയ്ക്കിറങ്ങുന്നു. ഉച്ചസമയം വിശ്രമത്തിൽ കഴിയുന്നു. പാറയിടുക്കിലോ പുൽമേട്ടിലോ കുറ്റിക്കാട്ടിലോ ആവും താമസം.

കേരളത്തിലെ ചെന്നായ്ക്കൾ കാട്ടിൽ കഴിയാൻ ഇഷ്ടപ്പെടുമ്പോൾ മറ്റുള്ളവ തുറസ്സായ സ്ഥലങ്ങളിലും മരങ്ങളില്ലാത്ത ഇടങ്ങളിലും വിഹരിക്കുന്നു. നായ് വർഗത്തിന് ആറ് അണപ്പല്ലുകളുള്ളപ്പോൾ ചെന്നായ്ക്കൾക്ക് ഏഴ് അണപ്പല്ലുകൾ കാണുന്നു. നായ്ക്കളിൽ പത്തു മുലക്കണ്ണുകൾ കാണുമ്പോൾ ഇവയ്ക്ക് പതിന്നാലു മുലക്കണ്ണുകൾ വരെ കാണപ്പെടുന്നു. ഇതിന്റെയത്ര ചെങ്കല്ലുനിറം തീവ്രമായി കാണുന്ന വേറൊരു മൃഗവുമില്ല.




**ജനുവരി 9**
**ദനഹാക്കാലം**
**രണ്ടാം ഞായർ**

**പുറ 3: 9–16**
**പ്രഭാ 18: 1 –14**
**വെളി 1: 4–8**
**വി.യോഹ 8: 21–30**

# സത്യദൈവമായ ഈശോമിശിഹാ

**പൂർണമായും ഉപാധികളില്ലാതെയും 'ആയിരിക്കുന്നുവനു'മായ ദൈവത്തെയാണ് ഇസ്രായേൽജനം തങ്ങളുടെ സ്രഷ്ടാവും ദൈവവുമായി അംഗീകരിക്കുന്നതും ഏറ്റുപറയുന്നതും. മഹനീയമായ ആ നാമത്തെ ഉച്ചരിക്കുന്നതുപോലും അവരിൽ ഭയമുളവാക്കിയിരുന്നു എന്നത് ദൈവത്തിന്റെ ഔന്നത്യത്തെ ജനം എങ്ങനെയാണ് ഉൾക്കൊണ്ടിരുന്നത് എന്നതു വെളിവാക്കുന്നു.**



**ഡോ. ജോസഫ് കരികുളം**

**ക**ർത്താവായ ഈശോമിശിഹായുടെ മാമ്മോദീസയെ പ്രത്യേകമായി അനുസ്മരിക്കുന്ന ദനഹാക്കാലത്താണ് നാമിപ്പോൾ. 'ദനഹാ' എന്ന സുറിയാനിവാക്കിന് ഉദയം, പ്രത്യക്ഷവത്കരണം, ആവിഷ്കാരം, വെളിപാട് എന്നിങ്ങനെയാണ് അർത്ഥങ്ങൾ. മിശിഹായെക്കുറിച്ചുള്ള പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും സാക്ഷ്യപ്പെടുത്തലും ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭവും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു. ഈശോയുടെ മാമ്മോദീസായിൽ പരിശുദ്ധ ത്രിത്വരഹസ്യം വെളിപ്പെടുത്തപ്പെട്ടു എന്ന് ഈ കാലം നമ്മെ ഓർമിപ്പിക്കുന്നു.

ദൈവത്തിന്റെ പേരെന്താണെന്ന മോശയുടെ ചോദ്യത്തിനുള്ള അവിടുത്തെ മറുപടിയും ആ പേരിനോട് ഈശോ എങ്ങനെ തന്നെത്തന്നെ ചേർത്തുവയ്ക്കുന്നു എന്നതുമാണ് ഇന്നത്തെ വായനകളുടെ കാതൽ. ഇസ്രായേൽമക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊണ്ടുവരാൻ മോശയെ ദൈവം നിയമിക്കുന്നതാണ് ഒന്നാം വായനയുടെ ഉള്ളടക്കം (പുറ. 3:9–16). രണ്ടു ചോദ്യങ്ങളാണ് മോശ ചോദിക്കുന്നത്: അവിടുത്തെ നാമം എന്താണ്? ഈജിപ്തുകാർ ആ നാമം ചോദിച്ചാൽ താൻ എങ്ങനെയാണു സംസാരിക്കേണ്ടത്? രണ്ടു ചോദ്യത്തിനും ദൈവം വ്യക്തമായ ഉത്തരം നല്കുന്നുണ്ട്.

സകല സൃഷ്ടികളുടെയും നാഥനും എല്ലാ ജ്ഞാനത്തിന്റെയും ഉറവിടവുമായ ദൈവം ഏതു നാമം സ്വീകരിച്ചാലും അതു പരിമിതപ്പെടുത്തൽ (Limitation) ആകും. അതുകൊണ്ട് ദൈവം തന്റെ സ്വഭാവത്തെ/പ്രകൃതിയെയാണു തന്റെ പേരായിപ്പറയുന്നത്. 'ഞാൻ ഞാൻതന്നെ' (I AM WHO AM) (പുറ. 3:14 a). താൻ ആരാണെന്ന് ഈജിപ്തുകാർ ചോദിക്കുമ്പോൾ പറയേണ്ട മറുപടി ഇപ്രകാരമെന്നു ദൈവം പറയുന്നു: "ഞാൻ ആകുന്നവൻ എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു" (I AM has sent me to you) - (പുറ. 3:14b). 'ഞാൻ ആകുന്നവൻ' (I AM) എന്നതിൽനിന്നാകണം ദൈവത്തിന്റെ നാമം എന്നറിയപ്പെടുന്ന യാഹ്വെ (YHWH) എന്ന പദപ്രയോഗം ഉരുത്തിരിഞ്ഞതെന്ന് ബൈബിൾപണ്ഡിതന്മാർ കരുതുന്നു.

എല്ലാറ്റിന്റെയും കാരണക്കാരനായിരിക്കുന്നവനെ സൂചിപ്പിക്കാനായിരിക്കണം ഈ പദം (YHWH) ഉപയോഗിക്കപ്പെട്ടത് (to be). ആയിരിക്കാൻ കാരണമാവുക (cause to be), സൃഷ്ടിക്കുക (create) തുടങ്ങിയ അർത്ഥങ്ങൾ ഈ പദത്തിനു ലഭിക്കുന്നുണ്ട്. "(സ്വർഗീയ സൈന്യത്തെ) സൃഷ്ടിക്കുന്ന (ദൈവം)" എന്ന വാചകപ്രയോഗത്തിന്റെ ചുരുക്കരൂപമാണ് ഇതെന്നും (YHWH) പണ്ഡിതമതം പറയുന്നു. ഏതർത്ഥത്തിലായാലും വളരെ സ്പഷ്ടമായി ദൈവത്തിന്റെ സ്രഷ്ടാവിനടുത്ത സ്വഭാവത്തെ 'I AM' എന്നുള്ള നാമം സൂചിപ്പിക്കുന്നു. ഇസ്രായേൽ ജനം ദൈവത്തിന്റെ മഹനീയവും ഭയഭക്തിജനകവുമായ നാമത്തെ (YHWH) ഇതേ പദപ്രയോഗത്താൽ ഉപയോഗിച്ചിരുന്നില്ല. ബാബിലോണിയായിലെ അടിമത്തത്തിനുശേഷം (BC 6th Cent.) ഹീബ്രുവിലെ എലോഹിം (Elohim) [ദൈവം (God)] എന്ന പദം YHWH ന് പകരമായി ജനം ഉപയോഗിക്കാൻ തുടങ്ങി. ഇസ്രായേലിന്റെ ദൈവത്തിന്റെ സാർവത്രികമായ പരമാധികാരം സൂചിപ്പിക്കുന്നതിനുവേണ്ടിയും ഈ പദം അവർ ഉപയോഗിച്ചിരുന്നു. സിനഗോഗിലെ ആരാധനാസമയങ്ങളിൽ അവർ ഉപയോഗിച്ചിരുന്നത് അദൊണായ് (Adonai - Lord - കർത്താവ്) എന്ന പദമാണ്. ആംഗലേയ-മലയാളം ബൈബിളുകളിൽ YHWH (യാഹ്വെ) എന്ന പദം ഉപയോഗിക്കേണ്ട സ്ഥാനത്തെല്ലാം 'കർത്താവ്' എന്ന ഈ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. കർത്താവ് (LORD) എന്ന് ആംഗലേയ - മലയാളം പഴയനിയമത്തിൽ കാണുമ്പോളെല്ലാം, അത് 'ഞാൻ ആകുന്നു' (I AM) എന്നതിൽനിന്ന് രൂപപ്പെടുത്തിയെടുത്ത ഒരു പ്രത്യേകനാമം (Proper Name - ജോസഫ്, മേരി എന്നപോലെ) ആണെന്നും, ദൈവം ഉപാധികളില്ലാതെ 'ആയിരിക്കുന്നവ'നാണെന്നാണ് അതിന്റെ അർത്ഥമെന്നും എല്ലാവരും ഗ്രഹിക്കണം. പുറപ്പാടിന്റെ



പുസ്തകം 3:15 ൽത്തന്നെ ഈ വ്യത്യാസം കാണാനാകും. 'നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവ്' എന്നാണ് അവിടെ കാണപ്പെടുന്നത്. ദൈവം തന്റെ നാമമായി ഈ പദപ്രയോഗത്തെ (I AM - YAWH) വീണ്ടും ആവർത്തിക്കുന്നു. എല്ലാക്കാലത്തും സർവപുരുഷാന്തരങ്ങളിലും അറിയപ്പെടേണ്ട ദൈവത്തിന്റെ നാമം ഇതാണെന്ന് അവിടുന്ന് ഉറപ്പിക്കുന്നതായി വചനഭാഗത്ത് നമുക്കു വായിക്കാനാവും.

പൂർണമായും ഉപാധികളില്ലാതെയും 'ആയിരിക്കുന്നുവനു'മായ ദൈവത്തെയാണ് ഇസ്രായേൽ ജനം തങ്ങളുടെ സ്രഷ്ടാവും ദൈവവുമായി അംഗീകരിക്കുന്നതും ഏറ്റുപറയുന്നതും. മഹനീയമായ ആ നാമത്തെ ഉച്ചരിക്കുന്നതുപോലും അവരിൽ ഭയമുളവാക്കിയിരുന്നു എന്നത് ദൈവത്തിന്റെ ഔന്നത്യത്തെ ജനം എങ്ങനെയാണ് ഉൾക്കൊണ്ടിരുന്നത് എന്നതു വെളിവാക്കുന്നു.

ദൈവത്തിന്റെ പ്രകൃതിയെയും സ്വഭാവത്തെയുമാണ് അവിടുത്തെ നാമം വെളിവാക്കുന്നത്. അവിടുത്തെ വിശ്വസ്തതയെയും വാഗ്ദാനങ്ങളെയും നിരന്തരം ആ നാമം ഓർമിപ്പിക്കുന്നു. തന്റെ ജനത്തെ ഉടമ്പടിയോടു ചേർത്തു നിർത്താനും അവരുടെകൂടെ സദാസമയം രക്ഷകനും സഹായകനുമായി നിൽക്കാനുമുള്ള ദൈവത്തിന്റെ മനസ്സിനെ ഈ നാമം സൂചിപ്പിക്കുന്നു. (YHWH) യാഹ്വെ എന്നതിൽനിന്ന് ഉദ്ഭവിച്ച ജോഷ്വ, ഈശോ എന്നീ നാമങ്ങളുടെ അർത്ഥവും 'കർത്താവു രക്ഷിക്കുന്നു' എന്നുതന്നെയാണ്. സ്വയംഭൂവായ, നിത്യനായ ദൈവം എന്നതിനെയും YHWH പ്രതിനിധാനം ചെയ്യുന്നു.

പ്രഭാഷകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായനയും നിത്യനായ കർത്താവിന്റെ (LORD - YHWH) സ്വഭാവത്തെക്കുറിച്ചുള്ള വിവരണമാണ് (പ്രഭാ. 18:1–14). 'എന്നേക്കും ജീവിക്കുന്നവൻ പ്രപഞ്ചം സൃഷ്ടിച്ചു' (18,1). കർത്താവ് നീതിമാനും (18:2), മഹത്തായ പ്രവൃത്തികൾ ചെയ്യുന്നവനും (18:4), കാരുണ്യവാനും (18:5), അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും (18:6), നിത്യനും (18:10), ക്ഷമാശീലനും (18:11) ആർദ്രതയുള്ളവനും (18:13) ശാസിക്കുന്നവനും ശിക്ഷണവും പ്രബോധനവും നല്കുന്നവും ഇടയനുമാണെന്നു പ്രഭാഷകൻ ഓർമിപ്പിക്കുന്നു.


വെളിപാടിന്റെ പുസ്തകത്തിൽനിന്നുള്ള വായനയിലാകട്ടെ (വെളി. 1:4–8) 'ആയിരിക്കുന്നവനും ആയിരുന്നവനും വരാനിരിക്കുന്നവനുമായവനിൽനിന്നും... വിശ്വസ്തസാക്ഷിയും മൃതരിൽനിന്നുള്ള ആദ്യജാതനും ഭൂമിയിലെ രാജാക്കന്മാരുടെ അധിപതിയുമായ ഈശോമിശിഹായിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും (1:4–5) എന്നു പറഞ്ഞുകൊണ്ട്, 'ഞാൻ ആകുന്നു' (I AM - YHWH - LORD) എന്ന കർത്താവുമായി തുല്യമായ ബന്ധമുള്ള ഒരാളായി ഈശോമിശിഹായെ അവതരിപ്പിക്കുന്നു. ഈശോ ചെയ്ത പ്രവൃത്തികൾ എല്ലാം കർത്താവിന്റെ (ആയിരിക്കുന്നവന്റെ) സ്വഭാവത്തിൽപ്പെടുന്ന പ്രവൃത്തികളാണെന്നു വെളിപാടുപുസ്തകം സാക്ഷ്യപ്പെടുത്തുന്നു (1:6).

യഹൂദരോടു സംസാരിക്കുമ്പോൾ അവർ വിശ്വസിക്കാതിരിക്കയാൽ ഈശോ തന്റെ സ്വഭാവത്തെ ദൈവത്തിന്റെ സ്വഭാവവുമായി ചേർത്തുവയ്ക്കുന്നു (യോഹ. 8:21–30). "എന്തെന്നാൽ, ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (8:24b). മോശ ദൈവത്തോടു ചോദിച്ച ചോദ്യം യഹൂദർ ഈശോയോട് ആവർത്തിക്കുകയാണ്. 'നീ ആരാണ്?' (8:25). ഈശോ 'താൻ ആയിരിക്കുന്നവൻ' ആണെന്ന് അവരെ വീണ്ടും ഓർമിപ്പിക്കുന്നു (8:28).

ദൈവമായ ഈശോ എന്ന വെളിപ്പെടുത്തലിലേക്കു വിശ്വാസികളുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ആഴമുള്ള വചനഭാഗങ്ങളാണ് ഇന്നത്തെ ധ്യാനവിഷയം. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈശോയെ സകലത്തിന്റെ നാഥനായ ദൈവമായി ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യാം.

■





# പുതുവർഷത്തിൽ പ്രത്യാശയുടെ കിരണം

ഡോ. കെ.കെ. ജോസ്

**കൊ**വിഡ് മഹാമാരിയുടെയും പ്രകൃതിക്ഷോഭങ്ങളുടെയും ഭയപ്പെടുത്തുന്ന കാലഘട്ടത്തിൽ നിന്നു പ്രത്യാശയുടെ കിരണങ്ങളുമായാണ് 2022 ലെ പുതുവർഷത്തിലേക്കു നാം പ്രവേശിക്കുന്നത്. 2023 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന് ആമുഖമായുള്ള സിനഡിന്റെ പാത ഒരുക്കുന്ന പ്രക്രിയയ്ക്ക് 2021 ഒക്ടോബറിൽ തുടക്കംകുറിച്ചു. കൂട്ടായ്മയുടെ പങ്കാളിത്തവും പ്രേഷിതദൗത്യവും വഴി ഒരു സിനഡാത്മകസഭയിലേക്കു ദൈവജനത്തെ നയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ഫ്രാൻസീസ് മാർപാപ്പായുടെ 'നാം സോദരർ' എന്ന 2020 ലെ ചാക്രികലേഖനം സാഹോദര്യത്തിനും സാമൂഹികസൗഹൃദത്തിനും ആഹ്വാനം ചെയ്തു. മനുഷ്യൻ പ്രപഞ്ചത്തെ സംരക്ഷിക്കുന്നവനും അതിന്റെ കാവൽക്കാരനുമാകണമെന്നും ഫ്രാൻസീസ് മാർപാപ്പാ നമ്മെ ഓർമിപ്പിച്ചു. ദൈവം നൽകിയ പ്രകൃതിവിഭവങ്ങളെ ഉത്തരവാദിത്വത്തോടെ വിനിയോഗം ചെയ്യണമെന്ന അദ്ദേഹത്തിന്റെ ആഹ്വാനം ഏറ്റവും പ്രസക്തമാണ്. കാലാവസ്ഥാവ്യതിയാനവും കൊടുങ്കാറ്റും പേമാരിയും ഭൂകമ്പവും ലോകമെമ്പാടും ഭീതി വിതയ്ക്കുന്ന ഇക്കാലത്ത് നമ്മുടെ കണ്ണും കാതും തുറക്കണം. ദൈവികപദ്ധതി തിരിച്ചറിഞ്ഞ് സഹജീവികളെയും പ്രകൃതിയെയും സംരക്ഷിക്കുന്നവരായി നാം മാറണം. മനുഷ്യൻ അത്യാർത്തി വെടിഞ്ഞു വരുംതലമുറയ്ക്കായി മിച്ചംവയ്ക്കുന്ന കാവൽക്കാരനാകണം. നമ്മുടെ സ്വത്തും സമ്പത്തുമൊക്കെ മറ്റുള്ളവർക്കും ആവശ്യക്കാർക്കും നൽകുന്ന പങ്കിടൽമനോഭാവം നാം വളർത്തിയെടുക്കണം.

2023 ലെ സിനഡ് പരിശുദ്ധാത്മാവിനെ ശ്രവിച്ചുകൊണ്ട് ഒരുമിച്ചു യാത്ര ചെയ്യാനുള്ള ശ്രമമാണ്. എല്ലാവരെയും ഉൾക്കൊള്ളുന്ന, എല്ലാവർക്കും പങ്കാളിത്തമുള്ള കൂട്ടായ്മയാണിത്. ഓരോരുത്തരും അവരവരുടെ വിളിക്കനുസൃതമായി കടമകൾ നിർവഹിക്കുന്നു. ദൈവവിളി എന്നത് എല്ലാവർക്കുമുള്ളതാണ്. അതൊരു ഉത്തരവാദിത്വമാണ്. ബന്ധങ്ങൾ ശക്തിപ്പെടുത്താനും വിഭാഗീയതകൾ ഒഴിവാക്കാനും എല്ലാവരും ശ്രമിക്കണം.

### പട്ടിണിക്കാരുടെ ഇന്ത്യ

2021 ൽ പുറത്തുവന്ന ആഗോള വിശപ്പുസൂചികയിൽ 116 രാജ്യങ്ങളുടെ ലിസ്റ്റിൽ ഇന്ത്യയുടെ സ്ഥാനം 101 എന്നത് കൂടുതൽ ശ്രദ്ധ ആവശ്യമുള്ളതാണെന്ന കാര്യം ഭരണാധികാരികളോടൊപ്പം നാമും മനസ്സിലാക്കി പ്രവർത്തിക്കണം. പല രംഗത്തും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കു സാധിച്ചെങ്കിലും ദാരിദ്ര്യനിർമാർജനത്തിലും വിദ്യാഭ്യാസത്തിലും നാം വളരെ പിന്നിലാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കണം. പാവങ്ങൾക്കു ഗുണകരമായ പ്രവർത്തനങ്ങളാണു വേണ്ടത്.

### സ്നേഹവും പ്രണയവും

നിസ്വാർത്ഥവും നിർമലവുമായ സ്നേഹവും പ്രണയവും സ്വാർത്ഥതയ്ക്കും ഉപഭോഗസംസ്കാരത്തിനും ചൂഷണത്തിനും വഴിമാറുന്നതായാണ് ആനുകാലികസംഭവങ്ങൾ വ്യക്തമാക്കുന്നത്. മൂല്യബോധവും ദൈവചിന്തയും ആത്മീയതയും ഇവയെ വിശുദ്ധമാക്കുന്നു. ജഡികാസക്തിയും ഭൗതികചിന്തകളും ദൈവനിഷേധവും വികലമായ ബന്ധങ്ങളിലേക്കും അപക്വമായ ലൈംഗികബന്ധങ്ങളിലേക്കും നയിക്കുന്നു. സാമൂഹിക അരാജകത്വവും തിന്മയും പെരുകുവാൻ കാരണമാകുന്നു. ധാർമികതയ്ക്കും ശുദ്ധതയ്ക്കും നന്മയ്ക്കും പകരം അധാർമികതയും അശുദ്ധചിന്തകളും പ്രവൃത്തികളുംവഴി തിന്മയിലേക്കും നാശത്തിലേക്കും നയിക്കുന്ന ഈ ചതിക്കെണികളെപ്പറ്റി നമ്മുടെ യുവജനങ്ങളെ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കൾക്കും അധ്യാപകർക്കും ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വമുണ്ട്. ശരീരത്തിന്റെയും ഹൃദയത്തിന്റെയും ശിക്ഷണം ഇതിനാവശ്യമാണ്. വേഷഭൂഷാദികളിലുള്ള സമത്വം ഉപരിപ്ലവമാണ്. കുടുംബങ്ങളിലാണ് ഇതിനുള്ള പരിശീലനം നൽകേണ്ടത്. സ്കൂളുകളിലും കലാലയങ്ങളിലും ആരോഗ്യകരമായ ബന്ധം ഉറപ്പാക്കണം. സ്ത്രീപുരുഷസമത്വം വെറും ഉപരിപ്ലവമാക്കരുത്. സൗഹൃദങ്ങളിൽ പക്വതയും അകലവും ലക്ഷ്മണരേഖയും ഉറപ്പാക്കി ആത്മാഭിമാനവും ആത്മവിശ്വാസവുമുള്ള യുവതലമുറയെ രൂപീകരിക്കണം.

### മാധ്യമസ്വാതന്ത്ര്യവും ഉത്തരവാദിത്വവും

ജനാധിപത്യവും പത്രസ്വാതന്ത്ര്യവും വെല്ലുവിളികൾ നേരിടുകയാണ്. മാധ്യമങ്ങൾ സത്യത്തിനും നീതിക്കും മൂല്യങ്ങൾക്കുംവേണ്ടി നിലകൊള്ളണം. അധികാരദുർവിനിയോഗം, അഴിമതി, നുണപ്രചാരണങ്ങൾ, ഭീകരപ്രവർത്തനം, മതമൗലികവാദം, തീവ്രവാദം, വ്യക്തിഹത്യ തുടങ്ങിയവയിൽനിന്നു ജനങ്ങളെ സംരക്ഷിക്കാനും സ്വതന്ത്രപത്രപ്രവർത്തനം ആവശ്യമാണ്. സമൂഹത്തിന്റെ സമഗ്രപുരോഗതിക്കായി മാധ്യമപ്രവർത്തകർ പ്രവർത്തിക്കണം. സെൻസേഷണൽ ന്യൂസുകൾവഴി ചാനലുകൾ റേറ്റിങ് കൂട്ടാൻ ശ്രമിക്കുന്നത് അപഹാസ്യമാണ്. സമൂഹത്തിന്റെ സാംസ്കാരികനിലവാരം ഉയർത്താനാണ് മാധ്യമങ്ങൾ സഹായിക്കേണ്ടത്. 2021 ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനജേതാക്കൾ പത്രപ്രവർത്തകരായ മരിയ റെസയും ദിമിത്രി മുരാതേവും ഫിലിപ്പീൻസിലും റഷ്യയിലും പത്രസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവരാണ്. സർക്കാരിന്റെ സ്തുതിപാഠകരും കോർപ്പറേറ്റ് ഭീമന്മാരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നവരുമായി പത്രപ്രവർത്തകർ മാറിയാൽ ജനാധിപത്യം മരിക്കും, സാധാരണജനങ്ങൾ നിസ്സഹായരാവും.

**കൊടുങ്കാറ്റും പേമാരിയും ഭൂകമ്പവും ലോകമെമ്പാടും ഭീതി വിതയ്ക്കുന്ന ഇക്കാലത്ത് നമ്മുടെ കണ്ണും കാതും തുറക്കണം. ദൈവികപദ്ധതി തിരിച്ചറിഞ്ഞ് സഹജീവികളെയും പ്രകൃതിയെയും സംരക്ഷിക്കുന്നവരായി നാം മാറണം. മനുഷ്യൻ അത്യാർത്തി വെടിഞ്ഞു വരുംതലമുറയ്ക്കായി മിച്ചംവയ്ക്കുന്ന കാവൽക്കാരനാകണം. നമ്മുടെ സ്വത്തും സമ്പത്തുമൊക്കെ മറ്റുള്ളവർക്കും ആവശ്യക്കാർക്കും നൽകുന്ന പങ്കിടൽമനോഭാവം നാം വളർത്തിയെടുക്കണം**

### പരിസ്ഥിതിലോലപ്രദേശങ്ങൾ

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പേരിൽ കഴിഞ്ഞ എട്ടു വർഷമായി വിഷമിക്കുന്ന പശ്ചിമഘട്ടജനതയ്ക്കു പ്രതീക്ഷയ്ക്കു വകതരുന്ന വാർത്തകളാണ് അടുത്ത നാളിൽ കേന്ദ്രപരിസ്ഥിതി മന്ത്രി ഭൂപേന്ദ്രയാദവ് ഉറപ്പു തരുന്നത്. സംരക്ഷിതമേഖലകളായ കോർമേഖല ഒഴികെയുള്ള പ്രദേശങ്ങളെ പരിസ്ഥിതി ലോലമേഖലയിൽനിന്നു പൂർണമായി ഒഴിവാക്കിയേക്കും. ജനജീവിതത്തിനും വീടുകളുടെയും കെട്ടിടങ്ങളുടെയും പാലങ്ങളുടെയും മറ്റും നിർമാണത്തിനും തടസ്സങ്ങൾ ഉണ്ടാക്കില്ല എന്നും പറയുന്നു.

### കർഷകന്റെ വിജയം

ഒരു വർഷത്തോളമായി നടന്ന ജനകീയപ്രക്ഷോഭത്തിനു മുമ്പിൽ അടിയറവു പറഞ്ഞ് വിവാദ കാർഷികനിയമങ്ങൾ പിൻവലിക്കാനും കർഷകരോടു മാപ്പു പറയാനും പ്രധാനമന്ത്രി തയ്യാറായത് ജനാധിപത്യത്തിന്റെ വിജയമാണ്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കാർഷികമേഖലയാണെന്നും കൃഷിയെയും കർഷകരെയും അവഗണിക്കാനാവില്ലെന്നും സർക്കാർ സമ്മതിച്ചുവെന്നതു നിസ്സാരമല്ല.

### മാർപാപ്പായെ ക്ഷണിച്ചത്

പ്രധാനമന്ത്രി നരേന്ദ്രമോദി വത്തിക്കാനിലെത്തി മാർപാപ്പയെ സന്ദർശിച്ചതും ഒരു മണിക്കൂറിലേറെ നീണ്ട കൂടിക്കാഴ്ച നടത്തിയതും ഇന്ത്യ സന്ദർശിക്കാൻ അദ്ദേഹത്തെ ക്ഷണിച്ചതും നിസ്സാരമല്ല. ഈ നിലപാടുമാറ്റം ഭാരതത്തിലെ ക്രൈസ്തവർ ഏറെ പ്രതീക്ഷയോടെയാണു കാണുന്നത്.

### ജെ. ബി. കോശി കമ്മീഷൻ

കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾ സമഗ്രമായി പഠിക്കുന്നതിനും സാമൂഹിക-സാംസ്കാരികരംഗങ്ങളിലെ പിന്നാക്കാവസ്ഥയെപ്പറ്റി പഠിക്കുന്നതിനുമായി ജസ്റ്റീസ് ജെ.ബി. കോശിയുടെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയമിച്ചതും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതും പ്രതീക്ഷയ്ക്കു വക നൽകുന്നു.

### കൊവിഡും ന്യൂനോർമലും

കൊവിഡ് മഹാമാരി എല്ലാ രാജ്യങ്ങളുടെയും സാമ്പത്തികസ്ഥിതി താറുമാറാക്കി. എങ്കിലും സാധാരണക്കാരെയും പാവപ്പെട്ടവരെയുമാണ് ഇതു പരമദരിദ്രരാക്കിയത്. മിക്കവർക്കും തൊഴിൽ നഷ്ടപ്പെട്ടു. സാമ്പത്തികമാന്ദ്യവും വിലക്കയറ്റവും പട്ടിണിപ്പാവങ്ങളെ കൂടുതലായി സൃഷ്ടിച്ചു. കോർപ്പറേറ്റ് ഭീമന്മാരും ഔഷധക്കമ്പനികളും തഴച്ചുവളർന്നു. കൊവിഡിന്റെ പുതിയ വകഭേദങ്ങൾ, ഒമിക്രോൺ മുതലായവ ഭീതിയുണർത്തുന്നു. വാക്സിൻ ഇനിയും പരീക്ഷണനിരീക്ഷണങ്ങൾക്കു വിധേയമാകണം. കൂടുതൽ ഫലപ്രദമായ വാക്സിനുകൾക്കു രൂപം കൊടുക്കണം.

### ആർഭാടവും കടക്കെണിയും

നമ്മുടെ സമൂഹം കടക്കെണിയിലേക്കു കൂപ്പുകുത്തുകയാണ്. ആർഭാടങ്ങൾക്ക് ഒരു കുറവുമില്ല. ലഹരിയുടെ ഉപഭോഗവും നിശാസംസ്കാരവും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. വിവാഹത്തിനും സത്കാരത്തിനും ഒരു മിതത്വവുമില്ല. സ്ത്രീധനം വാങ്ങുകയില്ല എന്നു സത്യവാങ്മൂലം കൊടുത്താൽ മാത്രം പോരാ, വാങ്ങുകയില്ലെന്ന തീരുമാനം പ്രാവർത്തികമാക്കണം. പെൺകുട്ടികളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സംസ്കാരം രൂപം കൊള്ളണം. സ്ത്രീയെ ആദരിക്കുന്ന സംസ്കാരമുണ്ടാകണം. പ്രായമായ മാതാപിതാക്കളെയും വൃദ്ധജനങ്ങളെയും സംരക്ഷിക്കേണ്ടത് മക്കളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണെന്ന ചിന്ത എല്ലാവർക്കുമുണ്ടാകണം.

വർഗീയചിന്തകൾവിട്ടു പരസ്പരവിശ്വാസത്തോടെ തീവ്രവാദത്തിനും ലഹരിക്കും മയക്കുമരുന്നതിനുമെതിരേ പോരാടാം. സ്നേഹവും ധാർമികതയും മൂല്യങ്ങളുമുള്ള ഒരു പുത്തൻവർഷത്തിനായി നമുക്കു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം.

■

# സിനിമയെ വിശുദ്ധിയോടെ കണ്ട വിശ്രുത സംവിധായകൻ

## ഈയിടെ അന്തരിച്ച പ്രശസ്തസംവിധായകൻ സേതുമാധവനെക്കുറിച്ച്



സുനിൽ പാലാ

കുഞ്ഞുന്നാളിലെ സന്ന്യാസിയാകാനായിരുന്നു സേതുമാധവന്റെ ആഗ്രഹം. മദ്രാസിൽ ഫോറസ്റ്റ് ഓഫീസറായിരുന്ന അച്ഛൻ സുബ്രഹ്മണ്യനോടും അമ്മ ലക്ഷ്മിയമ്മയോടും കുഞ്ഞുസേതുമാധവൻ പലപ്പോഴും പറഞ്ഞു: എനിക്കു സന്ന്യാസിയാകണം!

എന്നാൽ, 40-ാം വയസ്സിൽ ഹൃദയാഘാതത്തെത്തുടർന്ന് അച്ഛൻ സുബ്രഹ്മണ്യൻ മരണമടഞ്ഞതോടെ സേതുമാധവന്റെ കൊച്ചുമോഹം നടന്നില്ല. പണ്ട് രമണമഹർഷിയുടെ ആശ്രമത്തിൽ പോയതോടെയാണ് കുഞ്ഞുമനസ്സിൽ സന്ന്യാസി എന്ന മോഹം നാമ്പിട്ടത്.

അച്ഛൻ മരിച്ചതോടെ ആ മോഹം മുരടിച്ചുപോയെങ്കിലും അമ്മ ലക്ഷ്മിയമ്മ മകനൊരു ഉപദേശം നൽകി: സത്യസന്ധമായി സ്വന്തം കർമം മുന്നോട്ടു കൊണ്ടുപോയി ജീവിച്ചാൽ അതുമൊരു സന്ന്യാസമാണ്!

ഇതോടെ അമ്മയുടെ വാക്കുകൾ മന്ത്രോപദേശമായി സേതുമാധവൻ മനസ്സിലുറപ്പിച്ചു. പിന്നീട് ഏറ്റവും പ്രമുഖനായ സംവിധായകനായി മാറിയപ്പോഴും അമ്മ നൽകിയ ആ വിശുദ്ധി കെ.എസ്. സേതുമാധവൻ ഒരിക്കലും ഉപേക്ഷിച്ചില്ല.

സേതുമാധവന്റെ സിനിമാരംഗത്തെ വളർച്ച അതിവേഗമായിരുന്നു. മദ്രാസിലെ ജമിനി സ്റ്റുഡിയോയിൽ 'മർമയോഗി' എന്ന ചിത്രത്തിൽ 1951 ൽ അന്നത്തെ സംവിധായകൻ രാമനാഥന്റെ സഹായിയായി ചലച്ചിത്രജീവിതം ആരംഭിച്ച സേതുമാധവന് പിന്നീട് തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല. മലയാളത്തിലായിരുന്നില്ല ഇദ്ദേഹത്തിന്റെ ആദ്യ സ്വതന്ത്ര സംവിധാനചിത്രം. 'വീരവിജയ' എന്ന സിംഹളചിത്രത്തിലൂടെയാണ് സേതുമാധവൻ സംവിധായകന്റെ കുപ്പായം ആദ്യമണിയുന്നത്. തമിഴ്നാട്ടിലും ശ്രീലങ്കയിലും ഒരേസമയം പുറത്തിറങ്ങിയ ഈ ചിത്രം ഏറെ ജനപ്രീതി നേടി.

മലയാളത്തിൽ 1962 ൽ ഇറങ്ങിയ 'ജ്ഞാനസുന്ദരി'യായിരുന്നു ആദ്യചിത്രം. അക്കൊല്ലം തന്നെ സത്യനെയും അംബികയെയും നായികാനായകന്മാരാക്കി സംവിധാനം ചെയ്ത 'കണ്ണും കരളും' എന്ന ചത്രത്തിലൂടെ മലയാളിയുടെ കണ്ണും കരളും കവർന്നു.

മൂന്നാമത്തെ ചിത്രം തമിഴിൽനിന്ന് റീമേക്ക് ചെയ്ത 'നിത്യകന്യക' ആയിരുന്നു. 1963 ൽ 'സുശീല' പുറത്തിറങ്ങി.

1965 ൽ ഇദ്ദേഹം സംവിധാനം ചെയ്ത 'ഓടയിൽനിന്ന്' എന്ന സിനിമ കേശവദേവിന്റെ നോവലിന്റെ ചലച്ചിത്രാവിഷ്കാരമായിരുന്നു. ഇത് റിക്കാർഡ് കളക്ഷൻ നേടി.

ജീവിതത്തിൽ സിനിമയെ വെല്ലുന്ന തരത്തിൽ വിജയങ്ങൾ വെട്ടിപ്പിടിക്കുമ്പോഴും പണ്ട് അമ്മയ്ക്കു കൊടുത്ത ഒരു വാക്കായിരുന്നു സേതുമാധവന്റെ മനസ്സിലെന്നും. അച്ഛന്റെ മരണശേഷം തന്നെയും തനിക്കു താഴെയുള്ള നാലു സഹോദരങ്ങളെയുംകൂട്ടി മദ്രാസിൽനിന്ന് ട്രെയിനിൽ പാലക്കാട്ടേക്കു തിരിച്ച അമ്മ ഏറെ മനോവേദനയാൽ ആ ട്രെയിനിൽ നിന്നുതന്നെ മക്കളെയും കൂട്ടി ചാടി മരിക്കാൻ തീരുമാനിക്കുന്നു. അമ്മയുടെ കടുത്ത ദുഃഖം കണ്ട കൊച്ചുസേതുമാധവൻ അമ്മയെ കെട്ടിപ്പിടിച്ചു പറഞ്ഞു: "അമ്മേ വിഷമിക്കരുത്, ഞാൻ പഠിച്ച് ഉദ്യോഗം നേടിയിട്ട് അമ്മയെ മദ്രാസിലേക്കു കൊണ്ടുപോകാം. സഹോദരങ്ങളെയൊക്കെ പഠിപ്പിക്കാം. എല്ലാ സുഖസൗകര്യങ്ങളും ഒരുക്കിത്തരാം. അമ്മ കരയരുത്..."

ആ ഒറ്റക്കാര്യംകൊണ്ടാണ് അന്നു നമ്മൾ മരിക്കാതിരുന്നതെന്ന് പിന്നീട് അമ്മ ലക്ഷ്മിയമ്മ സേതുമാധവനോടു പറഞ്ഞിരുന്നു. ആ വാക്ക് ഒരിക്കലും സേതുമാധവൻ തെറ്റിച്ചില്ല. മാത്രമല്ല നേട്ടങ്ങളെല്ലാം ഉണ്ടാക്കി അമ്മയെ മദ്രാസിനു കൊണ്ടുപോകുകയും ചെയ്തു.

സിനിമയുടെ വെള്ളിവെളിച്ചത്തിൽ നാലു തവണ മികച്ച സംവിധായകനുള്ള സംസ്ഥാന



സർക്കാർ അവാർഡ് നേടിയ കെ. എസ്. സേതുമാധവൻ പിന്നീട് ഹിന്ദി, തെലുങ്ക്, തമിഴ്, കന്നഡ തുടങ്ങിയ ഭാഷകളിലും ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.

2009 ൽ അദ്ദേഹത്തെ സംസ്ഥാനസർക്കാർ ജെ.സി. ദാനിയേൽ പുരസ്കാരം നൽകി ആദരിക്കുകയുണ്ടായി. ബാലതാരമായി കമൽഹാസനെ സിനിമയിൽ അവതരിപ്പിച്ച കെ. എസ്. സേതുമാധവൻ മമ്മൂട്ടി ആദ്യമായി അഭിനയിച്ച 'അനുഭവങ്ങൾ പാളിച്ച'കളുടെയും സംവിധായകനാണ്.

ആറു ഭാഷകളിലായി മൊത്തം 65 സിനിമകൾ സംവിധാനം ചെയ്ത സേതുമാധവനാണ് ഏറ്റവുമധികം മലയാളകൃതികൾ സിനിമയാക്കിയ സംവിധായകൻ.

എം. ടി. വാസുദേവൻനായർ തിരക്കഥയെഴുതിയ വേനൽക്കിനാവുകൾ (1991) ആണ് അവസാനത്തെ മലയാളചിത്രം. ചെന്നൈയിൽ കോടമ്പാക്കം ഡയറക്ടേഴ്സ് കോളനിയിൽ വിശ്രമജീവിതം നയിക്കുന്നതിനിടയിലാണ് അന്ത്യം സംഭവിച്ചത്.

സിനിമയിലും സിനിമാസെറ്റിലും ജീവിതത്തിലും എന്നും വിശുദ്ധി കാത്തുസൂക്ഷിച്ച സേതുമാധവൻ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. ഒരു സിനിമാനടന്റെയോ നടിയുടെയോ കഴിവുമാത്രമല്ല ദൗർബല്യങ്ങളും തിരിച്ചറിഞ്ഞ് ചിത്രീകരിക്കുന്നിടത്താണ് ഒരു സംവിധായകന്റെ വിജയം. അവിടെയാണ് സംവിധായകന് കാണികളുടെയും സിനിമാനിരൂപകരുടെയും കൈയടി കിട്ടുന്നത്. ആ കൈയടിക്ക് ഏറ്റവും അർഹനായ ആളാണ് മലയാളത്തെ വിട്ടുപിരിഞ്ഞ സേതുമാധവൻ എന്ന മഹാപ്രതിഭ.

■

# അസംതൃപ്തിയുടെ വേരുകൾ

പ്രഫ. എ.ടി. ഏബ്രഹാം വാളനാട്ട്

എത്ര നന്മകൾ സമൃദ്ധമാംവിധം
ലഭ്യമാം സ്ഥിതിയിലായിരിക്കിലും
തൃപ്തരല്ലിവിടെ മർത്ത്യരാരുമേ,
സത്യമാണിതു വിചിത്രമെങ്കിലും.
ആവലാതികളെഴാതെയുള്ളവർ
ഭൂവിതിൽ വിരളമാണു കാണുക;
കൈവരാത്ത ചിലതൊക്കെയോർത്തുകൊ-
ണ്ടാകുലപ്പെടുകയാണു മാനുഷർ.
ഏറെയുണ്ടു ധനശേഷി, മറ്റുമൊ-
ട്ടേറെയുണ്ടു വഴികൾ സുഖത്തിനായ്,
തീരെ ബാധ്യതകളില്ല, ജീവിതം
ഭാരമുക്തമിതുപോലെ, യെങ്കിലും
ചുറ്റുമുണ്ടു തുണയേകുവാൻ സദാ
സജ്ജരായവരനേക,രുറ്റവർ
ശത്രുവാരുമണയാ രണത്തിനായ്,
ഭദ്രമാം നിലയിലേവമാകിലും.
ഘോരരോഗദുരിതങ്ങളാലെഴും
ക്രൂരപീഡകളറിഞ്ഞിടാതെയും
സാരമാം സഹനകാരണങ്ങളാം
വേറെ യാതനകളിൽപ്പെടാതെയും
നഷ്ടമേകിടുമനർത്ഥമൊന്നിലും
പെട്ടിടാതെ ജയമെന്തിലും വരാൻ
നിത്യവും നിയതി പിന്തുണയ്ക്കയാൽ
വൃദ്ധി താൻ സതതവും ഭവിക്കയും.
ഇത്ര സൗഭഗ സമൃദ്ധിയൊക്കെ സം-
സിദ്ധമായ സദനങ്ങളാകിലും
വ്യക്തമാകുമൊരു സത്യമോർക്കിൽ സം-
തൃപ്തിയില്ലിവിടെയൊന്നുമെന്നതാം.
ഒന്നിനും കുറവെഴാതെയിത്രയും
ധന്യമാം നിലയിലായിരിക്കിലും
പിന്നെയും നരനതൃപ്തിയെന്തിനാ-
ണെന്ന ചോദ്യമുയരുന്നു നിശ്ചയം.
ഏറെ നമ്മൾ തിരയേണ്ടതില്ലിതിൻ
കാരണത്തി,നതിലില്ല സംശയം.
വേറെയല്ലതു, പലേ വിനയ്ക്കുമാ-
ധാരമാമമിത മോഹമൊന്നു താൻ.
പാരിതിൻ സഹജമാണു മർത്യരാ-
മാരിലും ചിരമതൃപ്തിയീവിധം
നൂറിൽ നൂറുമുളവാം ജയത്തിലും
തീരുകില്ലിവിടെ മോഹമാർക്കുമേ.
വിത്തവും പദവിയും പ്രശസ്തിയും
മറ്റു ഭൗതിക ധനങ്ങളൊക്കെയും
എത്രയുദ്ഗതിയിൽ വന്നുചേരിലും
വ്യർത്ഥ,മീ വിജയമൊക്കെ നശ്വരം.
തേടിവച്ചു മുതലേറെ, യൊന്നുമേ
നേടിടാതൊടുവിൽ യാത്രയാവുനാം.
കൂടൊഴിഞ്ഞു പിരിയുന്ന വേളയിൽ
കൂടെയെന്തെഴുക കൊണ്ടുപോകുവാൻ?
ഉള്ളതെത്ര കുറവാകിലും നമു-
ക്കല്ലൽ വേ,ണ്ടതിനെയോർത്തു തെല്ലുമേ.
വല്ലഭൻ പ്രിയ സുതർക്കു നിശ്ചയം.
നല്ലതേ തരികയു,ള്ളിതോർക്കണം.

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## ചേരികൾ

കാമുകനും കാമുകിയും ഒരു ചേരിയിൽ. അവരുടെ അമ്മയച്ഛന്മാർ മറുചേരിയിൽ.

പൊതുജനത്തിൽ ചിലർ കാമുകീകാമുകന്മാരുടെ ചേരി ചേർന്നു. മറ്റു ചിലർ അമ്മയച്ഛന്മാരുടെ ചേരിയിലായി. വേറേ ചിലർ ഒരു ചേരിയിലും ഭാഗമായില്ല.

ചേരി ചേരാത്തതാണു ശരിയെന്നർത്ഥമില്ല. അത് വോട്ടു ചെയ്യാതിരിക്കുന്നതുപോലെയാണ്. നിസ്സംഗത ദോഷഫലമേ ചെയ്യൂ.

ഏതായാലും, കാമുകിയും കാമുകനും ഭിന്നിച്ച് ഇരുചേരിയാകാതിരുന്നാൽ മതി. ഇക്കാലത്ത് അതാണല്ലോ എളുപ്പം സംഭവിക്കുന്നത്!

# ഈ യാത്ര ഇന്ത്യയുടെ ആത്മാവിനെത്തേടി



സി. ഡോ. തെരേസ് ആലഞ്ചേരി

പ്രശാന്ത് – ആ പേര് അദ്ദേഹം സ്വയം സ്വീകരിച്ചതായിരുന്നു. ആരും ചാർത്തിക്കൊടുത്തതല്ല. അതു ജീവിക്കുന്ന തിരക്കിലാണദ്ദേഹം. പ്രക്ഷുബ്ധതയില്ലാത്തത്, ആന്തരികസന്തോഷം നിറഞ്ഞത് എന്നൊക്കെയാണ് ഈ പേരിന്റെ വാച്യാർത്ഥം.

“പ്രശാന്തമനസം ഹ്യേനം
യോഗിനം സുഖമുത്തമം
ഉപൈതി ശാന്തരജസം
ബ്രഹ്മഭൂതമകല്മഷം”
(ഭഗവദ്ഗീത 6:27).

1964 സെപ്റ്റംബർ 29 ന് പാലയ്ക്കാപ്പിള്ളിൽ സേവ്യർ – ത്രേസ്യാമ്മ ദമ്പതികളുടെ മകനായി ഫാ. പ്രശാന്ത് കൊച്ചിയിൽ ജനിച്ചു. പ്രാഥമികവിദ്യാഭ്യാസാനന്തരം സി.എം.ഐ. സഭയിൽ ചേർന്ന ജോൺസൺ സേവ്യർ പാലയ്ക്കാപ്പിള്ളിൽ പ്രശാന്തച്ചൻ എന്ന പേരിലാണ് ജനകീയനായത്. മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽനിന്നു ട്രെയിനിങ് നേടിയിട്ടുള്ള ഫാ. പ്രശാന്ത് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്നാണ് സോഷ്യൽ വർക്കിൽ പിഎച്ച്ഡി എടുത്തത്. പതിനൊന്ന് വർഷത്തോളം കേരളത്തിലെ ഏറ്റവും പ്രശസ്തമായ തേവര സേക്രഡ് ഹാർട്ട് കോളജിന്റെ അമരക്കാരനായിരുന്നു ഫാദർ പ്രശാന്ത് പാലയ്ക്കാപ്പിള്ളിൽ. അമേരിക്കയിലെ വെസ്റ്റേൺ മിഷിഗൺ യൂണിവേഴ്സിറ്റി, മേരിലാൻഡ് സ്കൂൾ ഓഫ് സോഷ്യൽ വർക്ക് തുടങ്ങി സ്വദേശത്തും വിദേശത്തുമുള്ള വിവിധ യൂണിവേഴ്സിറ്റികളിൽ വിസിറ്റിങ് പ്രഫസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആഡംബരങ്ങളും ആഘോഷങ്ങളുമില്ലാതെ ഒരു സാധാരണ മനുഷ്യനെപ്പോലെ ജീവിക്കുന്ന അസാധാരണ വ്യക്തിത്വം. ഔദ്യോഗികജീവിതത്തിൽനിന്നു വിരമിച്ചയുടനെ ഹോണ്ടാ യുണികോൺ ബൈക്കിൽ അദ്ദേഹം ഇന്ത്യയിലുടനീളം യാത്ര ചെയ്തു. നൂറ്റിയിരുപത്തൊന്നു ദിവസം നീണ്ടുനിന്ന യാത്രയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലൂടെ അദ്ദേഹം സഞ്ചരിച്ചു. ഇന്ത്യയുടെ ആത്മാവിനെത്തേടിയുള്ള യാത്ര. അധികവും ഗ്രാമങ്ങളിലൂടെയാണു സഞ്ചരിച്ചത്. യാത്രകളെ സ്നേഹിച്ച പ്രശാന്തച്ചൻ യാത്രയ്ക്കിടയിൽ കണ്ടുമുട്ടിയ ചെറുപുല്ലിനെയും മണ്ണിനെയും മനുഷ്യരെയും ആദരപൂർവം സ്മരിച്ചുകൊണ്ടു പറയുന്നതിപ്രകാരം; ‘സമാധാനം, അനുരഞ്ജനം, അതാണ് എന്റെ മനസ്സിന്റെ നിയോഗം.’

മനുഷ്യർ തമ്മിലും ഈ ഭൂമിയുമായും സമാധാനത്തിൽ വർത്തിക്കണം.



*ബൈക്കിൽ അഖിലേന്ത്യാപര്യടനം നടത്തുന്ന തേവര എസ്.എച്ച്. കോളജ് മുൻ പ്രിൻസിപ്പൽ ഫാ. ഡോ. പ്രശാന്ത് പാലയ്ക്കാപ്പിള്ളിൽ ഡൽഹിയിൽ എത്തിയപ്പോൾ*

യാത്രയ്ക്കിടയിൽ അദ്ദേഹം ഡൽഹിയിലെ കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അവരോടു സംസാരിച്ചു. ഫ്രാൻസീസ് മാർപാപ്പായുടെ ലൗദാത്തോ സി എന്ന ചാക്രികലേഖനം പ്രശാന്തച്ചന് ഒരു മാർഗരേഖയായിരുന്നു. പല സ്ഥലങ്ങളിലുംവച്ച് പരിചിതരെയും പൂർവവിദ്യാർത്ഥികളെയും കണ്ടുമുട്ടുന്നതിനിടയായതും അദ്ദേഹം സ്നേഹപൂർവം ഓർമിക്കുന്നു. ഏവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ടാണ് ഈ അമ്പത്തിയാറുകാരൻ വൈദികൻ 15 വർഷം പഴക്കമുള്ള ബൈക്കിൽ യാത്ര ചെയ്തത്. ത്രിപുരയിൽ എത്തിയപ്പോൾ അവിടുത്തെ ബിഷപ്പും ഒരു സംഘം വൈദികരും ഇദ്ദേഹത്തോടൊപ്പം കുറച്ചുദൂരം സഞ്ചരിക്കാനിടയായതിനെക്കുറിച്ചും പ്രകൃതിവനം, പുനെയിലെ കപ്പിൾസ് നടത്തുന്ന ഫാം, കൃഷിയിടങ്ങൾ, വെയ്സ്റ്റ് മാനേജ്മെന്റ് പ്രോഗാം ഇതൊക്കെ കാണാനിടയായതിനെക്കുറിച്ചും അദ്ദേഹം വാചാലനാകുന്നു. “ഒന്നും പ്രതീക്ഷിച്ചില്ല; പക്ഷേ, എല്ലാം എനിക്ക് അനുകൂലമായിരുന്നു. കിട്ടിയതിനെല്ലാം നന്ദി മാത്രം.”

“ചെറിപ്പൂക്കൾ വിടരുന്ന
ഇടമാണെങ്കിലും നമ്മുടേത്
ഒരു പ്രയാസമേറിയ ലോകമാണ്” (ഹൈക്കു)

പ്രയാസമേറിയ ലോകത്തെക്കുറിച്ചു വിഷാദഭരിതനാകാതെ വിരിയുന്ന ചെറിപ്പൂക്കളിൽ പ്രതീക്ഷയർപ്പിച്ച ഒരു സാധകന് ഇനിയും പറയാൻ ഏറെയുണ്ട്. ■

# പിൻകഴുത്തിൽ സംഭവിക്കുന്ന ഗ്രീവാഗ്രഹം



ഡോ. ടോം പി. പോൾ

**ആയുർവേദം**

താരതമ്യേന നിസ്സാരമായ പിടലി ഉളുക്കു മുതൽ ഗ്രീവാകശേരുക്കളെ ആശ്രയിച്ചുണ്ടാകുന്ന മാരകമായ വ്യാധികൾക്കുവരെ കാണുന്ന പ്രധാന ലക്ഷണമാണ് ഗ്രീവാഗ്രഹം. കമ്പ്യൂട്ടറിൽ ദീർഘനേരം ജോലിചെയ്യേണ്ടിവരുന്ന മിക്കവർക്കും, ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്കും ഗ്രീവാഗ്രഹം ഒരു സാധാരണപ്രശ്നമാണ്. ആയുർവേദചികിത്സകർക്കു മുന്നിലെത്തുന്ന രോഗികളിൽ നല്ല ശതമാനത്തിന്റെയും അസ്വസ്ഥത ഗ്രീവാഗ്രഹം തന്നെ.

ഗ്രീവ എന്ന പദംകൊണ്ട് ജത്രുവിനെ (Neck) പൊതുവേ അർത്ഥമാക്കാമെങ്കിലും പിൻകഴുത്തിനെയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. പൃഷ്ഠവംശത്തിന്റെ (Vertibral Column) ആദ്യത്തെ ഏഴു കശേരുക്കൾക്ക് ഗ്രീവാകശേരുക്കൾ എന്നാണു പേര്. പച്ചമലയാളത്തിൽ ഇത് പിടലിയാണ്. ധാരാളം പേശികൾ, നാഡികൾ, ലസികാഗ്രന്ഥികൾ, രക്തക്കുഴലുകൾ എന്നിവ ഈ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. ആയുർവേദ ശാസ്ത്രപ്രകാരം ഈ ഭാഗത്ത് 16 മർമങ്ങൾ സ്ഥിതി ചെയ്യുന്നു. ഗ്രീവയിൽ ഏൽക്കുന്ന അഭിഘാതങ്ങളും രോഗങ്ങളും ഈ മർമസ്ഥാനങ്ങളിലെല്ലാം പ്രതികൂലമായ പ്രതികരണങ്ങൾ ഉളവാക്കുന്നതാണ്.

ഗ്രീവാകശേരുക്കൾക്കോ കശേരുസന്ധികൾക്കോ കശേരുകാന്തരചക്രങ്ങൾക്കോ (Inter Vertibral Disc) വൈകൃതം സംഭവിച്ചുണ്ടാകുന്ന രോഗങ്ങളിൽ ഗ്രീവാഗ്രഹം ഉറപ്പാണ്. സാധാരണഗതിയിൽ വെയിൽ കൊണ്ടോ, കാറ്റേൽക്കുന്നതു മൂലമോ കലശലായ ശൈത്യബാധയാലോ, ഭാരം ചുമക്കുക, ഊർദ്ധ്വനിരീക്ഷണം തുടങ്ങിയ ആയാസകരമായ കർമങ്ങളാലോ ഗ്രീവാപേശികൾക്കു നീർവീഴ്ച ഉണ്ടായാലും ഗ്രീവാഗ്രഹം ഉണ്ടാകാം. എന്നാൽ, ഇങ്ങനെയുണ്ടാകുന്ന ഗ്രീവാഗ്രഹങ്ങൾ താരതമ്യേന നിസ്സാരമാണ്. നിസ്സാരമായ ഔഷധപ്രയോഗങ്ങൾകൊണ്ടും മൃദുവായ അഭ്യംഗ (Massage) സ്വേദനങ്ങൾകൊണ്ടും അവ മാറിക്കിട്ടും. എന്നാൽ, ഗ്രീവാകശേരുക (Cervical Vertibra), കശേരുകാസന്ധി (Vertibral Joints), കശേരുകാന്തരാചക്രങ്ങൾ (Inter Vertibral Disc) എന്നിവയെ ബാധിക്കുന്ന രോഗങ്ങളുടെ പ്രധാന ലക്ഷണമായുണ്ടാകുന്ന ഗ്രീവാഗ്രഹം കൂടുതൽ ഗൗരവത്തോടെ കാണേണ്ടതും ഗൗരവപൂർവം ചികിത്സിക്കപ്പെടേണ്ടതുമാണ്. ഈ രോഗാവസ്ഥകളെ വാതവ്യാധികളിൽ ഉൾപ്പെടുത്തിയാണ് ആയുർവേദചികിത്സ നടത്തുന്നത്. കശേരുക്കളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ വേർതിരിച്ചു മനസ്സിലാക്കാൻ X-Ray, Scanning മുതലായ പരിശോധനകളെ ആശ്രയിക്കാവുന്നതാണ്. അതനുസരിച്ച് അംഗീകൃത യോഗ്യതയുള്ള ആയുർവേദ ഡോക്ടർമാർ ചികിത്സ നടത്തുന്നു. ചികിത്സയ്ക്കുശേഷമുള്ള കാലഘട്ടം വളരെ പ്രധാനപ്പെട്ടതാണ്. ചെയ്യാൻ പാടുള്ളവ, ചെയ്യാൻ പാടില്ലാത്തവ, യോഗ, ചിലതരം Neck Exercise ഇവ രോഗിയെ പറഞ്ഞു മനസ്സിലാക്കേണ്ടതാണ്. നസ്യം, തളം, Cervical Massage എന്നിവ വളരെ ഉപകാരപ്രദമാണ്. മാനസികപിരിമുറുക്കം (Stress) ചിലർക്ക് ഗ്രീവാഗ്രഹം ഉണ്ടാകാൻ കാരണമാകുന്നുണ്ട്. പ്രാണായാമം, ശവാസനം, ധ്യാനം (Meditation) എന്നിവ ഇക്കൂട്ടരിൽ പ്രയോജനം നൽകുന്നു. ■






"ഇതാണ് വിഷയം. ഈ വിഷയത്തിന് ഒരു പരിഹാരം കാണണ്ടേ? നിങ്ങളെന്തു പറയുന്നു?"

ഫാ. മാത്യു താൻ അവതരിപ്പിച്ച വിഷയത്തിന്റെ പ്രതികരണത്തിനായി അധ്യാപകർ ഓരോരുത്തരുടെയും മുഖങ്ങളിലേക്കു നോക്കി. അധ്യാപകരിലെല്ലാം ഒരു തരം വീർപ്പുമുട്ടലുണ്ടായി. ഫാ. സെബാസ്റ്റ്യനാവട്ടെ തലകുമ്പിട്ടിരിക്കുകയാണ്.

"ആരും ഒന്നും പറയാതിരിക്കുന്നതുകൊണ്ട് സമയം പോകുന്നതല്ലാതെ പരിഹാരം ഉണ്ടാകുന്നില്ല." ഫാ. മാത്യുവിന്റെ സ്വരത്തിൽ നീരസവും ദേഷ്യവും കലർന്നിരുന്നു.

"അച്ചനെന്താ ഒന്നും മിണ്ടാത്തത്?"ഫാ. മാത്യു ഫാ. സെബാസ്റ്റ്യനോടു ചോദിച്ചു.

"ഞാൻ...' അദ്ദേഹം ഉത്തരം പറയാതെ വിക്കി.

''എനിക്ക് സനലിനോടു വ്യക്തിപരമായി യാതൊരു വിദ്വേഷവുമില്ല. പക്ഷേ, സ്കൂളിന്റെ റെപ്യൂട്ടേഷൻ.. അത് പ്രധാനപ്പെട്ടതാണ്. പേരന്റ്സ് പലരും കംപ്ലെയ്ന്റ് ചെയ്തു. പോരാഞ്ഞിട്ട് ഇന്നലെ ക്ലാസിലും..."

ഫാ. മാത്യു വാക്കുകൾ പൂർത്തിയാക്കിയില്ല.

സനലിന്റെ മദ്യപാനമായിരുന്നു സ്റ്റാഫ് മീറ്റിങ്ങിലെ വിഷയം. സനൽ മദ്യപിക്കുന്ന വിവരം പുറത്തറിഞ്ഞുതുടങ്ങിയിരിക്കുന്നു. ആദ്യമൊക്കെ സുമൻ കൊണ്ടുവരുന്ന മദ്യം മാത്രമായിരുന്നു അയാൾ കുടിച്ചിരുന്നത്. പക്ഷേ, പതുക്കെപ്പതുക്കെ അയാൾ അതിൽനിന്നു പുറത്തുകടന്നു. ക്ലാസ്സുകഴിഞ്ഞ് അയാൾ ഇപ്പോൾ നേരേ പോകുന്നത് ബിവറേജിലേക്കാണ്. അത്തരം ചില യാത്രകളിൽ സ്റ്റുഡന്റ്സിന്റെ പേരന്റ്സ് അയാളെ കാണുകയുണ്ടായി. തുടർന്നുള്ള നിരീക്ഷണത്തിൽ അയാൾ സ്ഥിരമായി മദ്യപിക്കുന്നുണ്ടെന്നും അവർ മനസ്സിലാക്കി. മദ്യപിക്കുന്നവരാണെങ്കിലും വേറൊരാൾ മദ്യപിക്കുന്നതോ മദ്യം വാങ്ങുന്നതോ കാണുമ്പോൾ അത് പറഞ്ഞുപരത്തുന്നതും സന്തോഷിക്കുന്നതും സാധാരണമാണല്ലോ. അങ്ങനെയാണ് ഫാ. മാത്യുവിന്റെയും ഫാ. സെബാസ്റ്റ്യന്റെയും കാതുകളിൽ സനലിന്റെ മദ്യപാനവിവരമെത്തിയത്. കേട്ടമാത്രയിൽ അവരതു വിശ്വസിച്ചില്ല. കാരണം, സനൽ അത്തരക്കാരനല്ലെന്ന് അവർക്കുറപ്പുണ്ടായിരുന്നു. പക്ഷേ, സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ തലേന്നത്തെ ഹാങ് ഓവർ വിട്ടുമാറാതെയാണ് ക്ലാസിലെത്തുന്നതെന്നും പഴയതുപോലെ പഠിപ്പിക്കുന്നില്ലെന്നും അവർക്കു മനസ്സിലായി. എങ്കിലും തെളിവുകൾക്കുവേണ്ടി സനലിനെ നിരീക്ഷിക്കാൻ സ്കൂളിലെ ചില ഓഫീസ് സ്റ്റാഫിനെ നിയോഗിച്ചു. അവർ കൃത്യമായി ആ തെളിവ് മൊബൈലിൽ പകർത്തിക്കൊണ്ടാണു വന്നത്. അതോടെ സനൽ സ്ഥിരം മദ്യപിക്കുന്നുണ്ടെന്ന കാര്യത്തിൽ സ്ഥിരീകരണം ലഭിച്ചു. ദയയെ വിളിച്ചു കാര്യം ചോദിച്ചപ്പോൾ വീടിന്റെ ചിത്രവും വ്യക്തമായി. അതിനു പുറമേയായിരുന്നു കഴിഞ്ഞ ദിവസം ക്ലാസിൽവച്ച് സനൽ ഛർദ്ദിച്ചത്. മദ്യത്തിന്റെ ഗന്ധമായിരുന്നു പുറത്തേക്കു വന്നത്. അതോടെയാണ് സനലിന്റെ കാര്യത്തിൽ ഒരു തീരുമാനത്തിലെത്തണമെന്ന് മാനേജ്മെന്റ് തീരുമാനിച്ചതും സ്റ്റാഫ് മീറ്റിങ് വിളിച്ചുകൂട്ടിയതും.

''അലോഷ്യസ്സാറെന്തു പറയുന്നു?" ഫാ. മാത്യു അലോഷ്യസിനോടു ചോദിച്ചു. ആ ചോദ്യം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു അലോഷ്യസ്.

''നിങ്ങള് വളരെ അടുത്ത സുഹൃത്തുക്കളാണല്ലോ..." ഫാ. മാത്യു അതിന്റെ വിശദീകരണവും നല്കി. അലോഷ്യസ് തലകുലുക്കി

''സനൽസാറിന്റെ പേരിൽ ഏത് ആക്ഷൻ എടുത്താലും ഇപ്പോഴത്തെ സാഹചര്യത്തിൽ അത് അധികമായിപ്പോകുമോയെന്നാ എന്റെ പേടി." അലോഷ്യസ് പറഞ്ഞു. "നമുക്കറിയാം സ്മിതയുടെ മരണം..."

അതു പൂർത്തിയാക്കാൻ അനുവദിക്കാതെ മാത്യു അച്ചൻ ഇടയ്ക്കു കയറി:

''മരണമൊക്കെ നമ്മുടെ കൈയിലിരിക്കുന്ന കാര്യമാണോ സാറേ? ഈ ലോകത്തിൽ ഭാര്യ മരിച്ച ആദ്യത്തെ ഭർത്താവാണോ സനല്? ഒരു പ്രശ്നത്തെ നേരിടുന്നതിലല്ലേ ആണൊരുവന്റെ കഴിവിരിക്കുന്നത്. അല്ലാതെ ഓടിയൊളിക്കുന്നതിലാണോ.. ഇത് ശരിയായ രീതിയല്ല. എനിക്കതിനെ പ്രോത്സാഹിപ്പിക്കാനും കഴിയില്ല. സെന്റിമെന്റ്സ് പറഞ്ഞ് അയാളോടു സഹാനുഭൂതി കാണിക്കുന്നത് അയാളെ ഒരിക്കലും രക്ഷപ്പെടുത്തില്ല."

''കുട്ടികൾക്കു മാതൃകയാകേണ്ട ഒരാൾ ഇങ്ങനെ മദ്യപിക്കുന്നതു ശരിയാണോ?" രജനിറ്റീച്ചർ ചോദിച്ചു.

"അച്ചൻ പറഞ്ഞതു ശരിയാ. സ്കൂളിന്റെ സൽപ്പേര് നോക്കണ്ടേ? ഇത്രയും വർഷംകൊണ്ട് നേടിയെടുത്ത പേരുമുഴുവൻ ഒറ്റയൊരാൾ കാരണം കളയുകയാന്നുവച്ചാ..." മനോജ് സാർ മാത്യു അച്ചനെ പിന്താങ്ങി.

"സസ്പെൻഷനോ അതോ ഡിസ്മിസിലോ..." അബ്രഹാം സാർ മാത്യു അച്ചന്റെ മുഖത്തേക്കു നോക്കി.

''സസ്പെന്റ് ചെയ്താൽ മതി." ഫാ. സെബാസ്റ്റ്യൻ ആദ്യമായി ശബ്ദിച്ചു.

''തിരിച്ചുവരാൻ അയാൾക്കൊരു അവസരം കൊടുക്കണ്ടേ? സനൽ ഇപ്പോൾ ഒരു രോഗിയാണ്. മദ്യപാനരോഗി. രോഗിയാണെന്നു മനസ്സിലായിക്കഴിയുമ്പോൾ സനലിനോടുള്ള കുട്ടികളുടെയും പേരന്റ്സിന്റെയും സമീപനത്തിലും മാറ്റം വരും. എത്രയോ വർഷമായി നമ്മുടെ സ്കൂളിൽ വർക്ക് ചെയ്യുന്ന ആളാ. ഇത്രയും ഡെഡിക്കേറ്റഡായ, മറ്റൊരാൾ ഈ കൂട്ടത്തിൽപോലും കുറവാ. സിബിഎസ്ഇ കലോത്സവത്തിലൊക്കെ നമ്മുടെ കുട്ടികൾ ഒന്നും രണ്ടും സമ്മാനങ്ങൾ നേടിയതിനും നമ്മുടെ സ്കൂളിന് ഫെയിം ലഭിച്ചതിലുമൊക്കെ സനലിന്റെ പങ്കു മറക്കാനാവില്ല. അതുകൊണ്ട് ഏതു തീരുമാനമെടുത്താലും ഒരു ശിക്ഷയായിട്ടല്ല, രക്ഷയായിട്ടു വേണം ചെയ്യാൻ. അതുകൊണ്ട് നമ്മുടെ



തന്നെ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ അയച്ച് സനലിനെ രക്ഷപ്പെടുത്തിയെടുക്കണമെന്നാണ് എനിക്കു തോന്നുന്നത്. മാത്രവുമല്ല, ഈ പ്രായത്തിൽ അയാളെ പിരിച്ചുവിടുന്നത് ക്രൂരതയുമാണ്."

"മതി, ഒരു രണ്ടുമാസത്തേക്ക് നമുക്ക് സനലിനെ സസ്പെന്റ് ചെയ്യാം.'' ഫാ. മാത്യുവിന് ആശ്വാസമായി.

''തീരുമാനങ്ങൾ എടുക്കുന്നത് വൈകാരികമായിട്ടായിരിക്കരുത്, വിവേകപൂർവമായിരിക്കണം. സനലിനെ എനിക്കും ഇഷ്ടമാണ്. പക്ഷേ, ഒരു അധ്യാപകൻ സ്ഥിരമായി മദ്യപിക്കുന്നതും മദ്യപിച്ചു ക്ലാസിൽ വരുന്നതും നമുക്കെങ്ങനെ കൈയുംകെട്ടി നോക്കിയിരിക്കാൻ കഴിയും... റീതിങ്കിങ്ങിന് അയാൾക്കു സമയം കൊടുക്കാം. ആ സമയംകൊണ്ട് അയാളെ പഴയതുപോലെയാക്കിയെടുക്കേണ്ട ഉത്തരവാദിത്വം അലോഷ്യസ് സാറ് ഏറ്റെടുക്കണം."

"ശരി ഫാദർ.." അലോഷ്യസ് തലകുലുക്കി.

"എങ്കിൽ ശരി, പ്രാർത്ഥിച്ചിട്ട് നമുക്ക് മീറ്റിങ്ങ് അവസാനിപ്പിക്കാം.'' ഫാ. മാത്യു കണ്ണടച്ച് കൈകൾ കൂപ്പി.

അടുത്ത ദിവസം സ്റ്റാഫ് റൂമിലിരുന്ന് എന്തോ എഴുതുകയായിരുന്ന സനലിനെ പ്യൂൺ ബിനോയി വന്ന് അറിയിച്ചു:

"മാനേജരച്ചൻ സാറിനെ വിളിക്കുന്നു."

സനൽ ചുറ്റിനുമുള്ള മുഖങ്ങളിലേക്കു നോക്കി. ആരും പ്യൂണിന്റെ ശബ്ദംപോലും കേട്ടതായി ഭാവിക്കാതെ പുസ്തകത്തിലേക്കും മൊബൈലിലേക്കും മുഖം പൂഴ്ത്തി. സനലിനു ചിരി വന്നു. അയാൾ എഴുതിക്കൊണ്ടിരുന്നതിന്റെ ചുവടെ ഒരു വര വരച്ച്, ആ പേപ്പർ നാലായി മടക്കി പോക്കറ്റിലിട്ടുകൊണ്ട് അച്ചന്റെ മുറിയിലേക്കു ചെന്നു.

"സാറിരിക്ക്." മുറിയിലേക്കു വന്ന സനലിനോട് അച്ചൻ പറഞ്ഞു.

''മടുക്കക്കുന്ന് എന്നൊരു സ്ഥലം കേട്ടിട്ടുണ്ടോ സാറ്?"

അങ്ങനെയാണ് അച്ചൻ തുടങ്ങിയത്.

സനൽ ഉണ്ടെന്നോ ഇല്ലെന്നോ പറഞ്ഞില്ല.

"നമ്മുടെ വാഗമൺപോലെയൊരു സ്ഥലമാ. കുന്നും മലകളും എല്ലാമുള്ള ബ്യൂട്ടിഫുൾ പ്ലെയ്സ്. ഒന്നു ഫ്രഷാകാൻ അവിടം പറ്റിയസ്ഥലമാ. ഞാൻ ചിലപ്പോ എന്തെങ്കിലുമൊക്കെ സ്ട്രെസ് വരുമ്പോ അവിടെപ്പോയി തങ്ങും. അവിടത്തെ കാറ്റും തണുപ്പും മഞ്ഞും കൊണ്ട് കുറച്ചുദിവസം കഴിയുമ്പോ തിരികെ വരുന്നത് ഡബിൾ എനർജിയിലാ." ഫാ. മാത്യു ചിരിച്ചു

"സനൽ സാറിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ അങ്ങോട്ട് ഒന്നു മാറിനില്ക്കുന്നത് നല്ലതാ. ഒരു രണ്ടുമാസം. അല്പം മെഡിറ്റേഷൻ... വായന.. പ്രാർത്ഥന.. അവിടെ അങ്ങനെയൊരു സെന്ററുമുണ്ട്. സനൽ പണ്ട് എഴുതുമായിരുന്നുവെന്നു കേട്ടിട്ടുണ്ട്. ആ എഴുത്തിനെയൊക്കെ തിരിച്ചുപിടിക്കാൻ ഒരു അവസരമായിട്ട് കണ്ടാ മതി. കുട്ടികളുടെയോ ഫാദറിന്റെയോ കാര്യമോർത്തു വിഷമിക്കണ്ടാ. കുട്ടികളെ നമ്മുടെ ബോർഡിങ്ങിൽ ആക്കാം. ഫാദറിനെ സിസ്റ്റേഴ്സിന്റെ ഓൾഡ് ഏജ് ഹോമിലും. വെറും രണ്ടു മാസത്തെ കാര്യമല്ലേയുള്ളൂ. വേണ്ടതെല്ലാം ഞങ്ങള് ചെയ്തിട്ടുണ്ട്. എല്ലാം സനലിനോടുള്ള സ്നേഹം കൊണ്ടാ. സനൽ ഞങ്ങളോട് ഒന്നു സഹകരിച്ചാ മതി."

സനൽ അച്ചനെ നോക്കി ചിരിച്ചു. ആ ചിരിയിൽ എന്തോ നിഗൂഢതയുള്ളതുപോലെ അച്ചനു തോന്നി. സനൽ മറുപടിയൊന്നും പറയാതെ പോക്കറ്റിൽനിന്നു പേപ്പറെടുത്ത് അച്ചന്റെ നേരേ നീട്ടി.

''എന്താ ഇത്?'' അച്ചൻ ആകാംക്ഷയോടെ ചോദിച്ചുകൊണ്ട് ആ പേപ്പർ വാങ്ങി.


"രാജിക്കത്ത്..." സനൽ അത്രയും പറഞ്ഞതിനുശേഷം എണീറ്റു. അയാൾ അച്ചനു നേരേ കൈകൾ കൂപ്പി. നന്ദിയും സ്നേഹവും നിറഞ്ഞ രീതിയിൽ..

"സനൽ..." അച്ചൻ നടുക്കത്തോടെ ചാടിയെണീറ്റു.

സനൽ ശാന്തനായി മുറിവിട്ടു. സ്കൂളിന്റെ നീണ്ട വരാന്തയിലൂടെ അയാൾ പുറംതിരിഞ്ഞ് നടന്നുപോകുന്നത് ഫാ. മാത്യു ചങ്കുപൊടിയുന്ന വേദനയോടെ നോക്കിനിന്നു. (തുടരും)

# പരിമിതവിഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ

ഒന്നാംപേജ് തുടർച്ച



പ്രകൃതിവിഭവങ്ങളെ എപ്രകാരം വിനിയോഗിക്കണമെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്: "ഓരോരുത്തർക്കും ആവശ്യമുള്ളതു മാത്രം എടുത്തുപയോഗിക്കുന്നപക്ഷം എല്ലാ മനുഷ്യർക്കും ആവശ്യമുള്ളത്ര വിഭവങ്ങൾ ഈ ലോകത്തുണ്ട്." വിവേചനമില്ലാതെ പ്രകൃതിയെ ചൂഷണം ചെയ്തതിന്റെ തിക്തഫലങ്ങൾ മനുഷ്യൻ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു വ്യക്തിക്കു ലഭ്യമായ പരിമിതവിഭവങ്ങളെ ഉത്തമമായി പങ്കുവച്ചനുഭവിക്കണമെങ്കിൽ അവന്റെ ആവശ്യങ്ങളെ അത്യാവശ്യങ്ങളെന്നും ആവശ്യങ്ങളെന്നും ആഡംബരങ്ങളെന്നും മൂന്നായി തരംതിരിക്കണം. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമികാവശ്യങ്ങൾക്കുവേണ്ടി നീക്കിവയ്ക്കേണ്ട വിഭവങ്ങളെടുത്ത് ആഡംബരങ്ങൾക്കുവേണ്ടി ചെലവാക്കുന്ന കുടുംബത്തിൽ പട്ടിണിയും പരിവട്ടവുമായിരിക്കും ഫലം. അത്രയൊന്നും അത്യാവശ്യമില്ലാത്ത കാര്യങ്ങൾക്ക് രണ്ടാം സ്ഥാനം മാത്രമേ പരിഗണിക്കാവൂ. പിന്നെയും വിഭവങ്ങൾ ലഭ്യമാണെങ്കിൽ മാത്രമേ ആഡംബരങ്ങളെപ്പറ്റി ചിന്തിക്കാൻ പാടുള്ളൂ. ഇപ്രകാരം മുൻഗണനാക്രമം നൽകി ധനവിനിയോഗം ചെയ്യുന്ന കുടുംബങ്ങളിൽ സമാധാനവും സന്തോഷവും കളിയാടും. എല്ലാ അംഗങ്ങൾക്കും പരമാവധി ക്ഷേമവും നീതിയും തുല്യപരിഗണനയും ലഭിക്കുന്ന രീതിയിലായിരിക്കണം പരിമിതമാണെങ്കിൽപ്പോലും ധനവിനിയോഗം നടത്തേണ്ടത്. പൊങ്ങച്ചത്തിന്റെയും ദുരഭിമാനത്തിന്റെയും പേരിൽ ഉത്പാദനക്ഷമമല്ലാത്ത ഭൂമി വാങ്ങിക്കൂട്ടുന്നതും വമ്പൻസദ്യകൾ നടത്തുന്നതും ഭോഷത്തമാണ്.

വ്യക്തികളുടെ കാര്യംപോലെതന്നെയാണ് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ധനവിനിയോഗനിയമങ്ങൾ. ചെലവാക്കുന്ന ഓരോ രൂപയ്ക്കും ഓരോ പൗരനും സുരക്ഷയും പുരോഗതിയും ക്ഷേമവും ലഭിക്കണം. ഓരോ ആവശ്യത്തിനുംവേണ്ടി ബഡ്ജറ്റിൽ പണം നീക്കിവയ്ക്കുമ്പോൾ പ്രഥമപരിഗണന നൽകേണ്ടത് പൗരന്റെ ജീവനും സ്വത്തിനുമാണ്. 50 ലക്ഷം മനുഷ്യരുടെ ജീവനു ഭീഷണിയായി നിൽക്കുന്ന മുല്ലപ്പെരിയാർ ഡാമിനു പകരം മറ്റൊരു ഡാം നിർമിക്കുന്നതിനുവേണ്ടി ഇനിയും ഒരു രൂപപോലും കേന്ദ്രസർക്കാരോ സംസ്ഥാനസർക്കാരോ നീക്കിവച്ചിട്ടില്ല. രാജ്യത്തിന്റെ നട്ടെല്ലാണു കർഷകരെന്നു പ്രസംഗിക്കുന്നവർ മടവീഴ്ചയിൽനിന്നും വന്യജീവികളിൽനിന്നും കൃഷിയെയും കർഷകരെയും രക്ഷിക്കാൻ നീക്കിവയ്ക്കുന്ന തുക തീരെ അപര്യാപ്തമാണ്. ക്ഷേമരാഷ്ട്രത്തിനുവേണ്ടി അഹോരാത്രം വിയർപ്പൊഴുക്കുന്ന രാഷ്ട്രീയക്കാർ അംഗപരിമിതരുടെയും എൻഡോസൾഫാൻ ഇരകളുടെയും പെൻഷൻ മാസങ്ങളോളം കുടിശ്ശിക വരുത്തുന്നതും അപലപനീയമാണ്. സ്വാതന്ത്ര്യലബ്ധിക്ക് 74 വർഷങ്ങൾക്കുശേഷവും പോഷകാഹാരക്കുറവുമൂലം ശിശുക്കൾ മരിക്കുന്നത്, ഒന്നുകിൽ ധനവിനിയോഗത്തിലെ അപാകതകൊണ്ട് അല്ലെങ്കിൽ അഴിമതികൊണ്ട്. അഴിമതികൊണ്ടാണെങ്കിൽ അഴിമതിനിരോധനത്തിനുവേണ്ടി ധനവിനിയോഗം നടത്താത്തതുകൊണ്ടോ അഥവാ വിനിയോഗം ചെയ്ത ധനവും അഴിമതിയിൽ മുങ്ങിപ്പോയതുകൊണ്ടോ? നമ്മുടെ രാജ്യത്തെ റോഡുകൾ, പ്രത്യേകിച്ചു ബീഹാർ, കേരളം പോലുള്ള സംസ്ഥാനങ്ങളിലേത് തീരെ ഗതാഗതയോഗ്യമല്ല. മനുഷ്യർക്കു സുരക്ഷിതമായി സഞ്ചരിക്കാൻ ആവശ്യമായ റോഡുകൾ നിർമിക്കുന്നതിനുപകരം വിമാനത്താവളങ്ങൾക്കും കെ. റെയിലിനുംവേണ്ടി ധനവിനിയോഗം നടത്തുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്.

കേരളത്തിന്റെ ഖജനാവ് പണ്ടുമുതലേ കാലിയാണ്. കാലിയായ ഖജനാവിലെ 84 ശതമാനം തുക സംസ്ഥാനത്തിന്റെ ഭരണനിർവഹണത്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നതെങ്കിൽ അതിനൊരു പുനർവിചിന്തനം അത്യാവശ്യമാണ്. സംസ്ഥാനജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും ഇനിമുതൽ 10 കൊല്ലം കൂടുമ്പോൾ പരിഷ്കരിച്ചാൽ മതിയെന്ന് 2012 ൽ ഏതാണ്ട് തീരുമാനിച്ചതാണെങ്കിലും ആ പ്രക്രിയ ഇന്നും അനുസ്യൂതം തുടരുകയാണ്. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് പരിഷ്കരണം നടത്തുമ്പോൾ ഖജനാവിൽ പണമില്ലായിരുന്നു. കിഫ്ബിയിൽനിന്ന് 3000 കോടി രൂപാ കടമെടുത്താണ് പെൻഷൻകാരുടെ കുടിശ്ശിക കൊടുത്തത്. കിഫ്ബിയിൽനിന്നെടുത്ത കടം തിരിച്ചടയ്ക്കേണ്ടത് പെൻഷനൊന്നും കിട്ടാത്ത സാധാരണക്കാരന്റെയുംകൂടി ബാധ്യതയാണ്. ഈ ധനവിനിയോഗം അത്യാവശ്യമാണോ ആവശ്യമാണോ അഥവാ ആഡംബരമായിരുന്നോ? കേരളത്തിൽ പുതുതായി ആരംഭിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്കു തിരഞ്ഞെടുക്കപ്പെട്ടവരുടെ ശമ്പളം ഐ.എ.എസുകാരുടേതിനെക്കാൾ കൂടുതലാണത്രേ! അതിനാൽ ഐ.എ.എസുകാർ ആ കുറവു പരിഹരിച്ചുകിട്ടുന്നതിനുവേണ്ടി സ്പെഷൽ പേ ആവശ്യപ്പെട്ടിരിക്കുകയാണ്. സ്വർണഖനികളും എണ്ണപ്പാടങ്ങളൊന്നുമില്ലാത്ത കേരളത്തിന്റെ ഖജനാവു കാലിയാകുന്നതിൽ അതിശയിക്കാനെന്തിരിക്കുന്നു? നിർഭാഗ്യവശാൽ ആ ലിസ്റ്റിലൊന്നും കയറിപ്പറ്റാൻ കഴിഞ്ഞില്ലെങ്കിലും ഒരു ചെറിയ ട്രെയിനിംഗ് കിട്ടിയാൽ അതിന്റെ പകുതി ശമ്പളത്തിന് അവരെക്കാൾ ഭംഗിയായി ജോലി ചെയ്യാൻ കഴിവുള്ള എത്രയാളുകൾ കേരളത്തിലുണ്ട്?

രാജ്യത്തിന്റെ പരിമിതവിഭവങ്ങൾ പങ്കുവയ്ക്കുമ്പോൾ വോട്ടുബാങ്കിന്റെയും സംഘടിതശക്തികളുടെയും ജാതിമതസംഘടനകളുടെയും സമ്മർദങ്ങൾക്കു വശംവദമാകാൻ പാടില്ല. ചില പ്രദേശങ്ങളിൽ റോഡോ പാലമോ വികസനമോ ഇല്ലാത്തത് മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ടായിരിക്കുകയില്ലേ?

ക്ഷേമകാര്യങ്ങൾക്കെന്നു പറഞ്ഞ് ധനവിനിയോഗം ചെയ്യുമ്പോഴും അതു ചില തത്ത്വങ്ങളുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. തൊഴിലില്ലായ്മവേതനത്തിനുവേണ്ടി നീക്കിവയ്ക്കുന്ന പണം മാലിന്യനിർമാർജനത്തിനോ നദീസംയോജനത്തിനോ വേണ്ടി നീക്കിവച്ചുകൊണ്ട് അതിനുള്ള വേതനമായി നൽകുന്നപക്ഷം ക്ഷേമവും വികസനവും ഒന്നിച്ചു നിർവഹിക്കാവുന്നതാണ്. 56 വയസ്സിൽ റിട്ടയർ ചെയ്യുന്ന സർക്കാർ ജീവനക്കാരിൽ നല്ലൊരു ഭാഗം അരോഗദൃഢഗാത്രരാണ്. മോശമല്ലാത്ത തുക പെൻഷനായി കൈപ്പറ്റുന്ന ഇവർക്ക് മറ്റൊരു വേതനമില്ലാതെ തന്നെ താത്പര്യമുള്ള ജോലികൾ ചെയ്യാവുന്നതാണ്. ഇനി ഉത്പാദനാധിഷ്ഠിതവേതനം നല്കിയാൽപോലും വിവരസാങ്കേതികമേഖലകളിൽ പാഴായിപ്പോകുന്ന ഈ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്താവുന്നതാണ്.

ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ ഒരു സംസ്ഥാനത്തിന്റെ സമ്പത്തു കൈകാര്യം ചെയ്യുന്നയാൾക്ക് മൊത്തം ജനങ്ങളുടെയും പൊതുസ്വത്താണു താൻ കൈകാര്യം ചെയ്യുന്നതെന്ന ബോധ്യമുണ്ടായിരിക്കേണ്ടതാണ്. ചെലവാക്കുന്ന ഓരോ രൂപയും തന്റെ സ്വന്തം പോക്കറ്റിൽനിന്നെടുത്താലെന്നതുപോലെയുള്ള ശുഷ്കാന്തി ഉണ്ടായിരിക്കേണ്ടതാണ്. ■



## ചീവീട്

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

സൂര്യൻ പടിഞ്ഞാറു ചായുന്നു; സന്ധ്യയെ
സ്വാഗതം ചെയ്യുവാനെന്നപോലെ,
കാണാമറയത്തുനിന്നുയരുന്നൊരു
ഗാനം മനോഹരമേകതാളം!
ആയിരം ഗായകർ ചേർന്നൊരു സിംഫണി
ആവിഷ്കരിക്കുന്ന മട്ടിലല്ലോ
ചീവീടുകൾ ചേർന്നുയർത്തുന്നു പ്രാർത്ഥനാ-
ഗാനം, നമുക്കതിൽ പങ്കുചേരാം.
ചാരേയിരുട്ടു കരയുന്നുവെന്നോതി
നേരേ പഴമക്കാർ പൂർവ്വികന്മാർ!
ഇന്നു നാമറിയുന്നിതാ ചീവീടുക-
ളൊന്നിച്ചുയർത്തുന്നതാണീ സ്വരം
ആരും പറയേണ്ടിരുട്ടിൻ തരംഗങ്ങ-
ളൂഴിയെച്ചൂഴുന്ന നേരമായാൽ
താനേ, യൊരുമിച്ചു ശബ്ദം മുഴക്കുന്നു
താളം പിഴയ്ക്കാതെയീ ജീവികൾ.
ചിന്നംവിളിക്കുന്ന കാട്ടാനകൾപോലെ
വിണ്ണിൽക്കരിമുകിൽ മാല നിൽക്കേ
പാരിൻ മുഖമിതകാലത്തു രാത്രിപോൽ
പാരമിരുണ്ടു കറുത്തുപോകെ,
ചീവീടുകൾ പാട്ടുപാടിത്തുടങ്ങുന്നു
പാവങ്ങളുത്സാഹവായ്പിനോടെ!
നാനാതരം ദുഃഖപൂരിതം മാനവ-
മാനസം പാടാൻ മറന്നുപോയി!
ഞങ്ങൾക്കു കണ്ണീർക്കടലാണു ജീവിതം
വിങ്ങും മുറിവുകളുള്ളിലെങ്ങും
സർവ്വം മറന്നൊന്നു പാടുവാൻ ഞങ്ങൾക്കു
സർവ്വേശ്വരൻ കൃപയേകിടട്ടെ!
ചേതനയ്ക്കുള്ളിൽ വിരിയട്ടൊരായിരം
വേദനാപുഷ്പങ്ങൾ പുണ്യങ്ങളായ്.
സ്വർഗ്ഗോന്മുഖരായി നീങ്ങുന്ന ഞങ്ങൾക്കു
മൃഗ്യമായ് സ്നേഹമതൊന്നു മാത്രം.
സ്നേഹം മുറിവുണക്കുന്ന സഞ്ജീവനി
സ്നേഹമാണനന്ദമാർക്കുമെന്നും!

# ദൈവവും പ്രകൃതിയും പിന്നെ ഞാനും



ഡോ. ജോർജ് കാരാംവേലിൽ

ദൈവം തന്റെ രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു (ഉത്പ. 1:26). ദൈവം അവന് സകല ചരാചരങ്ങളുടെ മേലും അധികാരം കല്പിച്ചു നൽകി (ഉത്പ. 1:28). ഈ രണ്ടു കാരണങ്ങളാൽ സൃഷ്ടിയുടെ തുടക്കംമുതലേ മഹോന്നതമായ ഒരു പദവിയാണ് ദൈവം മനുഷ്യനു നല്കിയത്.

**മനുഷ്യൻ - ദൈവമഹത്ത്വം പ്രതിബിംബിക്കുന്ന സത്ത**

ഏത് അർത്ഥത്തിലാണ് മനുഷ്യൻ ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടത്? അരൂപിയായ ദൈവത്തിന് ഭൗതികശരീരമില്ല. അതുകൊണ്ടുതന്നെ ദൈവം മനുഷ്യനെ തന്റെ ഭൗതികരൂപത്തിലും ഭൗതികസാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത് എന്നു കരുതാനാവില്ലല്ലോ. പിന്നെ എന്ത്? റോമാക്കാർക്കുള്ള ലേഖനം മൂന്നാം അധ്യായം 23-ാം വചനം പറയുന്നു. എല്ലാവരും പാപം ചെയ്ത് ദൈവമഹത്ത്വത്തിന് അയോഗ്യരായി (റോമാ. 3:23). മനുഷ്യന്റെ യോഗ്യത എന്നത് അവനിൽ ദൈവത്തിന്റെ മഹത്ത്വം കുടികൊള്ളുന്നു എന്ന സത്യമാണ്. ഈ രീതിയിൽ ചിന്തിക്കുമ്പോൾ മനുഷ്യന്റെ സമ്പൂർണസത്തയിലൂടെ ദൈവികമഹത്ത്വം പ്രതിബിംബിക്കുകയാണു ചെയ്യുന്നത്. അല്ലാതെ ദൈവം മനുഷ്യനെ തന്റെ ഭൗതികരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നു കരുതാനാവില്ലല്ലോ. മനുഷ്യനിൽ കുടികൊള്ളുകയും അവനിൽ പ്രതിബിംബിക്കുകയും ചെയ്യുന്ന ഈ മഹത്ത്വമാണ് അവന് ദൈവികവ്യക്തിത്വം നല്കുന്നത്. പാപം ചെയ്യുമ്പോൾ ഈ വ്യക്തിത്വവും മഹത്ത്വവും മനുഷ്യനു നഷ്ടമാകുന്നു.

മനുഷ്യന്റെ സർഗശക്തികൾ അതായത്, നമ്മിലെ ചിന്താശക്തി, അനുഭവങ്ങളിൽനിന്നു ബോധപൂർവം പാഠം പഠിക്കാനുള്ള ശക്തി, കൊള്ളേണ്ടതിനെ കൊള്ളാനും തള്ളേണ്ടതിനെ തള്ളാനുമുള്ള വിവേചനാശക്തി എന്നീ ദൈവികമായ സ്വഭാവങ്ങളിലൂടെ ദൈവമഹത്ത്വത്തിന്റെ പങ്കാളിയാവുകയാണു നാമോരോരുത്തരും. ദൈവദത്തമായ ഈ ദൈവികഭാവങ്ങളും ദൈവികസ്വഭാവങ്ങളും കാരണം നമ്മുടെ അസ്തിത്വത്തിന് ഒരു സ്വയംശ്രേഷ്ഠതയും ദൈവം കല്പിച്ചുതന്നിട്ടുണ്ട്.

ഈ ശ്രേഷ്ഠത മനുഷ്യനെ സംബന്ധിച്ചിടത്തോളം എന്നും എല്ലായ്പോഴും ഉത്തരവാദിത്വങ്ങൾ ഉൾക്കൊള്ളുന്ന ശ്രേഷ്ഠതയാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, മനുഷ്യനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ആധിപത്യം എന്നത് അവനിലെ ദൈവികചൈതന്യത്തിന്റെയും അതിൽ അടങ്ങിയിരിക്കുന്നതും എന്നാൽ നിറവേറ്റപ്പെടേണ്ടതുമായ ഉത്തരവാദിത്വങ്ങളുടെയും ആകത്തുകയാണ്.

1. തന്റെ ജീവിതസാഹചര്യങ്ങളെ ക്രമപ്പെടുത്തുക.
2. പരിസ്ഥിതിയുടെ ആരോഗ്യകരമായ നിലനില്പിനു വേണ്ട സേവനങ്ങൾ നല്കുക.
3. സഹസൃഷ്ടികളെ അവയുടെ പൂർണതയിലേക്കു നയിക്കുക.
4. സൃഷ്ടികളുടെമേൽ ഉത്തരവാദിത്വബോധത്തോടെ അവയുടെ പരിചാരകരാകുക.
5. സഹസൃഷ്ടി കർത്താവായിക്കൊണ്ട് ദൈവത്തോടു ചേർന്ന്, സഹസൃഷ്ടികളുടെ പരിപോഷണത്തിനു വഴിയൊരുക്കുക.



**പരമാധികാരം - ആത്മീയ മേൽക്കോയ്മ**

ദൈവം മനുഷ്യനു നല്കിയ ആധിപത്യം (ഉത്പ. 1:26-28), പ്രകൃതിയെയും സഹസൃഷ്ടികളെയും ചവിട്ടിമെതിക്കുന്നതിനും സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി ആവാസവ്യവസ്ഥയെപ്പോലും ചിതറിക്കുന്നതിനുമുള്ള അധികാരമല്ല. പ്രകൃതിയോടുള്ള ബന്ധത്തിൽ ദൈവത്തോടൊപ്പമുള്ള പങ്കാളിത്തമാണ്. നമുക്കു നല്കപ്പെട്ട ദൈവസാദൃശ്യവും വിശിഷ്ടസ്വഭാവങ്ങളും മേലധികാരവും നമ്മെ പ്രകൃതിയിൽനിന്നു വിഭിന്നമാക്കുന്ന സത്യങ്ങൾ തന്നെയാണ്. അതേസമയം തന്നെ ജൈവികമായി നാം പ്രകൃതിയോടു ചേർന്നുമിരിക്കുന്നു. ശ്വസനവും ഭക്ഷണവും ചലനവും പ്രത്യുത്പാദനവും എല്ലാം ജൈവികമായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

ചുരുക്കത്തിൽ, നമുക്ക് സ്രഷ്ടാവായ ദൈവത്തോട് എത്ര ആഴത്തിൽ ബന്ധപ്പെട്ടിരിക്കാൻ കഴിയുമോ അത്രമാത്രമായിരിക്കും ഈ പരമാധികാരാനുഭവം പ്രാപ്യമാകുന്നത്. ചിന്തിക്കാനും പ്രാർത്ഥിക്കാനും സ്വയം തിരഞ്ഞെടുക്കാനും, പരമാധികാരം പുലർത്താനുമുള്ള കഴിവ് നമുക്ക് ദൈവികമായുള്ള ബന്ധത്തിന്റെ ഒരു പ്രകാശനം മാത്രമാണ്. നമ്മുടെ ആത്മീയശ്രേഷ്ഠതയുടെ അടയാളമാണ്, പ്രകാശനമാണ്. ആത്മീയത ഇല്ലാത്തവരും ആത്മീയത ഇല്ലാത്ത സാഹചര്യങ്ങളുമാണ് പ്രകൃതിയുടെ നാശത്തിനു പലപ്പോഴും കാരണമാകുന്നത്. പുല്ലിനെയും മണ്ണിനെയും വൃക്ഷലതാദികളെയും ആത്മീയതയുടെയും അനുഭവത്തിന്റെയും ഭാഗമാക്കിയ വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവിതം നമുക്കു നല്കുന്ന സന്ദേശവും ഇതുതന്നെയത്രേ.

പ്രപഞ്ചത്തിനുമേൽ ദൈവം മനുഷ്യനു നല്കിയ പരമാധികാരം മനുഷ്യന്റെ അവകാശമായിരുന്നോ? ഒരിക്കലും അങ്ങനെ ചിന്തിക്കാനാകില്ല. ഈ പ്രപഞ്ചത്തിനുമേൽ അവകാശമുള്ള ദൈവം തന്റെ നിയോഗം മനുഷ്യനെ ഭരമേല്പിക്കുകയായിരുന്നു. അതായത്, പ്രപഞ്ചത്തിനുമേൽ മനുഷ്യനു ദൈവം നല്കിയ പരമാധികാരം സ്രഷ്ടാവ് മനുഷ്യനെ വിശ്വസിച്ചേല്പിച്ച ഒരു നിയോഗമാണ്.

**പരമാധികാരം - പ്രകൃതിയുടെ പൂർണതയ്ക്കുവേണ്ടി**

പരമാധികാരത്തെക്കുറിച്ചു വികലമായ പല ധാരണകളും നമ്മുടെയിടയിൽ നിലനിൽക്കുന്നുണ്ട്. എന്റെ ഇഷ്ടമനുസരിച്ച് എന്തിനെയും തകർക്കുന്നതിനും എന്റെ ഇഷ്ടമനുസരിച്ച് എന്തിനെയും പണിതുയർത്തുന്നതിനും എനിക്ക് അധികാരമുണ്ട് എന്ന ചിന്തയാണ് ഏറ്റവും വികലമായത്. പ്രകൃതിയിലെ വ്യവസ്ഥാപിതക്രമങ്ങളെ, പ്രത്യേകിച്ച് ആവാസവ്യവസ്ഥക്രമങ്ങളെ തകർക്കുന്നതിനോ ചിന്തയെന്യേ മാറ്റിമറിക്കുന്നതിനോ ഉള്ളതല്ല മനുഷ്യന്റെ പരമാധികാരം. മറിച്ച്, സ്രഷ്ടാവായ ദൈവത്തിന്റെ ഇംഗിതമനുസരിച്ച്, അവിടുത്തെ പദ്ധതിയനുസരിച്ച് അവയെ പൂർണതയിലെത്തിക്കുക എന്നതാണ് പരമാധികാരത്തിന്റെ പ്രായോഗികാർത്ഥം. ഈ ഭൂമിയിലെ നിലനില്ക്കുന്ന വ്യവസ്ഥാക്രമങ്ങളെ, പ്രധാനമായും ജൈവവ്യവസ്ഥയെയും ആവാസവ്യവസ്ഥയെയും പൂർണതയിലെത്തിക്കാൻ ദൈവമനസ്സോടു ചേർന്ന് സഹായവും സഹകരണവും നൽകുമ്പോഴാണ് മനുഷ്യൻ പ്രപഞ്ചത്തിന്റെ മേൽ പരമാധികാരമുള്ളവനായി മാറുന്നത്. മണ്ണിനോടുള്ള ബന്ധത്തിലും കൃഷിയോടും കൃഷിരീതികളോടുമുള്ള സമീപനത്തിലും എല്ലാം മനുഷ്യനെ നയിക്കേണ്ടത് മേല്പറഞ്ഞ മനോഭാവമായിരിക്കണം.

ഈ മനോഭാവം നശിച്ചിടത്തൊക്കെ മണ്ണും വിണ്ണും ഒന്നുപോലെ മറുതലിക്കാനും പ്രതികരിക്കാനും തുടങ്ങുന്നതു നാം കാണുന്നില്ലേ? മണ്ണും മണ്ണിന്റെ ഉത്പന്നങ്ങളും മണ്ണിന്റെ വിഭവങ്ങളുമെല്ലാം സത്യസന്ധതയും തത്ത്വദീക്ഷയുമില്ലാതെ വാണിജ്യവത്കരിക്കപ്പെട്ടുപോയ ഒരു ദുരവസ്ഥയ്ക്കല്ലേ നാമിപ്പോൾ ദൃക്സാക്ഷികളാകുന്നത്? മനുഷ്യനിലൂടെ മണ്ണിനു ലഭിക്കേണ്ട ദൈവികനന്മയും മണ്ണിൽനിന്നു തിരികെ ലഭിക്കേണ്ട പ്രതിനന്മയും എല്ലാം നശിച്ചുപോയിരിക്കുന്ന ഒരു ജീവിതാവസ്ഥയത്രേ എങ്ങും സംജാതമായിക്കൊണ്ടിരിക്കുന്നത്.

**പരമാധികാരം - ദൈവസ്വഭാവപ്രകടനം**

ദൈവം തന്റെതന്നെ അധികാരത്തെ അപൂർണമായെങ്കിലും മനുഷ്യനുമായി പങ്കുവച്ചതുതന്നെയാണ്, പ്രപഞ്ചത്തിനുമേൽ അവനു ലഭിച്ച പരമാധികാരം. അങ്ങനെയെങ്കിൽ സ്വാഭാവികമായും ഈ പരമാധികാരം പെരുമാറ്റശൈലിയിലേക്കു കടക്കുമ്പോൾ അവനും ദൈവസ്വഭാവത്തിന്റെ സവിശേഷതകൾതന്നെ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. പ്രകൃതിയോടും പ്രകൃതിവസ്തുക്കളോടും സഹജീവികളോടും മറ്റു സകല സഹസൃഷ്ടികളോടും ദൈവികമായ നീതിയോടെയും ദയയോടെയും സഹാനുഭൂതിയോടെയും കരുതലോടെയും മാത്രമേ അവനും ബന്ധപ്പെടാനാവൂ. പ്രകൃതിയുമായുള്ള എല്ലാ ബന്ധങ്ങളിലും ഈ ദൈവികസവിശേഷതകൾ നിറഞ്ഞുതുളുമ്പേണ്ടിയിരിക്കുന്നു.

ബന്ധങ്ങളാണു മനുഷ്യജീവിതത്തെ ശോഭായമാനമാക്കുന്നത്. നന്മയിലധിഷ്ഠിതമായ മനുഷ്യബന്ധങ്ങൾ നിലനിർത്തുക അവന്റെ പ്രഥമ കർത്തവ്യമാണ്. ഷൂമാക്കറിന്റെ വാക്കുകൾ ചിന്തോദ്ദീപകംതന്നെ: "മനുഷ്യൻ പരിഷ്കാരിയോ പ്രാകൃതനോ എന്തുമായിക്കൊള്ളട്ടെ, അവൻ പ്രകൃതിയുടെ പൈതലാണ്. ഈ ഭൂമിയുടെമേൽ അവനു നല്കിയ പരമാധികാരം നിലനിർത്തണമെങ്കിൽ, അവന്റെ പ്രവൃത്തികളെല്ലാം പ്രകൃതിനിയമങ്ങൾക്കനുസൃതമായിരിക്കണം. ഈ നിയമങ്ങളെയോ ക്രമങ്ങളെയോ മറികടക്കുമ്പോഴെല്ലാം അവന്റെ തന്നെ നിലനില്പിനെ സഹായിക്കുന്ന പരിസ്ഥിതിയെ നശിപ്പിക്കുകയും അതുവഴി അതിശീഘ്രം മാനവസംസ്കാരത്തിന്റെ അന്ത്യം കുറിക്കുകയും ചെയ്യും."

**പരമാധികാരം - പ്രകൃതിയുടെ പരിപാലനം**

ഉത്പത്തി 2:5 ഇപ്രകാരം പറയുന്നു: "ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി." രണ്ടു വാക്കുകളിൽ ഈ വിശുദ്ധവചനത്തിന്റെ സാരാംശത്തെ വിശദമാക്കാം. ഉപാസിക്കുക, പരിചരിക്കുക, പ്രകൃതിയെ ഉപാസിക്കാനും പരിചരിക്കാനുമാണ് ദൈവം മനുഷ്യനെ അവിടെയാക്കിയത്. ഒന്നിനെയും ചവിട്ടി മെതിക്കാനല്ല.

ഈ പരിചിന്തനങ്ങളെല്ലാം നിയതമായ ഒരു പെരുമാറ്റശൈലിയിലേക്കു മാറുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. ചില പ്രായോഗിക നിർദേശങ്ങൾ ചിന്തിക്കാം.

1. വായു, ശബ്ദ, ജലമലിനീകരണത്തെ തടയുക. അതിനുള്ള വഴികൾ കണ്ടുപിടിക്കുകയും ചെയ്യുക.
2. വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ട് പ്രകൃതിയെ കൂടുതൽ ഹരിതമാക്കാം.
3. കഴിവതും ജല ഉപയോഗത്തിൽ ഉത്തരവാദിത്വബോധം സൂക്ഷിക്കുക.
4. ഹരിതപ്രദേശങ്ങളുടെ വിസ്താരം പ്രോത്സാഹിപ്പിക്കുക.
5. ഉത്തരവാദിത്വത്തോടെ ശുചിത്വബോധം വളർത്തുക.
6. കുറച്ചുമാത്രം ഉത്പാദിപ്പിക്കുക, കുറച്ചുമാത്രം മിച്ചം വരുത്തുക, അതായത്, ആവശ്യത്തിനുമാത്രം വിഭവങ്ങളെ ഉപയോഗിക്കാൻ നമ്മെത്തന്നെ നിർബന്ധിക്കുക.
7. പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്യാതിരിക്കുക.
8. സാമൂഹികവ്യവസ്ഥിതിയെ വഞ്ചിക്കുന്നതും ധാരാളിത്തത്തിന്റെ അഹങ്കാരം പിൻബലം നൽകുന്നതുമായ നിർമാണസംസ്കാരം അവസാനിപ്പിക്കുക.
9. ലാഭത്തിനും പ്രശസ്തിക്കുമായി നടത്തുന്ന മലയരിയൽ, മണ്ണു മുറിക്കൽ, മരംവെട്ട് ഇവ അവസാനിപ്പിക്കുക.
10. ഇലപ്പരപ്പും ജലപ്പരപ്പും ഭൂമിയിൽ നിറയട്ടെ.

■




# ഇവർ ജീവന്റെ കാവൽക്കാർ



ആഷ്‌ലി ടെസ് ജോൺ

പതിനേഴാം വയസ്സിൽ പ്രീഡിഗ്രിക്കുശേഷം സിംഗപ്പൂരിൽ നഴ്സിങ് പഠനം നടത്തി, അവിടെത്തന്നെ ജോലി സമ്പാദിച്ച ഒരു പെൺകുട്ടി ലക്ഷങ്ങളുടെ സാലറി ഉപേക്ഷിച്ച് പതിനെട്ടു വർഷങ്ങൾക്കുശേഷം കംപ്യൂട്ടർ എഞ്ചിനീയറായ ഭർത്താവിനും നാലു കുഞ്ഞുമക്കൾക്കുമൊപ്പം സിംഗപ്പൂരെന്ന സ്വപ്ന ഭൂമിയിൽനിന്നു കേരളത്തിലേക്കു മടങ്ങുമ്പോൾ എന്താവും മനസ്സിലുണ്ടായിരിക്കുക?

"നാട്ടിൽ എന്റെയും ഷിമിയുടെയും പേരന്റ്സ് തനിയെ ആയിരുന്നു. അവരുടെകൂടെ ആയിരിക്കാനും കുഞ്ഞുങ്ങളെ അവരോടു ചേർത്തു വളർത്താനുമാണ് ഞങ്ങൾ ജോലിയുപേക്ഷിച്ചു നാട്ടിലേക്കു വന്നത്," റോസ്മി പറഞ്ഞുതുടങ്ങി. "സിംഗപ്പൂരെനിക്ക് ഒത്തിരി സന്തോഷം തന്ന നാടാണ്. അവിടെ നഴ്സിങ് പഠനം നടത്തിയ നാളുകളിലാണ് 'ജീസസ് യൂത്തി'ൽ അംഗമായതും കാമ്പസ് മിനിസ്ട്രിയിൽ സജീവമായി പ്രവർത്തിച്ചതും. മാലാഖമാരെപ്പോലെ കാവലാവുന്ന ഒരുപാടു സുഹൃത്തുക്കളെ ആ നാടെനിക്കു നൽകി. ജീസസ് യൂത്തിലെ ആക്ടീവ് മെമ്പറായിരുന്നു ഷിമിയും. വിവാഹശേഷം സിംഗപ്പൂരെത്തിയപ്പോൾ ഞങ്ങളൊരുമിച്ചായി, പിന്നെ പ്രാർത്ഥനയും പ്രവർത്തനങ്ങളുമെല്ലാം."

"ആദ്യത്തെ നാലു കുഞ്ഞുങ്ങൾ ജനിച്ചതും വളർന്നതുമെല്ലാം അവിടെയാണ്. ഈശോ തരുന്ന മക്കളെയെല്ലാം തുറന്ന മനസ്സോടെ സ്വീകരിക്കുമെന്ന കാഴ്ചപ്പാടിലാണ് ഞങ്ങൾ ജീവിതമാരംഭിച്ചത്. ഇന്നും അതിൽ മാറ്റമൊന്നുമില്ല. ആദ്യത്തെ പ്രഗ്നൻസിയുടെ സമയം കുഞ്ഞിനൊപ്പം ഒരു ബ്ളഡ്ക്ലോട്ടുകൂടി വളരുന്നുണ്ടെന്നു ഡോക്ടേഴ്സ് പറഞ്ഞു. ബെഡ്റെസ്റ്റിലായിരുന്നു. ഒത്തിരിപ്പേരുടെ പ്രാർത്ഥന കൂടെയുണ്ടായിരുന്നു. എട്ടു മാസം കഴിഞ്ഞപ്പോഴേക്കും അദ്ഭുതകരമായി ആ ക്ലോട്ട് അപ്രത്യക്ഷമായി. കുഞ്ഞിന് ഒരു കുഴപ്പവും ഉണ്ടായില്ല. എപ്പോഴും മുള്ളുകൾക്കൊപ്പം കുഞ്ഞുകുഞ്ഞു പൂക്കളുംകൂടി വിരിയിക്കുന്നവനാണല്ലോ നമ്മുടെ ദൈവം. 'നാട്ടിലേക്കു പോയാലോ?' എന്ന ഷിമിയുടെ ചോദ്യത്തോട് ആദ്യമൊന്നും പോസിറ്റീവ് ആയിരുന്നില്ലെങ്കിലും, പിന്നീട് ഒരുമിച്ചു പ്രാർത്ഥിച്ചും ധ്യാനം കൂടിയുമൊക്കെ ആ തീരുമാനത്തിലേക്കു ഞങ്ങൾ എത്തിച്ചേർന്നു. വലിയൊരു റിസ്കാണ് എടുത്തത് എന്നറിയാഞ്ഞല്ല. പലരും ഉപദേശിച്ചു; 'പേരന്റ്സ് കിടപ്പിലാവുമ്പോ പോയാപ്പോരേ?'. വയൽപ്പൂ കൊഴിയുമ്പോലെ മാതാപിതാക്കൾ കൊഴിഞ്ഞുപോയതിനുശേഷം നമ്മളെന്തു ചെയ്തിട്ടെന്താ? നാലു മക്കളുമായി ഞങ്ങൾ രണ്ടുപേരും ജോലിയുപേക്ഷിച്ച് കേരളത്തിലേക്കു മടങ്ങി."



*ചേർപ്പുങ്കൽ മഞ്ഞാക്കൽ വീട്ടിൽ ഷിമിയും റോസ്മിയും മക്കളോടൊപ്പം*

ഏതൊരു നുകവും മധുരമാകുന്നത് നമ്മളതിൽ ചേർക്കുന്ന സ്നേഹത്തിന്റെ അളവുകൊണ്ടാണ് അല്ലേ?

"ഞെരുക്കങ്ങളും സഹനങ്ങളും ഉണ്ടാവുമെന്നറിയാമായിരുന്നു. പക്ഷേ, ബന്ധങ്ങളും കടമകളും മറന്നാൽ നമ്മളെങ്ങനെയാണു മനുഷ്യരാവുക? ആലോചന കർത്താവിനോടു ചോദിച്ചു. ധൈര്യമായിങ്ങു പോന്നു." ഷിമിയുടെ വാക്കുകളിൽ പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയവൻ കൂടെയുണ്ടെന്ന ധൈര്യം. "2018 ൽ നാട്ടിലെത്തി. ചെറിയ ബിസിനസ് ആരംഭിച്ചു. അപ്പോഴാണ് കൊറോണയുടെ വരവ്. ജീവിക്കുകയെന്നാൽ പോരാടുക എന്നാണെന്നു തിരിച്ചറിഞ്ഞ നാളുകൾ. നെഞ്ചിലെ കനലുകളൊക്കെ തിരുഹൃദയത്തിലേക്കു ചേർത്തുവയ്ക്കും. അപ്പോൾ നമ്മുടെ ഹൃദയം ശാന്തമാകും. ബാക്കിയൊക്കെ അവൻ നോക്കട്ടെ." ഷിമി ചിരിക്കുകയാണ്.

"ഷിമി ഉള്ളതാണെന്റെ ധൈര്യം. പ്രാർത്ഥിക്കാനും പരാതി പറയാനും പണിയെടുക്കാനും എല്ലാം എപ്പോഴും കൂടെയുണ്ടാവും. എനിക്ക് എന്തും പറയാവുന്ന ഏറ്റവും നല്ല സുഹൃത്ത്. മിഴി നിറയുമ്പോഴൊക്കെ, 'സാരമില്ലാ' യെന്നു പറഞ്ഞ് ഷിമി ചേർത്തു നിറുത്തിയില്ലായിരുന്നെങ്കിൽ എങ്ങനെ പോറ്റിയേനെ ഞാനീ കുട്ടിപ്പട്ടാളത്തെ? എഡ്രിയ, ബെനിറ്റ, മാരിയോ, എമിലിയ, ലൂസിയ. എല്ലാവരുമൊത്ത് എന്നും കുർബാനയ്ക്കു പോകും. എഡ്രിയ അടുക്കളയിൽ എനിക്കു സഹായമാണ്. ഇളയ കുഞ്ഞുങ്ങളെ നോക്കും. വിശ്വസ്തയാണ്. ബെനിറ്റ വികൃതിക്കുഞ്ഞാണ്. കൂടുതൽ വാചാലയും. ശാന്തനാണ് മാരിയോ. പെട്ടെന്നു വചനം പഠിക്കാൻ മിടുക്കനാണ്. എമിലിയയും ഒരു വയസ്സുകാരി ലൂസിയയും മൂത്തവരുടെകൂടെ ചിരിച്ചും കരഞ്ഞും കൂടിക്കൊള്ളും. ജീവന്റെ കാവൽക്കാരാവുന്നതിൽ അഭിമാനമേയുള്ളൂ എപ്പോഴും. മാതാപിതാക്കൾക്കും കുഞ്ഞുങ്ങൾക്കുംവേണ്ടി നമ്മൾ കൊടുക്കുന്ന വില എല്ലാമറിയുന്നവൻ തിരിച്ചുതരുമെന്നു വിശ്വസിക്കുകയാണ് ഞാനും ഷിമിയും." റോസ്മി പറഞ്ഞുനിർത്തി.

എക്കാലത്തേക്കുമുള്ള അന്നം ഇന്നേ കരുതിവയ്ക്കണമെന്നു ശഠിക്കുന്നവർക്കു മുന്നിൽ ഈ കുടുംബം ഒരു ഭോഷത്തമാകാം. ഗുണമേന്മയുടെ ത്രാസിൽ തൂക്കുമ്പോൾ മെച്ചപ്പെട്ടതിനെ ഉപേക്ഷിച്ച വിഡ്ഢികളെന്നും ലോകം ഇവരെ വിധിയെഴുതാം. പക്ഷേ, എന്താണു ശരിയായ ധനമെന്നു തിരിച്ചറിഞ്ഞവർക്ക് കോട്ടയം ചേർപ്പുങ്കൽ മഞ്ഞാക്കൽ വീട്ടിലെ ഷിമിയും റോസ്മിയും ചെയ്ത ശരികളെ കൈകൂപ്പി ആദരിക്കാൻ മടിയുണ്ടാവില്ല. ■

# കെട്ടുറപ്പുള്ള കുടുംബങ്ങൾ സമൂഹത്തിന് അനിവാര്യം

## മാർ ജോസഫ് കല്ലറങ്ങാട്ട്



*പ്രോലൈഫ് അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന ജീവന്റെ സംരക്ഷണത്തിനായുള്ള കാമ്പെയിനിന്റെ പോസ്റ്റർ എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസഫിനു നല്കി മാർ ജോസഫ് കല്ലറങ്ങാട്ട് പ്രകാശനം ചെയ്യുന്നു.*

കാക്കനാട്: മഹനീയമാതൃത്വവും കെട്ടുറപ്പുള്ള കുടുംബങ്ങളും ഇന്നത്തെ സമൂഹത്തിന് അനിവാര്യമെന്ന് കുടുംബത്തിനും അല്മായർക്കും ജീവനുംവേണ്ടിയുള്ള സീറോ മലബാർ സിനഡൽ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പ്രോലൈഫ് അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ജീവന്റെ സംരക്ഷണത്തിന്റെയും കുടുംബശക്തീകരണ ശുശ്രൂഷകളുടെ ഭാഗമായുള്ള വിവിധ പദ്ധതികളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ജീവന്റെ സംരക്ഷണം സഭയുടെയും സമൂഹത്തിന്റെയും കടമയായി നാം സ്വീകരിക്കണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് ആഹ്വാനം ചെയ്തു.

ജനിക്കാനും ജീവിക്കാനുമുള്ള സ്വാതന്ത്ര്യം, ജീവന്റെ സംരക്ഷണത്തിന്റെ പ്രധാന സന്ദേശമായി സ്വീകരിക്കണമെന്ന് കമ്മീഷൻ മെമ്പർ ബിഷപ് മാർ ജോസ് പുളിക്കൽ അനുഗ്രഹ സന്ദേശത്തിൽ പറഞ്ഞു.

'മാതൃത്വം മഹനീയം, പെൺകുട്ടികൾ വീടിനും നാടിനും അനുഗ്രഹം' എന്ന കാമ്പെയിനിന്റെ പോസ്റ്റർ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രോലൈഫ് എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസിനു നൽകി പ്രകാശനം ചെയ്തു. ഈ സന്ദേശം പ്രത്യേക പ്രചാരണപരിപാടികളിലൂടെ സഭയിലും സമൂഹത്തിലും സജീവമാക്കിക്കൊണ്ട് നന്മനിറഞ്ഞ കുടുംബങ്ങളും സാമൂഹികസഹവർത്തിത്വം നിറഞ്ഞ കൂട്ടായ്മകളും രൂപപ്പെടുത്തുകയാണ് കാമ്പെയിനിന്റെ ലക്ഷ്യം.

കേരളത്തിലെ ഭൂരിപക്ഷം ജില്ലകളിലും പെൺകുഞ്ഞുങ്ങളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ് ജീവന്റെ സംരക്ഷണം, മാതൃത്വം, വൈവാഹികവിശുദ്ധി, കുടുംബജീവിതത്തിന്റെ ധന്യത എന്നിവയെക്കുറിച്ചുള്ള സന്ദേശങ്ങൾ എത്തിക്കുവാൻ ക്യാമ്പയിൻ ലക്ഷ്യമിടുന്നത്.

കമ്മീഷൻ അംഗങ്ങളായ ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, ബിഷപ് മാർ ജോസ് പുളിക്കൽ, കമ്മീഷൻ ജനറൽ സെക്രട്ടറി റവ. ഡോ. ആന്റണി മൂലയിൽ, ഫാമിലി അപ്പോസ്തലേറ്റ് സെക്രട്ടറി ഫാ. ഫിലിപ്പ് വട്ടയത്തിൽ, കുടുംബ കൂട്ടായ്മ ഡയറക്ടർ ഫാ. ലോറൻസ് തൈക്കാട്ടിൽ, സിബിസിഐ കൗൺസിൽ അല്മായ സെക്രട്ടറി ഷെവലിയർ വി.സി. സെബാസ്റ്റ്യൻ, പ്രോലൈഫ് അപ്പോസ്തലേറ്റ് സെക്രട്ടറി സാബു ജോസ്, ലെയ്റ്റി ഫോറം സെക്രട്ടറി ടോണി ചിറ്റിലപ്പിള്ളി, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, മാതൃവേദി പ്രസിഡന്റ് ഡോ. കെ.വി. റീത്താമ്മ, മാതൃവേദി ജനറൽ സെക്രട്ടറി റോസിലി പോൾ തട്ടിൽ, കുടുംബ കൂട്ടായ്മ സെക്രട്ടറി ഡോ. ഡെയ്സൺ പാണങ്ങാടൻ, കത്തോലിക്കാകോൺഗ്രസ് ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## സിനിമ



ആൻസി സാജൻ

# കറ തീർന്ന എന്റർടെയ്നർ




സിനിമാതിയേറ്ററുകളിലേക്കു പ്രവേശനം കിട്ടിയ പ്രേക്ഷകർക്ക് ഉത്സാഹം പകരുന്ന ചിത്രങ്ങളാണു വന്നുകൊണ്ടിരിക്കുന്നത്. കനത്ത കാശുമുടക്കിൽ പ്രതീക്ഷകൾ വാരിവിതറി വന്നെത്തിയ, ബ്രഹ്മാണ്ഡമെന്നു വിശേഷിപ്പിക്കപ്പെട്ട ചിത്രങ്ങൾ വിമർശനങ്ങളേറ്റുവാങ്ങുമ്പോഴാണ് ജാൻ-എ-മൻ എന്ന സിനിമ കാഴ്ചക്കാരുടെ മനംനിറച്ച് ശ്രദ്ധ നേടുന്നത്. ചിദംബരം ആദ്യമായി സംവിധാനം ചെയ്തൊരുക്കിയ ചിത്രം പ്രേക്ഷകക്കാഴ്ചകൊണ്ടു വിജയമായി എന്നുതന്നെ പറയാം. ബാലതാരമായി വന്ന ഗണപതിയുടെ സഹോദരനാണ് ചിദംബരം. ലാൽ, ബേസിൽ ജോസഫ്, അർജുൻ അശോകൻ, ബാലു വർഗീസ്, ഗണപതി എന്നിവരാണ് പ്രധാന കഥാപാത്രങ്ങളാവുന്നത്. ചുരുങ്ങിയ സമയത്തിലെത്തുന്ന ചെറിയ വേഷക്കാർ പോലും ശ്രദ്ധേയരായി എന്ന പ്രത്യേകതയും ഈ ചിത്രത്തിനുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, രണ്ടര മണിക്കൂർ ബോറടിയില്ലാതെ കണ്ടിരിക്കാൻ പറ്റിയ നല്ല ചിത്രം.

ഒരു റോഡിനിരുവശവുമുള്ള രണ്ടു വീടുകളിലെ വ്യത്യസ്തസംഭവങ്ങളും അതിലുള്ള പ്രത്യേകതകളുമാണ് ജാൻ-എ-മൻ പ്രേക്ഷകർക്കു വിളമ്പുന്നത്.

തിരക്കഥാരചനയിൽ സംവിധായകൻ ചിദംബരത്തോടൊപ്പം ഗണപതിയും സപ്നേഷ് വരച്ചലും ചേരുന്നു. രസകരമായ ഒട്ടേറെ സന്ദർഭങ്ങളിൽ പ്രേക്ഷകർക്ക് ആനന്ദം പകരുന്ന ജാൻ എ-മൻ ആ അർത്ഥത്തിൽ തന്നെ മികച്ച എന്റർടെയ്നറാകുന്നു.



അവസരത്തിനൊത്ത തമാശകളും കഥയിൽ അതിന്റെ പകർച്ചകളും നമുക്ക് ആസ്വദിക്കാനാവും. പാലക്കാട്ടെ നാടൻ സംസാരരീതികളുമായെത്തുന്ന കഥാപാത്രവും ബേസിലിന്റെ ജോയ്മോനും പ്രിയപ്പെട്ടതായി.

തമാശകൾക്കിടയിലും കുടുംബബന്ധങ്ങളുടെ ഇഴയകലങ്ങളും അതിന്റെ സംഘർഷങ്ങളും ഉള്ളിലൂറുന്ന സ്നേഹനൊമ്പരങ്ങളും ഒടുവിലൊരു പ്രണയനഷ്ടവുമൊക്കെയായി സാധാരണ പ്രേക്ഷകർക്ക് വിരുന്നൊരുക്കുന്നുണ്ട് ഈ ചിത്രം.

കാനഡയിൽ നഴ്സായി ജോലിയെടുക്കുന്ന ജോയ്മോനിൽനിന്നാണു സിനിമ തുടങ്ങുന്നത്. അന്യനാട്ടിലെ ഒറ്റപ്പെട്ട ജോലിയും ജീവിതവും മടുത്ത ജോയ്മോൻ തന്റെ മുപ്പതാം പിറന്നാൾ നാട്ടിൽവച്ച് ആഘോഷിക്കാനെത്തുന്നതും തുടർന്നുള്ള സംഭവപരമ്പരകളുമാണ് സിനിമയുടെ കഥ. കൈവിട്ട ബന്ധങ്ങളും അടുപ്പങ്ങളും തിരിച്ചുപിടിക്കാൻ പത്താംക്ലാസ് സഹപാഠികളെ ജോയ്മോൻ, പിറന്നാളാഘോഷങ്ങളിലേക്കു ക്ഷണിക്കുന്നു. എന്നാൽ, ആഘോഷങ്ങൾ തുടങ്ങുന്നതിനുമുമ്പായി എതിർവീട്ടിലെ വൃദ്ധൻ പെട്ടെന്നു മരിക്കുന്നു. ഒരു വശത്ത് പിറന്നാളാഘോഷവും മറുവശത്ത് മരണാനന്തരച്ചടങ്ങുകളും... രണ്ടിന്റെയും സങ്കീർണതകളും വൈജാത്യങ്ങളുമാണ് സിനിമയിൽ പടക്കംപൊട്ടലുകളായി ഉയരുന്നതും; സിനിമയിൽ തുടർച്ചയായ രസമുഹൂർത്തങ്ങൾ സൃഷ്ടിക്കുന്നതും.

ബേസിലിന്റെ കഥാപാത്രത്തിന്റെ അന്തംകെട്ട പെരുമാറ്റങ്ങളും അതിനിടയിൽ വന്നുപെടുന്ന മറ്റുള്ളവരുംചേർന്ന് തിയേറ്റർ ചിരിയിൽ മുക്കുന്നു. തീ കൊണ്ട പൂക്കുറ്റി കത്തിപ്പൊങ്ങിച്ചിതറുംപോലെ.

ബാലു വർഗീസ് അവതരിപ്പിച്ച മോനച്ചൻ പ്രത്യേക പരാമർശമർഹിക്കുന്നു. ഈ രംഗങ്ങളിത്രയുമൊരുക്കിയതിൽ സംവിധായകനഭിമാനിക്കാം, പ്രത്യേകിച്ചും ഇത് അദ്ദേഹത്തിന്റെ ആദ്യചിത്രമെന്നിരിക്കേ.

ചിത്രത്തിലെ ലാൽ ഉൾപ്പെടെയുള്ളവരുടെ അഭിനയം സ്വാഭാവികത ഉൾച്ചേർന്ന് ആകർഷകമായി എന്നു പറയാം.

വിഷ്ണു താമരശേരിയാണ് കുറ്റമറ്റ രീതിയിൽ ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത്. കരൺ ദാസിന്റെ എഡിറ്റിങ്ങും ചിത്രത്തിന്റെ വിജയത്തെ കാര്യമായി സഹായിച്ചു. ബിജിബാലാണ് സംഗീതസംവിധായകൻ.

ക്ലീനായ, രസകരമായ ഒരു ചിത്രമൊരുക്കി പ്രേക്ഷകമനസ്സിലേക്കു കുടിയേറാൻ സംവിധായകൻ ചിദംബരത്തിനു കഴിഞ്ഞിട്ടുണ്ട്. ആദ്യചിത്രത്തിനുള്ള ഈ അംഗീകാരം സംവിധായകനെന്ന നിലയിൽ കൂടുതൽ മികച്ച സിനിമകളൊരുക്കാൻ ചിദംബരത്തിനു സഹായമാകും. മലയാളസിനിമയിൽ തന്റെ പേരും വരവുമറിയിക്കാൻ ജാൻ എമൻ അണിയിച്ചൊരുക്കിയ ചിദംബരത്തിനു കഴിഞ്ഞു; ഒപ്പം, ആകുലതകളും മസിലുപിടിത്തങ്ങളുമില്ലാതെ ഒരു എന്റർടെയിനിങ് അനുഭവം മലയാളിപ്രേക്ഷകർക്കും ലഭിച്ചു.

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# ശതാഭിഷേകം

ഷഷ്ടിപൂർത്തി (അറുപതു തികയൽ), സപ്തതി ( എഴുപത്), അശീതി (എൺപത്), നവതി (തൊണ്ണൂറ്) എന്നിവപോലെ ശതാഭിഷേകവും ഇപ്പോൾ ആചരിച്ചുതുടങ്ങിയിട്ടുണ്ട്. ഒരാളുടെ ആയുസ്സ് നൂറിലെത്തുമ്പോൾ ആഘോഷിക്കുന്ന ചടങ്ങല്ല ശതാഭിഷേകം. നവതിക്കുമുമ്പേ അതു നടത്തുന്നു. നൂറു വയസ്സു തികയ്ക്കുന്നവർ ചുരുങ്ങും എന്നതിനാലാവണം ശതാഭിഷേകം നേരത്തേ കൊണ്ടാടുന്നത്. ആയിരം പൂർണ്ണചന്ദ്രന്മാരെ കാണുന്നു എന്നതത്രേ ശതാഭിഷേകത്തിനുള്ള ഇപ്പോഴത്തെ മാനദണ്ഡം. അതുകൊണ്ട് ജനനംമുതൽ ആയിരം തവണ പൂർണചന്ദ്രന്മാരെ കണ്ടവരെ ആദരിക്കുന്ന ചടങ്ങായിത്തീർന്നിരിക്കുന്നു ശതാഭിഷേകം. ശത + അഭിഷേകം = ശതാഭിഷേകം (അ + അ = ആ) എന്നതാണ് സന്ധിയുടെ യുക്തി.

ശതാഭിഷേകകാലത്തെ പലവിധത്തിൽ നിർണയിക്കാം. ബോധായനഗൃഹ്യസൂത്രം ഇങ്ങനെ കണക്കാക്കുന്നു: "ഒരു ചാന്ദ്രമാസം = 29.53050 ദിനങ്ങൾ. ആയിരം ചാന്ദ്രമാസം = 80 വർഷം, 11 മാസം, ആറര ദിവസം. ഇത് ഒരു രീതി. മറ്റൊന്ന്, 30 ദിവസം ഒരു മാസം എന്നു കണക്കാക്കിയാൽ 82 വർഷവും ഒരു മാസവും 21 ദിവസവും പൂർത്തിയാകുമ്പോൾ ശതാഭിഷേകം ആഘോഷിക്കണം. ഇങ്ങനെ രണ്ടു തരത്തിലും ശതാഭിഷേകത്തിനുള്ള ദിവസം കുറിക്കാം."* നിത്യയോഗവർഷക്കണക്കിൽ, 83 വർഷം, ആറുമാസം, 18 ദിവസം കഴിയുമ്പോൾ 100 നിത്യയോഗവർഷം കഴിയും. ഇതു കഴിഞ്ഞുള്ള പിറന്നാളിൽ (84-ാം വയസ്സിൽ) ശതാഭിഷേകം നടത്താമെന്നും നിരീക്ഷിക്കുന്നുണ്ട്. **

ഇങ്ങനെയൊക്കെയുള്ള ഗണിതവിധികൾ കണക്കിലെടുക്കാതെ, 80-ാം ജന്മദിനത്തിൽ ചിലർ ശതാഭിഷേകം കൊണ്ടാടാറുണ്ട്. ജന്മദിനത്തെ ആഘോഷമാക്കുന്നതിൽ തരക്കേടൊന്നുമില്ല. എന്നാൽ അത് പിറന്നാൾ ആഘോഷമേ ആകൂ; ശതാഭിഷേകമാവുകയില്ല. ശതാഭിഷേകമാകണമെങ്കിൽ മേല്പറഞ്ഞ കണക്കുകൾ ഒക്കണം.

ശതാഭിഷേകത്തിന് വേദസൂക്തം ചൊല്ലുന്ന എന്നൊരു പതിവുണ്ട്. "ശതം ജീവ ശരദോ വർദ്ധമനശ്ശതം ഹേമന്താൻ ശതമുവസന്താൻ." ജീവകല വർദ്ധിച്ച് മറ്റെല്ലാ ഐശ്വര്യങ്ങളോടും കൂടി ശരത്, ഹേമന്തം, വസന്തം മുതലായ ഋതുക്കളുടെ സമൃദ്ധിയും സൗകുമാര്യവും എല്ലാം അനുഭവിച്ച് 100 വയസ്സു പൂർത്തിയാകുന്നതുവരെ ജീവിച്ചിരിക്കട്ടെ എന്നുള്ള ആശംസയാണത്. ഈ ദിവസം ദാനധർമ്മങ്ങൾക്കും സവിശേഷപ്രാധാന്യമുള്ളതായിക്കരുതുന്നു. 'നൂറു വയസ്സു പൂർത്തിയാകുന്നിടംവരെ' എന്നിടത്ത് ശതാഭിഷേകത്തിന്റെ പൊരുൾ ഒളിഞ്ഞിരിക്കുന്നു.

** പൗലോസ്, കെ.ജി. ഡോ., ലഘുസംസ്കൃതം, ദ്രോണാചാര്യ പബ്ലിക്കേഷൻസ്, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2006, പുറം - 63*


*** ബാലകൃഷ്ണവാര്യർ, കെ., അനുഷ്ഠാനവിജ്ഞാനകോശം, മിസ്റ്റിക് ബുക്സ്, മാവേലിക്കര, 2002, പുറം - 594,595*

---

## വായന

### ബഹു. തെക്കേക്കണ്ടത്തിൽ അന്ത്രയോസു മല്പാനച്ചൻ

ഗ്രന്ഥകർത്താ : ഫാ. ആൻഡ്രൂസ് തെക്കേക്കണ്ടം
പ്രസാധനം : എ.എസ്.എൽ. പബ്ലിക്കേഷൻസ്, കരുവഞ്ചാൽ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 250 രൂപ



സീറോ മലബാർ സഭയിലെ ഒരു അദ്ഭുതമാണ് അന്ത്രയോസു മല്പാനച്ചൻ. സഭയ്ക്കും സമുദായത്തിനുംവേണ്ടി ജീവിതം പൂർണമായും സമർപ്പിച്ച മല്പാനച്ചന്റെ ആത്മീയചിന്തകൾ പരിചയപ്പെടുത്തുന്ന ഗ്രന്ഥം. ഈ വിശിഷ്ടഗ്രന്ഥം നസ്രാണികൾക്ക് ഒരു അമൂല്യനിധിയാണ്.

### ക്രൈസ്തവവേദചരിതം

ഗ്രന്ഥകർത്താ : റ്റി.ഒ. ജോസഫ്
പ്രസാധനം : ഡോൺബുക്സ്, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 100 രൂപ




ഒരു കവിയെന്ന നിലയിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനത്തിന് അർഹനാണ് ശ്രീ. കൊച്ചുകുഞ്ഞു റൈട്ടർ. എന്തൊക്കെയോ കാരണങ്ങളാൽ അഗണ്യകോടിയിലമർന്ന് ഇന്നും വിസ്മൃതിയിലാണ്ടു കിടക്കുന്നതും പാഠപുസ്തകങ്ങളിൽ ചേർക്കാൻ ഭാഗധേയമില്ലാതെ പോയതുമായ മഹാകാവ്യത്തെയും അതിന്റെ രചയിതാവിനെയുംകുറിച്ചുള്ള അന്വേഷണമാണിതിൽ.

Deepanalam Weekly

RNI No : 16998/68
Vol. 54 No. 39 Date of Publication 30 December 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org